ഫെബ്രുവരി 2019

Price ₹ 25

# ജീവനും വെളിച്ചവും

## സാമ്പത്തിക സംവരണ തീരുമാനം
## ഭരണഘടനാകല്പിത സാമൂഹ്യനീതിയുടെ
## വർത്തമാനകാല അസന്തുലിതാവസ്ഥയെ
## വർധിതവീര്യത്തോടെ
## പരിപോഷിപ്പിക്കും




സെന്റ് തോമസ് ദൈവാലയം
വേളി, തിരുവനന്തപുരം
അത്ഭുതപ്രവർത്തകനായ
വിശുദ്ധ അന്തോനീസിന്റെ
തിരുനാൾ മഹോത്സവം
തിരുനാൾ ദിനം 2019 ഫെബ്രുവരി 17 ഞായർ
2019 ഫെബ്രുവരി 10 ന് കൊടിയേറി
ഫെബ്രുവരി 19 ന് കൊടിയിറങ്ങുന്നു

## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2019 ഫെബ്രുവരി
പുസ്തകം - 43 ലക്കം - 2
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ





# സംവരണം സാമൂഹ്യനീതി ഉറപ്പുവരുത്താനുള്ള ആയുധം

നൂറ്റാണ്ടുകളായി നീതിനിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഭരണഘടനാശില്പിയായ ഡോ. ബി.ആർ.അംബേദ്കർ ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങളിൽ സംവരണം ഉൾച്ചേർത്തത്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും പാർശ്വവൽക്കരിക്കപ്പെട്ട ദളിത്, ആദിവാസി, ഇതര പിന്നാക്ക വിഭാഗങ്ങൾക്ക് ഭരണ തീരുമാനമെടുക്കൽ പ്രക്രിയകളിലും, വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലും അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. ഭരണഘടന നിലവിൽ വന്നപ്പോൾ തന്നെ ദളിത്, ആദിവാസി ജനവിഭാഗങ്ങൾക്കായി 22 ശതമാനം സംവരണം ഏർപ്പെടുത്തി. 1955 ൽ ജവഹർലാൽ നെഹ്റുവും 1979 ൽ മൊറാർജി ദേശായിയും പ്രധാനമന്ത്രിമാരായിരിക്കെ ഇതര പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ സ്ഥിതി പഠിക്കുന്നതിന് യഥാക്രമം കാക്കാ കലേക്കർ, ബി.പി.മണ്ഡൽ എന്നിവരെ അധ്യക്ഷന്മാരായി കമ്മിഷനുകൾ നിയോഗിച്ചു. പ്രസ്തുത കമ്മിഷനുകളുടെ കണ്ടെത്തലുകൾ വെളിപ്പെടുത്താൻ അന്നത്തെ ഭരണാധികാരികൾ സന്നദ്ധരായില്ല. 1989 ൽ വി.പി.സിംഗ് പ്രധാനമന്ത്രിയായിരിക്കേയാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പുറത്തുവിട്ടത്. ഒരു ദുർഭൂതത്തെ അഴിച്ചുവിടുന്ന മട്ടിലാണ് ഈ രാജ്യത്തെ സവർണശക്തികൾ റിപ്പോർട്ടിനോട് പ്രതികരിച്ചത്. രാജ്യത്ത് 57 ശതമാനം വരുന്ന ഇതര പിന്നാക്ക വിഭാഗങ്ങൾക്കായി വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ 27 ശതമാനം സംവരണം ഏർപ്പെടുത്തി. എന്നാൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് തീരദേശ ജനങ്ങളുൾപ്പെടെ ഭരണസംവധാനങ്ങളിൽ പ്രാതിനിധ്യം ലഭിക്കുന്നതിന് തീരദേശ മണ്ഡലങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും നാളിതുവരെ അത്തരം നടപടികളുണ്ടായില്ല.

രാജ്യം ഒരു തെരഞ്ഞെടുപ്പിന്റെ വക്കിൽ എത്തിനിൽക്കുമ്പോൾ പാർലമെന്റ് സമ്മേളനത്തിന്റെ അവസാനദിവസം അവതരിപ്പിച്ച സാമ്പത്തിക സംവരണം ഭരണഘടനാഭേദഗതിയിലൂടെ അതിവേഗം പാസാക്കിയത് ഭരണ പ്രതിപക്ഷങ്ങളുടെ നിഗൂഢ ലക്ഷ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. കൂടാതെ കേരള സർക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് സംവരണതത്വങ്ങളെ അട്ടിമറിച്ചു നടത്തുന്ന നീക്കങ്ങൾ നിയനിർമ്മാണ, നീതിന്യായ, ഭരണനിർവ്വഹണ സംവിധാനങ്ങളെ മൊത്തത്തിൽ വരേണ്യ വർഗ ഇംഗിതങ്ങൾക്ക് തീറെഴുതാനുള്ള ശ്രമമാണ്. സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവരെ ഉയർത്താൻ വേണ്ട പ്രത്യേക പദ്ധതികളാണ് ഭരണകർത്താക്കൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്.

രാജ്യത്ത് ഭരണഘടനാശില്പികൾ തുറന്നുവച്ച സാമൂഹ്യനീതിക്കുള്ള കവാടങ്ങളെ കൊട്ടിയടിച്ച് വർധിച്ചുവരുന്ന അസമത്വത്തിന്റെയും അനീതിയുടെയും വ്യവസ്ഥിതിയെ അരക്കിട്ടുറപ്പിക്കാനേ ഇത്തരം നീക്കങ്ങൾ സഹായിക്കൂ.

- പത്രാധിപർ




## നവോത്ഥാന നവചിന്ത വേണ്ടത് ക്രൈസ്തവർക്ക്

പ്രതികരണത്തിലെ തലക്കെട്ടുകണ്ട് അമ്പരക്കരുത്. കേരള ക്രൈസ്തവർക്കിടയിൽ ഇന്നും ജാതീയമായ അയിത്തം പ്രബലമാണ്. ലത്തീൻ കത്തോലിക്കരെ താഴ്ന്ന ജാതിക്കാരായി സുറിയാനി ക്രിസ്ത്യാനികൾ കാണുന്നു. അവരുടെ വൈദികർ പോലും പരസ്യമായും രഹസ്യമായും ലത്തീൻ അയിത്തം മറച്ചുവയ്ക്കുന്നില്ല. ഉന്നത വിദ്യാഭ്യാസവും ജോലിയും നല്ല ഭൗതിക സാഹചര്യങ്ങളുമുള്ള ലത്തീൻ യുവാക്കളെ/യുവതികളെ വിവാഹം കഴിക്കാൻ അതേ സമയം സുറിയാനികൾക്ക് ഒരു മടിയുമില്ലായെന്നതും കൗതുകകരമാണ്.

ക്രിസ്തുവും വിശ്വാസവുമല്ല, ജോലിയും പണവുമാണ് വലതും പരമപ്രധാനവുമെന്ന് കരുതുന്നവർക്കിടയിലല്ലേ നവോത്ഥാനം വേണ്ടത്?

– ജെബിഎം
തിരുവനന്തപുരം

## കേരള നവോത്ഥാനത്തിന് കാരണക്കാർ ക്രൈസ്തവ മിഷണറിമാർ തന്നെ

ജനുവരി ലക്കത്തിൽ ഇഗ്നേഷ്യസ് തോമസിന്റെ ലേഖനവും അഗസ്റ്റിൻ കണിപ്പള്ളിയുടെ വർത്തമാനവും ഒന്നിനൊന്ന് മെച്ചമായി. കേരളത്തിന്റെ തെക്ക് വടക്ക് മനുഷ്യചങ്ങലയും മനുഷ്യമതിലും തീർത്ത് കള്ളവും ചതിയും എള്ളോളമില്ലാത്ത ദൈവത്തിന്റെ സ്വന്തം നാട്ടിൽ വനിതാ മതിൽ കൂടി തീർത്ത് നവോത്ഥാന സന്തോഷത്തിൽ ആറാടുകയാണ് കേരള സർക്കാർ. കേരളത്തിന്റെ നവോത്ഥാനക്കുതിപ്പിന് അടിത്തറയിട്ടതും ചുക്കാൻ പിടിച്ചതും യഥാർത്ഥത്തിൽ ക്രൈസ്തവ മിഷണറിമാരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളാണ്. കേരളത്തിന്റെ ഇന്നത്തെ വളർച്ചയുടെ ഗരിമയ്ക്കും സാംസ്കാരിക പുരോഗതിക്കും സാക്ഷരതയ്ക്കും വഴിയൊരുക്കുകയും ഇവിടത്തെ എണ്ണമറ്റ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും സാമൂഹ്യ തിന്മകൾക്കും അറുതി വരുത്തിയതും ക്രൈസ്തവ മിഷണറിമാരുടെ കഠിനപ്രയത്നങ്ങളാണെന്നത് ചരിത്രകാരന്മാർ സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുന്നു, തമസ്കരിച്ചിരിക്കുന്നു.

തോന്നുന്നതുപോലെ വ്യാഖ്യാനിക്കാനുള്ളതല്ല ചരിത്രവും ചരിത്രരചനയും. അത് നിഷ്പക്ഷവും സത്യസന്ധവും വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും അതേപടി വിലയിരുത്തി വേണം നിർവഹിക്കുവാൻ. പാർട്ടി ഗ്രാമങ്ങൾ ഉണ്ടാക്കിയും പരസ്പരം ആക്രമിച്ചും നിഷ്ഠൂരമായി കൊന്നൊടുക്കിയും പോർവിളി മുഴക്കിയും വീടിന് ബോംബെറിഞ്ഞും പൊതുമുതൽ നശിപ്പിച്ചും സാധാരണക്കാരെ ദുരിതത്തിലാഴ്ത്തിയുമുള്ള സമത്വസുന്ദരമധുരതരവും വൈരുദ്ധ്യാത്മകവുമായ ഈ പോക്ക് നവോത്ഥാനത്തിലേക്കാണോ? നവ നാശത്തിലേക്കോ?

– ജെറാൾഡ് ബി.മിരാൻഡ
തോന്നയ്ക്കൽ

## നിവേദനം നൽകി കാത്തിരുന്നാൽ തീരദേശം വികസിക്കുമോ?

തീരദേശ വികസനവും നവകേരള നിർമ്മിതിയും എന്ന യൂജിൻ അച്ചന്റെയും എം.എ.ഫ്രാൻസിസിന്റെയും സമാന സ്വഭാവമുള്ള ലേഖനങ്ങൾ വായിച്ചു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് സർക്കാർ എന്തെങ്കിലുമൊക്കെ സഹായങ്ങൾ ചെയ്തേക്കാം. എന്നാൽ അതിന്റെ പേരിൽ ലത്തീൻ സഭയോ സമുദായമോ സ്വപ്നം കാണുന്നതരത്തിലുള്ള തീരദേശ വികസനം സാധ്യമാകുമെന്നു തോന്നുന്നില്ല. തീരപ്രദേശങ്ങളിൽ ഏറ്റവും അത്യാവശ്യമായ കുടിവെള്ളം, പാർപ്പിടം, ശുചിത്വം ഈ കാര്യങ്ങളിൽ പോലും ജനാധിപത്യ ഗവണ്മെന്റുകൾക്ക് ഇതുവരെ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞില്ലെന്ന വസ്തുത നാം മറക്കരുത്. തീരദേശ ജനതയും ഇടവകകളും രൂപതകളും വിചാരിച്ചാലേ തീരദേശ വികസനമെന്ന സ്വപ്നം യാഥാർത്ഥ്യമാകൂ. അതിന് ആദ്യം വേണ്ടത് തീരപ്രദേശത്തിന് മാത്രമായി ഒരു സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ്. ആ മാസ്റ്റർ പ്ലാൻ നന്നായി പഠിച്ച് പോരായ്മകൾ ഉണ്ടെങ്കിൽ നീക്കി ആ പദ്ധതി സർക്കാരിന്റെ കൂടി സഹായത്തോടെ നടപ്പാക്കുക. പത്തുവർഷത്തിനുള്ളിൽ തീരദേശ വികസനം സാധ്യമാകും. അതിനുള്ള ശേഷിയും കരുത്തും ലത്തീൻ സഭയ്ക്കുണ്ട്. മാസ്റ്റർപ്ലാൻ പ്രാർത്ഥനാപൂർവ്വം സമാരംഭിക്കുക.

അല്ലാതെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നിവേദനം നൽകി വിലാപകാവ്യങ്ങൾ രചിച്ചിട്ട് ഒരു ഫലവുമില്ല.

– ജാളി ചെമ്പകമംഗലം



# താളുകളിൽ








6 പുരോഹിതർ കറുത്തലോകത്തിലെ വെള്ളപ്പുള്ളികൾ
ഫാ. ഇമ്മാനുവേൽ

8 സാമ്പത്തിക സംവരണം: ചാതുർവർണ്യത്തിലേക്ക്
ഡോ. എ.നീലലോഹിതദാസ്

11 പാപത്തിന്റെ വില
ലൈല പൂലരി

12 കെഎഎസും സംവരണവും
അഡ്വ. എം.എ.ഫ്രാൻസിസ്

15 പരീക്ഷ സരളം, സഫലം
ജോയി ജോൺ

19 അജപാലനം
ഫാ. ലോറൻസ് കുലാസ്

20 മാർപാപ്പയുടെ മാധ്യമവിചാരങ്ങൾ
ഇഗ്നേഷ്യസ് തോമസ്

22 തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

26 വാർത്തകൾ

31 കാനൻ ലോ
ഫാ. ജോസ് ജി

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതുവൽ

42 നേർക്കാഴ്ച




# പുരോഹിതർ: കറുത്ത ലോകത്തിലെ വെള്ളപ്പുള്ളികൾ

ഫാ. ഇമ്മാനുവേൽ

വെളുത്ത കടലാസിലെ കറുത്ത പുള്ളികളെക്കുറിച്ചല്ല; കറുത്ത കടലാസിലെ വെള്ളപുള്ളികളെക്കുറിച്ചാണ് പാടുന്നത്. നീലാകാശത്തിലെ കരിമേഘങ്ങളെക്കുറിച്ചല്ല; കാർമേഘങ്ങൾ പൊഴിക്കുന്ന മഴത്തുള്ളികളെക്കുറിച്ചാണ് ഈണമിടുന്നത്. പറഞ്ഞുവരുന്നത് ദൈവത്തിന്റെ അഭിഷിക്തരെക്കുറിച്ചാണ്.

വിശുദ്ധ വിയാനി പറയുന്നു, "ഒരു മനുഷ്യ ജീവിക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യത്തിന്റെയും ദാനത്തിന്റെയും ആഴമളക്കാൻ കഴിയാത്തതുപോലെ, അളക്കാൻ കഴിയാത്ത ഒന്നാണ് പൗരോഹിത്യം." ജറെ. 3:15 ലെ പ്രവാചക വചനം: "എനിക്ക് ഇഷ്ടമുള്ള ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും. അവർ ജ്ഞാനത്തോടും വിവേകത്തോടുംകൂടെ നിങ്ങളെ പാലിക്കും." സങ്കീർത്തനം 20:6 "കർത്താവ് തന്റെ അഭിഷിക്തനെ സഹായിക്കുമെന്ന് ഞാൻ ഇപ്പോൾ അറിയുന്നു; അവിടുന്ന് തന്റെ വിശുദ്ധ സ്വർഗത്തിൽ നിന്ന് അവന് ഉത്തരമരുളും." സങ്കീർത്തനം 110:5" മെൽക്കിസെദെക്കിന്റെ ക്രമമനുസരിച്ച് നീ എന്നേക്കും പുരോഹിതനാകുന്നു, അതിന് മാറ്റമുണ്ടാവുകയില്ല. കർത്താവ്

**അറവിനായി ആനയിക്കപ്പെടുന്ന കുഞ്ഞാടിനെപ്പോലെയാണ്**
**യാഗപീഠത്തിന് മുൻപിൽ വൈദികൻ.**
**ബലിയാഘോഷത്തിൽ അറുക്കപ്പെടുന്ന ബലിയാടാണവൻ.**
**ഇരുട്ടും പ്രകാശവും തമ്മിലുള്ള യുദ്ധം നടക്കുമ്പോൾ....**
**ആകാശത്തിലെ നക്ഷത്രങ്ങൾ ചിന്നിച്ചിതറുമ്പോൾ...**
**പലപ്പോഴും ഒരു നീർക്കുരുവിയെപ്പോലെ പാടുന്നുണ്ട്**
**ഓരോ പുരോഹിതനും. ഗാനം സൂക്ഷിച്ചുവച്ച**
**ഓടക്കുഴൽ പോലെ ഒരു ധന്യജീവിതം.**

നിന്റെ വലത്തുവശത്തുണ്ട്." എല്ലാ മണിക്കൂറിലും ബലിയാകുന്ന ഒരു ജീവിതമാണ് പുരോഹിതന്റേത്. വിശുദ്ധിയുടെ ബലിപീഠങ്ങളിൽ ബലിയാക്കപ്പെടുന്ന ജീവിതമാണ് പുരോഹിതന്റേത്. കുറവുകളുണ്ടെങ്കിലും ഓരോ പെസഹാവ്യാഴത്തിലും കച്ച അരയിൽ മുറുക്കിചുറ്റി താലത്തിൽ വെള്ളമെടുത്ത് വിണ്ടുകീറിയ പാദങ്ങൾ ചുംബിക്കുന്നവൻ എന്നിട്ടും വഞ്ചനയുടെ ചുംബനംകൊണ്ട് ഞാനെത്രയോ തവണ ഒറ്റപ്പെടുത്തുന്നുണ്ട് അയാളെ....

പറക്കാൻ തുടങ്ങുമ്പോൾ പറവയ്ക്ക് ആകാശമാണ് വെല്ലുവിളി. അറവിനായി ആനയിക്കപ്പെടുന്ന കുഞ്ഞാടിനെപ്പോലെയാണ് യാഗപീഠത്തിന് മുൻപിൽ വൈദികൻ. - ബലിയാഘോഷത്തിൽ അറുക്കപ്പെടുന്ന ബലിയാടാണവൻ. ഇരുട്ടും പ്രകാശവും തമ്മിലുള്ള യുദ്ധം നടക്കുമ്പോൾ.... ആകാശത്തിലെ നക്ഷത്രങ്ങൾ ചിന്നിച്ചിതറുമ്പോൾ... പലപ്പോഴും ഒരു നീർക്കുരുവിയെപ്പോലെ പാടുന്നുണ്ട് ഓരോ പുരോഹിതനും. ഗാനം സൂക്ഷിച്ചുവച്ച ഓടക്കുഴൽ പോലെ ഒരു ധന്യജീവിതം. പുരോഹിതന്റെ കവിളിലൂടെ ഊർന്നിറങ്ങുന്ന കണ്ണീർത്തുള്ളിയിൽ വിടർന്നു വിശാലമായൊരു ലോകം പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടാണ് അയാൾ ഇങ്ങനെ പ്രാർത്ഥിക്കുന്നത്.

"പൂവിന്റെ മുന്നിലെത്തുമ്പോൾ
ഞാനൊരു വണ്ടാകരുതേ
വണ്ടിന്റെ മുന്നിലെത്തുമ്പോൾ
ഞാനൊരു പൂവായ് വിടരണമേ" യെന്ന്.

ഈ ചിന്ത ഈ ധന്യവേളകളിൽ അഭിവന്ദ്യപിതാവിനെക്കുറിച്ച് രണ്ടുവാക്ക് കുറിക്കുവാൻ തോന്നുന്നുണ്ട്. പൗരോഹിത്യത്തിന്റെ അമ്പതാം ആണ്ടിൽ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്ന സൂസപാക്യം പിതാവ് 11.03.1946 ൽ മരിയ കലിസ്റ്റസിന്റെയും ട്രീസാമ്മയുടെയും മകനായി ജനിച്ചു. 19.03.1946 ൽ സ്നാനം സ്വീകരിച്ചു. പ്രാഥമിക വിദ്യാഭ്യാസം മാർത്താണ്ഡൻതുറ സെന്റ് അലോഷ്യസ് സ്കൂളിൽ പൂർത്തിയാക്കുകയും ഹൈസ്കൂൾ പഠനം തിരുവനന്തപുരം സെന്റ് ജോസഫിലും പൂർത്തിയാക്കി. 1958 മുതൽ 1963 വരെ സെന്റ് വിൻസെന്റ് സെമിനാരിയിലും 1963 മുതൽ 1969 വരെ ആലുവ കാർമൽഗിരി പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രവും ആലുവ മംഗലപ്പുഴ സെമിനാരിയിൽ ദൈവശാസ്ത്രവും പൂർത്തിയാക്കി. 20.12.1969 ൽ പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ വച്ച് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു.

പൊട്ടിപ്പിടയ്ക്കുന്ന മണ്ണിൽ ഉയിർകൊള്ളാനും ഉച്ചാരണം പോലുമില്ലാത്ത മനുഷ്യർക്ക് ഒച്ചയാകാനും... കറുപ്പും വെളുപ്പും മാത്രമുള്ള ചരിത്രത്തിന്റെ നെഗറ്റീവായ ലോകത്തിൽ ഹരിതം ചേർക്കാനും... ദൈവത്താൽ വിളിക്കപ്പെട്ട വൈദികനാണ് ഈ ഇടയൻ. സ്വർണം താനൊരു പ്രതിഭയാണെന്നഹങ്കരിക്കുന്നില്ല... വജ്രം അതിന്റെ കാഠിന്യം മറ്റൊരാളിനും അടിച്ചേല്പിക്കുന്നില്ല. കരിയുടെ നിറത്തെ വെള്ളി പരിഹസിക്കാറുമില്ല.... പ്രാണവായു താനാണ് ജീവൻ നിലനിർത്തുന്നതെന്ന് കൊട്ടിഘോഷിക്കുന്നില്ല.... ഒരിക്കൽപ്പോലും ഈ ഇടയനിൽ നിന്ന് അഹങ്കാരത്തിന്റെയോ അഹത്തിന്റെയോ ഒരുവാക്കുപോലും കേട്ടിട്ടില്ല... പകരം, മൗനം പാലിക്കേണ്ടിടത്ത് മൗനവും, ശബ്ദമാകേണ്ടിടത്ത് ശബ്ദവുമായി!

ഒരു സഹപാഠി പറഞ്ഞതോർക്കുന്നു: "ഓരോ മുള്ളിനുമപ്പുറമുള്ള പൂക്കളെ കാണാനും... കൂരമ്പുകൾ വന്ന് ചോരയിറ്റിക്കുമ്പോൾ ഒരു ചിരിപ്പൂവാകാനും... കറുത്ത രാത്രികൾ കാലുതെറ്റിക്കുമ്പോൾ ഒരു പൂനിലാവെട്ടമാകാനും.. സഹനത്തിന്റെ ഇടവപ്പാതിയിൽ മഴനനയാതെ താങ്ങാനും.... നിങ്ങളുടെ പിതാവിന് സാധിക്കുന്നുണ്ട്." ഉതിർന്നുവീഴുന്ന കണ്ണീർ തുള്ളികളെ പൂവായി മാറ്റാൻ പഠിപ്പിച്ചു.. തീരത്തേയ്ക്കടുക്കുന്ന തിരമാലകളെ കൈക്കുടന്നയിൽ നിറയ്ക്കാൻ അഭ്യസിപ്പിച്ചു... കലപില കൂട്ടിയ കാറ്റിന്റെ മർമ്മരങ്ങളെ കാതോടു ചേർത്തുനിർത്തി.... നോവിന്റെ ജ്വാലകൾ ചങ്കിലൊളുപ്പിച്ച് പൊൻതാരമായി ചിരിതൂകി നിന്ന് ഈ ഇടയൻ... പൗരോഹിത്യത്തിന്റെ അമ്പതാണ്ടുകൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാശംസകൾ!

തെക്കുപടിഞ്ഞാറുനിന്ന് വീശുന്ന കാറ്റിന്റെ ചുണ്ടിൽ ഒളിപ്പിച്ച അക്ഷരങ്ങൾ വായിക്കുകയായിരുന്നു... അതിങ്ങനെ,

"തൂവെളിച്ചമേ
ജീവിത താഴ്‌വരയിൽ
കാലം കൊളുത്തിയ പന്തമേ
ഉജ്ജ്വലിക്കൂ
ഞങ്ങൾ തൻ മജ്ജയിൽ
പുതുജീവൻ പകരുക..."

ഡോ. എ. നീലലോഹിതദാസ്

**മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം നൽകുന്നതിനുവേണ്ടി നരേന്ദ്രമോദി സർക്കാർ കൊണ്ടുവന്നതും പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയതുമായ ഭരണഘടനാ ഭേദഗതി ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ബിജെപി സർക്കാരും അതിനെ നിയന്ത്രിക്കുന്ന സംഘപരിവാർ ശക്തികളും ജനങ്ങളെ കബളിപ്പിക്കാൻ ബോധപൂർവ്വം ആസൂത്രണം ചെയ്ത ഒരു തട്ടിപ്പാണ്.**

# സാമ്പത്തിക സംവരണം

# ചാതുർവർണ്യ ജാതി വ്യവസ്ഥയിലേക്കുള്ള മടങ്ങിപ്പോക്ക്


കഴിഞ്ഞ കുറേ നാളുകളായി, വർഗീയ ഫാസിസത്തിലേക്ക് ഇന്ത്യാ മഹാരാജ്യത്തെ നയിക്കാൻ ശ്രമിക്കുന്ന നരേന്ദ്രമോദിക്കും ബിജെപിക്കും സംഘപരിവാറിനുമെതിരെ, ഒരുമിച്ചണിനിരന്ന് വിശാലസഖ്യം കെട്ടിപ്പടുക്കണമെന്ന അഭിനിവേശം മിക്കവാറും എല്ലാ ബിജെപി ഇതര രാഷ്ട്രീയ കക്ഷികളിലും നേതാക്കന്മാരിലും പ്രകടമായി ഉയർന്നുവരുകയായിരുന്നു. എന്നാൽ, ഇക്കഴിഞ്ഞ ജനുവരി 8 മുതൽ നാം കണ്ടുകൊണ്ടിരിക്കുന്നത്, ആ രാഷ്ട്രീയ കക്ഷികളും നേതാക്കളുമൊക്കെതന്നെ ഏറെക്കുറെ ബിജെപിയും നരേന്ദ്രമോദിയും ഒരുക്കിയ ചതിക്കുഴിയിൽ വല്ലാതെ വീണുകഴിഞ്ഞിരിക്കുന്നതായിട്ടാണ്.

പട്ടികജാതി-വർഗങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതികമായും സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രവിശ്യാ സർക്കാരുകളോ, യൂണിയൻ സർക്കാരോ അതിനുവേണ്ടി നിയോഗിക്കുന്ന കമ്മീഷനുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിലും സംവരണം നൽകണമെന്ന് ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥയുണ്ട്. ഭരണഘടനാ നിർമ്മാണ സമിതിയിൽ ഇതിനെക്കുറിച്ച് ചർച്ച നടന്നപ്പോൾ, വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നാക്കവസ്ഥയോടൊപ്പം സാമ്പത്തികമായ പിന്നാക്കാവസ്ഥകൂടെ ഉൾപ്പെടുത്തണമെന്ന ആവശ്യം ചിലർ ഉന്നയിച്ചിരുന്നു. എന്നാൽ, ആ ആവശ്യം ചർച്ചയ്ക്കുശേഷം തള്ളിക്കളയുകയാണുണ്ടായത്. എങ്കിലും ഇന്ത്യൻ ഭരണഘടന നിലവിൽവന്ന ശേഷം ഇക്കഴിഞ്ഞ 69 വർഷക്കാലമായി ഈ ആവശ്യം പലരും പലരൂപത്തിലും ഭാവത്തിലും ഒളിഞ്ഞും തെളിഞ്ഞും ഉന്നയിച്ചുവരുകയായിരുന്നു. എന്നാൽ, 1992 നവംബർ മാസം 16-ാം തീയതി മണ്ഡൽ കേസിൽ സുപ്രീംകോടതിയുടെ ഒമ്പതംഗ ഭരണഘടനാ ബെഞ്ച് സാമ്പത്തിക സംവരണവാദത്തെ തള്ളിക്കളഞ്ഞു. മാത്രവുമല്ല, ഇന്ത്യൻ ഭരണഘടനയിൽ വിവക്ഷിച്ചിട്ടുള്ള സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ജാതീയമായ കാരണങ്ങളാലാണുണ്ടായിട്ടുള്ളതെന്നും അതുകൊണ്ടുതന്നെ ജാതീയമായ പിന്നോക്കാവസ്ഥ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് സംവരണം ശുപാർശ ചെയ്തിട്ടുള്ള മണ്ഡൽ കമ്മിഷൻ റിപ്പോർട്ടും ആ റിപ്പോർട്ടിലെ ഒന്നാമത്തെ ശുപാർശയനുസരിച്ച് 1990 ആഗസ്റ്റ് 12-ാം തീയതി ഇന്ത്യൻ ജനസംഖ്യയിലെ 52 ശതമാനത്തിലധികം വരുന്ന പിന്നോക്കവിഭാഗങ്ങൾക്ക് കേന്ദ്രഗവണ്മെന്റ് സർവീസിലും കേന്ദ്രഗവണ്മെന്റിന്റെ കീഴിലുള്ള

പൊതുമേഖല-ബാങ്കിംഗ് സ്ഥാപനങ്ങളിലും 27 ശതമാനം സംവരണം നൽകിക്കൊണ്ട് ജനതാദൾ നേതൃത്വം നൽകിയ ദേശീയ മുന്നണി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഭരണഘടനാനുസൃതമാണെന്നും സുപ്രീംകോടതി അസന്നിഗ്ധമായ ഭാഷയിൽ പ്രഖ്യാപിക്കുകയുണ്ടായി.

ഈ പശ്ചാത്തലത്തിൽ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം നൽകുന്നതിനു വേണ്ടി നരേന്ദ്രമോദി സർക്കാർ കൊണ്ടുവന്നതും പാർലമെന്റിന്റെ ഇരുസഭകളും പാസാക്കിയതുമായ ഭരണഘടനാ ഭേദഗതി ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ബിജെപി സർക്കാരും അതിനെ നിയന്ത്രിക്കുന്ന സംഘപരിവാർ ശക്തികളും ജനങ്ങളെ കബളിപ്പിക്കാൻ ബോധപൂർവ്വം ആസൂത്രണം ചെയ്ത ഒരു തട്ടിപ്പാണ്. അതിനെ പിന്തുണയ്ക്കാൻ മുന്നോട്ടു വന്ന എല്ലാ രാഷ്ട്രീയകക്ഷികളും രാഷ്ട്രീയ നേതാക്കളും ഫലത്തിൽ നരേന്ദ്രമോദിയുടെ തട്ടിപ്പിന് വിധേയമായിരിക്കുകയാണ്. മുന്നാക്ക സമുദായത്തിലെ പാവപ്പെട്ടവർക്കുവേണ്ടിയാണ് ഈ പത്തുശതമാനം സംവരണം നൽകാൻ ഉദ്ദേശിക്കുന്നതെന്ന വാദത്തിന് യാതൊരു അടിസ്ഥാനവുമില്ല. ഇക്കഴിഞ്ഞ ജനുവരി 8, 9 തീയതികളിൽ നടന്ന തൊഴിലാളികളുടെ ദേശീയ പണിമുടക്കിൽ ഉന്നയിച്ച ആവശ്യങ്ങളിലൊന്ന് തൊഴിലാളികളുടെ പ്രതിമാസ മിനിമം വേതനം 18000 രൂപയാക്കണമെന്നുള്ളതാണ്. ഈ പശ്ചാത്തലത്തിൽ പ്രതിവർഷം 8 ലക്ഷം രൂപ വരുമാനമോ, 5 ഏക്കർ ഭൂമിയോ ഒരാൾക്ക് ഉണ്ടാകുകയെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം അയാൾ പാവപ്പെട്ടയാളെന്നല്ല; മറിച്ച് മധ്യ ഉപരിവർഗത്തിൽപ്പെട്ടയാളെന്നാണ്. മുന്നോക്ക വിഭാഗങ്ങളിലെ പ്രമാണിമാർക്ക് സംവരണം നൽകാനുള്ള ഒരു ഗൂഢാലോചനയുടെ ഭാഗമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. വാദത്തിനുവേണ്ടി മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് വേണ്ടിയാണ് ഈ പത്തുശതമാനം സംവരണം നൽകുന്നതെന്ന് അംഗീകരിച്ചാൽ തന്നെ പാവപ്പെട്ടവർ മുന്നോക്ക സമുദായങ്ങളിൽ മാത്രമാണോ ഉള്ളതെന്ന ചോദ്യത്തിന് ആർക്കും മറുപടി പറയാൻ കഴിയുകയില്ല. പട്ടികജാതി-പട്ടികവർഗങ്ങൾക്കും പിന്നാക്ക സമുദായങ്ങൾക്കും നിലവിൽ സംവരണമുണ്ടെങ്കിലും, ആ സംവരണത്തിന്റെ പ്രയോജനം പിന്നാക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് കിട്ടിക്കൊള്ളണമെന്നില്ല. അതുകൊണ്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു വേണ്ടി പത്തുശതമാനം സംവരണം നൽകാൻ തീരുമാനിക്കുമ്പോൾ, എല്ലാ ജാതി-മത വിഭാഗങ്ങളിലും പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് അതിന്റെ പ്രയോജനം നൽകുകയെന്നുള്ളത് സാമാന്യനീതിക്ക് നിരക്കുന്ന ഒരു കാര്യമാണ്. അപ്രകാരം നൽകാതിരിക്കുകയെന്നുള്ളത് സാമാന്യനീതിക്ക് ഒട്ടും നിരക്കാത്ത കാര്യമാണ്.

മേൽ സൂചിപ്പിച്ചതിൽ നിന്നുമൊക്കെ ഉപരിയായ ഗൗരവതരമായ മാനങ്ങൾ ഇപ്പോൾ യൂണിയൻ ഗവണ്മെന്റ് കൊണ്ടുവരുകയും പാർലമെന്റിന്റെ ഇരുസഭകളും പാസാക്കുകയും രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്ത മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം നൽകാൻ വേണ്ടിയുള്ള ഭരണഘടനാ ഭേദഗതി നിയമത്തിനുണ്ട്. നമ്മുടെ ഭരണഘടന നിലവിൽ വന്ന ശേഷം നാളിതുവരെ ഈ രീതിയിൽ ഒരു ഭരണഘടനാ ഭേദഗതി നിയമം പാസായിട്ടില്ല. ലോക്സഭയിൽ ഈ നിയമം കൊണ്ടുവരുന്ന ദിവസങ്ങളിലെ പരിഗണനയ്ക്കുവേണ്ടി ആദ്യം സർക്കുലേറ്റ് ചെയ്തിരുന്ന അജണ്ടായിനങ്ങളിൽ ഇതുൾപ്പെടുത്തിയിരുന്നില്ല. പിന്നീട്, അഡീഷണൽ ഇനമായിട്ടാണ് ഇതുകൊണ്ടുവന്നത്. ലോക്സഭയുടെയോ രാജ്യസഭയുടെയോ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ





*മുന്നോക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്ത കേന്ദ്രമന്ത്രിസഭാ യോഗം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ*

നയ്ക്ക് ഇത്രയും ഗൗരവതരമായ ഭരണഘടനാ ഭേദഗതി നിയമം അയയ്ക്കുവാൻ തയ്യാറായിട്ടില്ല. ഗൗരവമേറിയ ഒരു ഗൂഢാലോചന ഇതിന്റെ പിന്നിലുള്ളതുകൊണ്ടാണ് അതിന് തയ്യാറാകാത്തത്. ചാതുർവർണ്യ ജാതിവ്യവസ്ഥയിൽ നിന്നും സാമൂഹികനീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയിലേക്ക് ഇന്ത്യയെ നയിക്കുകയെന്നുള്ളതാണ് മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ നേതൃത്വത്തിൽ രൂപം നൽകിയ ഇന്ത്യൻ ഭരണഘടനയുടെ ലക്ഷ്യം. ആ ലക്ഷ്യത്തിൽ നിന്നും വിപരീത ദിശയിലേക്ക് രാജ്യത്തെ നയിക്കുകയെന്ന ഗൂഢലക്ഷ്യമാണ് ഒരിരിട്ടടിപോലെ ഭരണഘടനാ ഭേദഗതി നിയമം കൊണ്ടുവന്നവരുടെ ലക്ഷ്യം. അതിന് പിന്തുണ നൽകിയവരും അറിഞ്ഞും അറിയാതെയും ആ ലക്ഷ്യത്തിന് കൂട്ടുനിൽക്കുകയാണ് ഫലത്തിൽ ചെയ്തിരിക്കുന്നത്. പഴയ ചാതുർവർണ്യവസ്ഥതിയുടെ ഗുണഭോക്താക്കൾക്ക് മാത്രമായിക്കൊണ്ടുവരപ്പെട്ട ഈ ഭരണഘടനാ ഭേദഗതി നിയമം പഴയ ചാതുർവർണ്യ ജാതിവ്യവസ്ഥയിലേക്ക് ഈ രാജ്യത്തെ നയിക്കാൻ ഫലത്തിൽ ഇടവരുത്തുമെന്ന് സാരം. 1990 ൽ മണ്ഡൽ വിവാദം കത്തിനിന്ന അവസരത്തിൽ, ഗംഗാ-യമുനാ സമതലത്തിൽ സവർണഹിന്ദു സാമ്രാജ്യം സ്ഥാപിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് സംഘപരിവാറിൽപ്പെട്ട സംഘടനയായ ബജറംഗ്ദൾ അസന്നിഗ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചു. ആ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ തുടക്കം കുറിക്കുന്നതാണ് ഈ ഭരണഘടനാ ഭേദഗതി നിയമം. അതുകൊണ്ടുതന്നെ ഈ ഭരണഘടനാ ഭേദഗതി നിയമം പിൻവലിക്കണമെന്ന് ഇന്ത്യയിലെ 80 ശതമാനം വരുന്ന ദളിത്-പിന്നാക്ക വിഭാഗങ്ങളും സാമൂഹികനീതിക്കുവേണ്ടി നിലകൊള്ളുന്ന മറ്റുള്ളവരും ഒരുമിച്ച് ആവശ്യപ്പെടേണ്ടതുണ്ട്.

ഇന്ത്യയെ പഴയ ചാതുർവർണ്യ വ്യവസ്ഥിതിയിലേക്ക് നയിക്കുകയെന്ന ഗൂഢലക്ഷ്യമാണ് ഏറ്റവും അവസാനമായി പാസാക്കപ്പെട്ട ഭരണഘടനാ ഭദേഗതി നിയമത്തിനുള്ളതെങ്കിൽ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗങ്ങളെയും പിന്നോക്ക വിഭാഗങ്ങളെയും ഉയർന്ന ഉദ്യോഗങ്ങളിൽ നിന്നും അയിത്തം കല്പിച്ച് മാറ്റി നിർത്തുകയെന്ന ലക്ഷ്യമാണ് സംസ്ഥാന ഭരണത്തിന്റെ ഇടനാഴികളിൽ നിലയുറപ്പിച്ചിരിക്കുന്ന സംവരണ വിരുദ്ധ ശക്തികൾ തയ്യാറാക്കിയിരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ മൂന്നു സ്ട്രീമുകളിൽ രണ്ടു സ്ട്രീമുകളിലും സംവരണം ഒഴിവാക്കിക്കൊണ്ടുള്ള ചട്ടങ്ങൾക്കുള്ളത്. പഴയ തിരുവിതാംകൂറിലും കൊച്ചിയിലും കേരളത്തിലും ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലായി അലയടിച്ചുയർന്ന നിവർത്തന പ്രക്ഷോഭണമടക്കമുള്ള സാമൂഹിക പരിവർത്തനത്തിനുവേണ്ടിയുള്ള മുന്നേറ്റങ്ങളുടെ ഫലമായിട്ടാണ് പഴയ തിരുവിതാംകൂറിലും തിരു-കൊച്ചിയിലും കേരളത്തിലും സംവരണം ലഭിച്ചിട്ടുള്ളത്. ആ സംവരണം നിലനിർത്തുകയെന്നുള്ളത് നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്ന ആരുടെയും കടമയാണ്. സംസ്ഥാന സർക്കാരിന്റെ നിയമവകുപ്പ് സെക്രട്ടറി കെഎഎസിന്റെ മൂന്നുസ്ട്രീമുകളിലും സംവരണം നൽകണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതും കേരളത്തിലെ പട്ടികജാതി-ഗോത്രവർഗ കമ്മിഷൻ മൂന്ന് സ്ട്രീമുകളിലും സംവരണം നൽകണമെന്ന ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുള്ളതും ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാൻ മറ്റാരേക്കാളും പ്രതിജ്ഞബദ്ധമായി നീങ്ങുന്ന കേരളത്തിലെ മുഖ്യമന്ത്രി കെഎഎസിന്റെ മൂന്ന് സ്ട്രീമുകളിലും സംവരണം നൽകാനുതകുന്ന തരത്തിൽ നിലവിൽ തയ്യാറാക്കിയിരിക്കുന്ന ചട്ടങ്ങൾ പൊളിച്ചെഴുതാൻ ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്. ●

കവിത

ലൈല പുലരി



# പാപത്തിന്റെ വില

ദൈവപുത്രാ
നീ എന്തിന് ചുമക്കുന്നു
ഒരായിരമെൻ പാപക്കറകൾ
മാറാപ്പു ചുറ്റി പിണഞ്ഞിടുന്ന
എൻ ജീവിതം ശോഭനമാക്കുവാനോ

കുരിശിൽ നീ എന്തിന് ചിന്തി നിൻ തിരുരക്തം
എന്നെ പുതു സൃഷ്ടിയാക്കാനോ
അനുതാപമോ പശ്ചാത്താപമോ എന്നിൽ നിറയ്ക്കു
വന്നണയട്ടേ ഞാനും നിൻചാരെ

ഞാനായി നിനക്കുനൽകിയ മരക്കുരിശിൽ
പിടയുന്ന പുളയുന്ന നിൻ മേനി കണ്ടിടുമ്പോൾ
ഒരായിരം മാപ്പിനായി കേഴുന്നു ഞാൻ
തരില്ലേ നിൻ സാന്ത്വന വാഗ്ദാനം

നിൻ മുറിവുകളിൽ എൻ നയനങ്ങൾ പതിയുമ്പോൾ
ഓർക്കുന്നു ഞാൻ എൻ പാപഭാരം
ചുടുചോരയിൽ നിൻമേനി നനയുമ്പോൾ
തകരുന്നു എൻ മനം എൻപാപഭാരങ്ങൾ.

എന്റെ പാപഭാരം നിൻ കുരിശിൽ ചുവട്ടിലിറക്കട്ടേ,
അതോ കുമ്പസാരകൂട്ടിലാണോ? ഇനി ഞാൻ
ഒന്നുകൂടി ഉറങ്ങട്ടെ ശാന്തമായി
തെളിയട്ടേ എൻ മനം ഒരായിരം നന്മയാൽ.



ലേഖനം

അഡ്വ. എം. എ. ഫ്രാൻസിസ്

# കെഎഎസും സംവരണവും

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നടത്താൻ പോകുന്ന എല്ലാ വിഭാഗം നിയമനങ്ങൾക്കും സംവരണം നൽകുവാൻ തീരുമാനിച്ചതായി സർക്കാർ പ്രഖ്യാപിച്ചു. 29.12.2017 ലെ ജി.ഒ.(പി) 12/2017 പിആന്റ് എആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച നിയമനചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ തീരുമാനിച്ചതായാണ് മന്ത്രി ബാലൻ പത്രസമ്മേളനം നടത്തി അറിയിച്ചത്.

കെഎഎസ് നിയമനങ്ങളിലെ രണ്ട് സ്ട്രീമുകളിൽ സംവരണം നിഷേധിച്ച സർക്കാർ തീരുമാനത്തിനെതിരെ കെആർഎൽസിസിയുടെ ആഭിമുഖ്യത്തിൽ 2018 ജനുവരി 16 ന് സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണയുടെയും തുടർ പ്രക്ഷോഭ പരിപാടികളുടെയും സമ്മർദ്ദങ്ങൾ കൂടിയാണ് മുൻ തീരുമാനത്തിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറായത്. കെഎൽസിഎ, കെഎൽസിഡബ്ല്യുഎ, ഡിസിഎംഎസ്, എൽസിവൈഎം എന്നീ സംഘടനകളുടെ സംസ്ഥാന നേതാക്കളും കെആർഎൽസിസിയും നേതൃത്വം നൽകിയ പ്രതിഷേധ ധർണയിൽ ആയിരക്കണക്കിന് ലത്തീൻ സമുദായ അംഗങ്ങളാണ് പങ്കെടുത്തത്. ഇതര പിന്നാക്ക-ദളിത് വിഭാഗങ്ങളും ഇതേ ആവശ്യത്തിനായി നടത്തിയ സമരപരിപാടികളും സർക്കാരിന്റെ കണ്ണ് തുറപ്പിക്കുകയുണ്ടായി.

## എന്തിനാണ് സംവരണം

കാലാകാലങ്ങളായി ഇന്ത്യയിൽ നിലനിന്നിരുന്ന, ജാതിയുടെയും തൊഴിലിന്റെയും വിവേചനങ്ങളിൽ അകറ്റി നിർത്തപ്പെട്ടിരുന്ന ജനവിഭാഗ

ങ്ങളെ സാമൂഹികവും വിദ്യാഭ്യാസപരവുമായി വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ച്, സമത്വം സ്ഥാപിക്കാനായി ഭരണഘടനാശില്പികൾ കണ്ടെത്തിയ മാർഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ദളിത്-പിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന സംവരണ വ്യവസ്ഥിതി. ഇന്ത്യൻ ഭരണഘടന രൂപീകരിച്ച് 69 വർഷങ്ങൾ പിന്നിട്ടിട്ടും ഇന്ത്യയിലെ ഭരണഘടന ശില്പികളുടെ സ്വപ്നസാക്ഷാത്കരണം മരീചികയായി നീളുകയാണ്.

## എന്താണ് കെഎഎസ്

ജനാധിപത്യ ഭരണ സംവിധാനത്തിൽ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട് മന്ത്രിമാരായി ഭരണനേതൃത്വത്തിലെത്തുന്നവർക്ക് നയപരവും ഭരണപരവുമായി തീരുമാനം എടുക്കുന്നതിനും അവ ജനോപകാരപ്രദമായി വേഗത്തിൽ നടപ്പിലാക്കുന്നതിനും സഹായിക്കുന്നത് പരിചയസമ്പന്നരായ സിവിൽ സർവീസ് ഉദ്യോഗസ്ഥരാണ്. ഒരു സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥരാണ് ചീഫ് സെക്രട്ടറിയും വിവിധ വകുപ്പുസെക്രട്ടറിമാരും. ഇവരെല്ലാം തന്നെ ഐഎഎസ് ഉദ്യോഗസ്ഥരായിരിക്കും. കഴിവും കാര്യപ്രാപ്തിയുമുള്ള ഐഎഎസ് ഉദ്യോഗസ്ഥരെ ആവശ്യത്തിന് ലഭിക്കുന്നില്ല എന്നത് സംസ്ഥാന സർക്കാരുകൾ അഭിമുഖീകരിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെയാണ് പ്രാഗത്ഭ്യമുള്ള ഒരു രണ്ടാംനിര ഉദ്യോഗസ്ഥരെ വളർത്തിയെടുക്കുന്നതിനുവേണ്ടി ഐഎഎസ് മാതൃകയിൽ സംസ്ഥാന സിവിൽ സർവീസുകൾക്ക് രൂപംനൽകിയത്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണാടകയിലും തമിഴ്നാട്ടിലും നേരത്തെ തന്നെ ഇത് രൂപീകരിച്ചിട്ടുണ്ട്. ഭരണത്തിന്റെ കാര്യക്ഷമതയും ഗുണനിലവാരവും വർധിപ്പിച്ച്, സർക്കാർ കൈക്കൊള്ളുന്ന തീരുമാനങ്ങൾ എത്രയും വേഗം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായാണ് ഉയർന്ന രണ്ടാംനിര ഉദ്യോഗസ്ഥരുടെ കേഡർ ആയ കെഎഎസ് 2018 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുത്തി സർക്കാർ ഉത്തരവിറക്കിയിട്ടുള്ളത്.

## നിലവിലെ സ്ഥിതി

ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരും ജില്ലാ കളക്ടർമാരും വിവിധ വകുപ്പുതലവന്മാരുമായി പ്രവർത്തിച്ചുവരുന്ന കേരളത്തിലെ ഇപ്പോഴത്തെ അനുവദനീയമായ ഐഎഎസ് തസ്തികകൾ 276 ആണ്. ഇതിൽ മൂന്നിൽരണ്ടുഭാഗം അതായത് 184 തസ്തികകളിലേക്ക് കേന്ദ്രസർക്കാർ നേരിട്ട് നിയമനം നടത്തും. ബാക്കിയുള്ള 92 തസ്തികകളിലേക്ക് സംസ്ഥാന സർക്കാർ ബൈട്രാൻസ്ഫർ മുഖേനയും ബൈ സെലക്ഷൻ മുഖേനയും പ്രമോഷൻ നൽകി നികത്തപ്പെടേണ്ടതാണ്. ഈ 92 തസ്തികകളുടെ 85% അതായത് 78 തസ്തികകൾ റവന്യൂവകുപ്പിലെ ഡെപ്യൂട്ടി കളക്ടർമാർക്ക് ബൈട്രാൻസ്ഫർ മുഖേന പ്രമോഷൻ നൽകുന്നതിനായും ബാക്കി 15% അതായത് 14 തസ്തികകൾ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ യോഗ്യരായ ഉയർന്ന ഉദ്യോഗസ്ഥരെ സെലക്ഷൻ വഴി കണ്ടെത്തി നിയമനം നടത്തുന്നതിനുമായി നീക്കിവച്ചിരിക്കുന്നു.

മറ്റുസംസ്ഥാനങ്ങളിൽ നിന്നും ഐഎഎസ് ലഭിച്ച് കേരള കേഡറിൽ നിയമിതരാകുന്നവർ പലരും അവരുടെ സ്വന്തം സംസ്ഥാനങ്ങളിലേക്കും കേന്ദ്രസർക്കാരിലേക്കും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പോകുന്നതുമൂലം ആവശ്യത്തിന് ഉന്നത ഉദ്യോഗസ്ഥരെ ലഭിക്കാത്ത സഹാചര്യമുണ്ട്. അതുകൊണ്ടാണ് പല സെക്രട്ടറിമാർക്കും രണ്ടും മൂന്നും വകുപ്പുകളുടെ ചുമതലകൾ അധിക ചുമതലകൾ കൂടി നിർവഹിക്കേണ്ടിവരുന്നത്. ഇത് ഫയലുകളുടെ തീർപ്പാക്കലുകളിലും സ്വാഭാവികമായ താമസമുണ്ടാക്കുന്നു. ഈ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സിവിൽ സർവ്വീസ് എന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന് രൂപം നൽകിയത്. ഭാവിയിൽ ഐഎഎസിലേക്ക് കേരള സിവിൽ സർവീസിൽ നിന്നും യോഗ്യരായവരെ കണ്ടെത്തുന്നത് കെഎഎസ് വഴി നിയമിതരായവരിൽ നിന്നുമായിരിക്കും.

## കെഎഎസ് തസ്തികകൾ

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരമുള്ള





സ്പെഷ്യൽ റൂൾസിൽ പറയുന്നത് സിവിൽ സപ്ലൈസ്, കോമേഴ്സിൽ ടാക്സ്, കമ്മീഷണറേറ്റ് ഓഫ് എൻട്രൻസ് എക്സാമിനേഷൻസ്, കോ-ഓപ്പറേഷൻ, കൾച്ചർ, ജനറൽ എഡ്യൂക്കേഷൻ, ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ്, കേരള സ്റ്റേറ്റ് ഓഡിറ്റ്, ലേബർ, ലാന്റ് റവന്യൂ, കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ്, സ്റ്റേറ്റ് ലോട്ടറീസ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസ്, നാഷണൽ സേവിംഗ്സ്, പഞ്ചായത്ത്, രജിസ്ട്രേഷൻ, റൂറൽ ഡെവലപ്മെന്റ്, സൈനിക് വെൽഫെയർ, ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ്, ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ഫൈനാൻസ് സെക്രട്ടേറിയറ്റ്, സോഷ്യൽ ജസ്റ്റിസ്, സ്റ്റേറ്റ് ഇൻഷുറൻസ്, സ്റ്റേഷനറി, സർവേ ആന്റ് ലാൻഡ് റെക്കോർഡ്സ്, ടൂറിസം, ട്രഷറീസ്, അർബൻ അഫയേഴ്സ് എന്നീ 29 വകുപ്പുകളിൽ നിന്നും സെക്കന്റ് ഗസറ്റഡ് മുതൽ മേലോട്ടുള്ള തസ്തികകളും പൊതുവായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ, ഫിനാഷ്യൽ അസിസ്റ്റന്റ് തുടങ്ങിയ മൊത്തം വരുന്ന 1868 തസ്തികകളുടെ 10 ശതമാനം തസ്തികകൾ കഎഎഎസിനായി നിജപ്പെടുത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ തുടക്കമെന്ന നിലക്കാണ് മൂന്ന് സ്ട്രീമുകളിലേക്കായി മൊത്തം 150 തസ്തികകളിൽ കെഎഎസ് നിയമനങ്ങൾ നടത്താൻ സർക്കാർ ആലോചിക്കുന്നത്. ഓരോ സ്ട്രീമിലും 50 വീതം തസ്തികകളിലേക്കായിരിക്കും ഉദ്യോഗാർത്ഥികളെ കണ്ടെത്തുക.

## നിയമന രീതി

സ്പെഷ്യൽ റൂളിൽ പറയുന്നതനുസരിച്ച് മൂന്ന് ധാരകളിലായിട്ടാണ് നിയമനങ്ങൾ നടത്തുക. മൂന്നിലും പിഎസ്സി നടത്തുന്ന എഴുത്തുപരീക്ഷകളുടെയും അഭിമുഖങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും യോഗ്യരായവരുടെ പട്ടിക തയ്യാറാക്കുക. സ്ട്രീം ഒന്നിലേക്ക് നേരിട്ടുള്ള നിയമനമാണ്. 21 വയസ്സിനും 32 വയസ്സിനും ഇടയിൽ പ്രായമുള്ള ബിരുദധാരികൾക്ക് അപേക്ഷിക്കാം. ദളിത്-പിന്നാക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ സംവരണവും വയസ്സിളവും ലഭിക്കുന്നതാണ്. സ്ട്രീം രണ്ടിൽ സർക്കാർ സർവീസിലുള്ള ഗസറ്റഡ് റാങ്കിൽ താഴെയുള്ള ബിരുദധാരികളായ സ്ഥിരം ഉദ്യോഗസ്ഥരിൽ 21 നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഇതിലും അനുവദനീയമായ വയസ്സിളവ് ലഭിക്കും. സ്ട്രീം മൂന്നിൽ 50 വയസ്സിൽ താഴെയുള്ള സർക്കാർ സർവീസിലെ ഗസറ്റഡ് തസ്തികയിൽ ജോലിനോക്കുന്ന ബിരുദധാരികൾക്ക് അപേക്ഷിക്കാം. ഈ വിഭാഗത്തിൽ ആർക്കും വയസ്സിളവ് അനുവദനീയമല്ല. മേൽ മൂന്നുവിഭാഗത്തിലും അർഹമായ സംവരണം ഉറപ്പാക്കിയായിരിക്കും കെഎഎസ് നിയമനങ്ങൾ നടത്തുക എന്നാണ് ഇപ്പോൾ സർക്കാർ അറിയിച്ചിട്ടുള്ളത്.

## ഇപ്പോഴും നിലനിൽക്കുന്ന അവ്യക്തത

ഒരുതവണ സംവരണത്തിലൂടെ സർക്കാർ ജോലി ലഭിച്ചവർക്കും വീണ്ടും കെഎഎസിൽ സംവരണം നൽകാൻ കഴിയുമോ എന്ന കാര്യത്തിൽ നിയമ വകുപ്പും അഡ്വക്കേറ്റ് ജനറലും വ്യത്യസ്തമായ അഭിപ്രായങ്ങളാണ് സർക്കാരിന് നൽകിയിട്ടുള്ളത്. കേരള സർവീസ് ചട്ടങ്ങളിൽ ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് ബാധകമാക്കുന്ന ചട്ടങ്ങൾ കെഎഎസിന് ബാധകമാക്കേണ്ടതില്ല. ഓരോ വകുപ്പിലെയും താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അതേ വകുപ്പിലെ തന്നെ ഉയർന്ന തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതിനായി നീക്കിവയ്ക്കുന്ന നിശ്ചിത ശതമാനം തസ്തികകളിൽ നിയമനം നടത്തുന്നതിന് യോഗ്യരായവരെ കണ്ടെത്തി നിയമനം നടത്തുന്നതാണ് ബൈട്രാൻസ്ഫർ നിയമനങ്ങൾ. എന്നാൽ കെഎഎസിലെ സ്ട്രീം രണ്ട്, മൂന്ന് എന്നിവയിലേക്കുള്ള നിയമനങ്ങൾ പുതിയ റിക്രൂട്ട്മെന്റുകൾ തന്നെയാണ്. അതാതു വകുപ്പുകളിലെ ഉയർന്ന തസ്തികളിലേക്ക് പ്രമോഷൻ നൽകി നടത്തുന്ന നിയമനങ്ങളല്ല. പുതിയ ഒരു സർവീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളാണ്. ആ നിലക്ക് സ്ട്രീം രണ്ടിലും മൂന്നിലും അനുവദനീയമായ സംവരണങ്ങൾ നൽകുന്നതിന് തടസവാദങ്ങൾ ഉണ്ടാകേണ്ടതില്ല.

എന്നാൽ ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ എന്നിവർക്ക് സംവരണം അനുവദിക്കുന്നതിനെ സംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ ഒന്നും തന്നെ പറയുന്നില്ല. ഇക്കാര്യത്തിലും ഒരു വ്യക്തത ഉണ്ടാകേണ്ടതുണ്ട്.

## കെഎഎസിന്റെ ആവശ്യകത

സർക്കാരിന്റെ ജനോപകാരപ്രദമായ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും നയപരമായ തീരുമാനങ്ങൾ പ്രായോഗികതലത്തിൽ എത്തിക്കുന്നതിനും കാര്യക്ഷമമായ ഒരു സിവിൽ സർവീസ് കൂടിയേ തീരൂ. ആ നിലക്ക് കഴിവും കാര്യപ്രാപ്തിയുമുള്ള യുവജനങ്ങൾ സംസ്ഥാന സിവിൽ സർവീസിന്റെ ഉന്നത തസ്തികകളിൽ എത്തിയാൽ ഇപ്പോഴുള്ള കെടുകാര്യസ്ഥത കുറെയൊക്കെ മാറ്റി സംശുദ്ധവും കാര്യക്ഷമവുമായ ഒരു സിവിൽ സർവീസിനെ വാർത്തെടുക്കാനാവും എന്നാണ് ജനങ്ങളുടെ പ്രതീക്ഷ. ●



ലേഖനം

**ജോയ് ജോൺ**
സെന്റ് ജോസഫ്സ് എച്ച്എസ്എസ് അധ്യാപകൻ

# പരീക്ഷ സരളം, സഫലം

വീണ്ടും ഒരു പരീക്ഷാകാലം വരുന്നു. 10, 12 ക്ലാസുകളിലെ കുട്ടികളിൽ പലർക്കും മാനസിക പിരി മുറുക്കം അനുഭവപ്പെടാൻ സാധ്യതയുള്ള ദിവസങ്ങൾ ആണ് മുന്നിലുള്ളത്. പന്ത്രണ്ടാം ക്ലാസിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം സ്കൂൾ വിദ്യാഭ്യാസ കാലഘട്ടം അവസാനിപ്പിച്ച് ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് കാൽവയ്ക്കാനൊരുങ്ങുകയാണ്. തങ്ങളുടെ തുടർപഠനവും തുടർന്നുള്ള തൊഴിൽ മേഖലയും ഏത് രംഗത്തേക്കാണെന്ന് നിശ്ചയിക്കുന്നത് പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഫലത്തെ ആശ്രയിച്ചായിരിക്കും. അതുകൊണ്ടുതന്നെ ഇനിയുള്ള ദിവസങ്ങളിൽ കൃത്യമായ ആസൂത്രണത്തോടെ പഠനം നടത്തിയാൽ മാത്രമേ നാം ആഗ്രഹിക്കുന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. അധ്യയനവർഷത്തിലുടനീളം ചിട്ടയായ പഠന പ്രവർത്തനങ്ങളിലൂടെ പരീക്ഷയെ സമീപിക്കുന്നവർ നിങ്ങളിലുണ്ടാകാം. പക്ഷേ ചിലരെങ്കിലും പഠനത്തിന് വേണ്ടത്ര ഗൗരവം നൽകാതെ അധ്യയന ദിവസങ്ങളിലൂടെ കടന്നു പോയവരുമാകാം. എങ്കിലും ആരും തന്നെ നിരാശരാകേണ്ട കാര്യമില്ല. ഇനിയുള്ള ദിവസങ്ങൾ ഫലപ്രദമായി വിനിയോഗിച്ചാൽ പലതും നിങ്ങൾക്ക് നേടുവാൻ സാധിക്കും.

## ആദ്യം ലക്ഷ്യം നിർണയിക്കാം

ഓരോരുത്തരും തങ്ങളുടെ പ്ലസ് ടു പരീക്ഷാഫലം എന്തായിരിക്കണമെന്ന് അവരവർതന്നെ നിശ്ചയിക്കേണ്ടതുണ്ട്. ഓരോ വിഷയത്തിനും ഏത് ഗ്രേഡ് കരസ്ഥമാക്കണം എന്ന് തീരുമാനിക്കുന്നതിന് ചില വസ്തുതകൾ കണക്കിലെടുക്കേണ്ടതുണ്ട്. ഓരോ വിഷയത്തിനും പതിനൊന്നാം ക്ലാസ്സിൽ നമുക്ക് ലഭിച്ച മാർക്കുകൾ, നമ്മുടെ കഴിവുകൾ, പരിമിതികൾ എന്നിവയൊക്കെ ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്. ഇംഗ്ലീഷ്, രണ്ടാം ഭാഷ, പ്രായോഗിക പരീക്ഷ ഇല്ലാത്ത വിഷയങ്ങൾ എന്നിവയ്ക്ക് പതിനൊന്നാം ക്ലാസ്സിൽ ആകെയുള്ള 100 മാർക്കിൽ നമുക്ക് കിട്ടിയ മാർക്കിനൊപ്പം പന്ത്രണ്ടാം ക്ലാസിലെ CE മാർക്കും കൂട്ടിച്ചേർക്കുക. വർഷാന്ത്യ എഴുത്തുപരീക്ഷയിൽ അവശേഷിക്കുന്ന 80 മാർ



**ശരിയായ ഒരുക്കത്തിനും കഠിനമായ പ്രയത്നത്തിനും തീർച്ചയായും ദൈവാനുഗ്രഹം ഉണ്ടാകും, മെച്ചപ്പെട്ട പരീക്ഷാഫലവും നമുക്ക് ലഭിക്കും. യാതൊരുവിധ ആശങ്കകളും ഇല്ലാതെ, തികഞ്ഞ ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതുവാൻ നിങ്ങൾക്ക് കഴിയണം.**

ക്കിൽ നിങ്ങളുടെ പരമാവധി ശ്രമഫലമായി എത്ര മാർക്ക് നേടിയാൽ നിങ്ങൾ ആഗ്രഹിക്കുന്ന ഗ്രേഡ് ലഭിക്കുമെന്ന് കണ്ടെത്തുക. പ്രായോഗിക പരീക്ഷയുള്ള വിഷയങ്ങളെ സംബന്ധിച്ചാണെങ്കിൽ, 11, 12 ക്ലാസുകളിലെ CE മാർക്കുകളും പതിനൊന്നാം ക്ലാസിലെ വർഷാന്ത്യ എഴുത്തുപരീക്ഷയ്ക്ക് ലഭിച്ച മാർക്കും കൂടിച്ചേരുമ്പോൾ100 മാർക്കിൽ നിങ്ങൾക്ക് എത്ര ലഭിച്ചു എന്ന് അറിയാൻ സാധിക്കും. ഇനി അവശേഷിക്കുന്നത് 40 മാർക്കിന്റെ പ്രായോഗിക പരീക്ഷയും 60 മാർക്കിന്റെ എഴുത്തു പരീക്ഷയും മാത്രം. സ്കൂളിലെ ലാബ്‌വർക്കുകൾ കൃത്യമായി ചെയ്ത കുട്ടികളാണെങ്കിൽ പ്രായോഗിക പരീക്ഷയ്ക്ക് 35 ന് മുകളിൽ മാർക്ക് കിട്ടുവാനുള്ള സാധ്യത വളരെ കൂടുതലാണ്. പിന്നെയുള്ള 60 മാർക്കിൽ എത്ര നേടിയാൽ നിങ്ങൾ ആഗ്രഹിക്കുന്ന ഗ്രേഡ് ലഭിക്കും എന്ന് കണ്ടെത്തുക. ഓരോ വിഷയത്തിലുമുള്ള നിങ്ങളുടെ അറിവും പരിമിതികളും ഇനിയുള്ള ദിവസങ്ങളിൽ നിങ്ങൾക്ക് എടുക്കാവുന്ന തീവ്ര ശ്രമങ്ങളുമൊക്കെ പരിഗണിച്ചുവേണം ലക്ഷ്യം നിർണയിക്കേണ്ടത്. മലയോളം ആഗ്രഹിച്ചുള്ളൂ, കുന്നോളം കിട്ടും.

## സമയം ക്രമീകരിക്കാം

പ്രായോഗിക പരീക്ഷകൾ ഫെബ്രുവരി 14 മുതൽ മാർച്ച് 1 വരെയുള്ള തീയതികൾക്കിടയിലായിരിക്കും നടക്കുന്നത്. ഓരോ വിഷയത്തിനും നിങ്ങൾക്കായി അനുവദിച്ചിരിക്കുന്ന പരീക്ഷാ സമയം സ്കൂളിൽ തന്നെയാണ് നിശ്ചയിക്കുന്നത്. അത് കൃത്യമായി നോക്കി മനസ്സിലാക്കുക. നിങ്ങളുടെ സ്കൂളിൽ ഓരോ വിഷയത്തിനും ലാബ്‌വർക്കിന്റെ ഭാഗമായി നൽകിയിട്ടുള്ള ചോദ്യങ്ങളിൽ നിന്നും മാത്രമേ പ്രായോഗിക പരീക്ഷയിലും ചോദ്യങ്ങളുണ്ടാവുകയുള്ളൂ. നിങ്ങളുടെ അധ്യാപകർ ഇതുമായി ബന്ധപ്പെട്ട് നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചാൽ ഉറപ്പായും അവയ്ക്ക് 35 ന് മുകളിൽ മാർക്ക് വാങ്ങാൻ സാധിക്കും.

മാർച്ച് 6 മുതലാണ് എഴുത്തു പരീക്ഷകൾ ആരംഭിക്കുന്നത്. ഇതിനകം തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ള ടൈംടേബിൾ കൃത്യമായും നോക്കി മനസ്സിലാക്കുക. മാർച്ച് 4നു മുമ്പ് എത്ര ദിവസങ്ങൾ പരീക്ഷ യ്ക്കായി ഒരുങ്ങാൻ ലഭിക്കും എന്ന് കണക്കാക്കുക. ഓരോ വിഷയത്തിന്റെയും പ്രാധാന്യമനുസരിച്ചും നിങ്ങൾ ലക്ഷ്യം വച്ചിട്ടുള്ള മാർക്ക് നേടുവാൻ പാകത്തിലും ഈ ദിവസങ്ങളെ പങ്കുവയ്ക്കുക. ഓരോ ദിവസവും പഠിക്കുവാനായി മാറ്റിവയ്ക്കുന്ന മണിക്കൂറുകൾ കണക്കാക്കി വിവിധ വിഷയങ്ങൾക്കായി അതിനെയും വീതം വയ്ക്കുക. ആറു മണിക്കൂർ ഉറക്കത്തിനും മൂന്നു മണിക്കൂർ സ്വകാര്യ ആവശ്യങ്ങൾക്കും മാറ്റി വച്ചാൽ അവശേഷിക്കുന്ന പതിനഞ്ച് മണിക്കൂറുകൾ ഓരോ ദിവസവും പഠനത്തിനായി ചെലവഴിക്കാൻ നമുക്ക് ലഭിക്കും. ഈ പതിനഞ്ച് മണിക്കൂറു കളും പൂർണമായി ഒരു വിഷയത്തിന് ഉപയോഗിക്കുന്നതിനു പകരം രണ്ടോ മൂന്നോ വിഷയങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നത് അഭികാമ്യം ആയിരിക്കും. ഇത്തരത്തിൽ വ്യക്തമായ ഒരു ടൈം ടേബിൾ തയ്യാറാക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. നഷ്ടപ്പെടുത്താൻ ഇനി ഒട്ടും സമയമില്ല !!

## പഠനം കാര്യക്ഷമമാക്കാം

പഠനത്തിനായി ഒരു അധ്യായം അല്ലെങ്കിൽ ഒരു യൂണിറ്റ് തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യം നൽകേണ്ട പാഠഭാഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി മുൻ വർഷങ്ങളിലെ ചോദ്യ പേപ്പറുകൾ പരിശോധിക്കാവുന്നതാണ്. അവയിൽ കാണുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടെത്തുന്ന തരത്തിലാവണം പഠനം നടക്കേണ്ടത്. ഒരു അധ്യായം പൂർത്തീകരിച്ചു കഴിഞ്ഞാൽ അതിലെ പ്രധാന ആശയങ്ങൾ ചില വാക്കുകളായോ വാക്യശകലങ്ങളായോ കുറിച്ചുവയ്ക്കുന്നത് നന്നായിരിക്കും, പിന്നീട് ഉപകാരപ്രദമായി മാറും. വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ ഏതെങ്കിലും വിഷയം നമ്മുടെ കൈപിടിയിലൊതുങ്ങാത്ത സാഹചര്യമുണ്ടെങ്കിൽ, അദ്ധ്യാപകരുമായി ചർച്ച ചെയ്ത്, നിങ്ങളുടെ കഴിവിനനുസരിച്ച് പഠിച്ചെടുക്കാവുന്ന ചില അധ്യായങ്ങളോ പാഠഭാഗങ്ങളോ കണ്ടെത്തി, അവയിൽ നിന്നും നമുക്കാവശ്യമുള്ള മാർക്ക് നേടിയെടുക്കുവാൻ സാധിക്കും. വായനയിലൂടെ മാത്രം എല്ലാം പഠിച്ചെടുക്കാൻ സാധിക്കുകയില്ല. പ്രശ്ന പരിഹരണങ്ങളും നിർധാരണങ്ങളും എഴുതി പഠിച്ചാൽ മാത്രമേ ഫലപ്രദമാവുകയുള്ളൂ. വായിച്ചു പഠിക്കുമ്പോൾ തുടർച്ചയായി ഒരു മണിക്കൂറിലധികമുള്ള ദൈർഘ്യം പലപ്പോഴും മടുപ്പുളവാക്കും, ഫലപ്രദമാവുകയുമില്ല. അതുകൊണ്ട് 45 മിനിറ്റ് അല്ലെങ്കിൽ ഒരു മണിക്കൂർ കഴിയുമ്പോൾ ചെറിയൊരു ഇടവേള എടുക്കുന്നത് മനസ്സിനും ബുദ്ധിക്കും നവോന്മേഷം നൽകും. ഇടവേളകളിൽ പഠനത്തിൽ നിന്നും ശ്രദ്ധ വികേന്ദ്രീകരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓർ

മ്മയിൽ തങ്ങിനിൽക്കാത്ത സൂത്രവാക്യങ്ങളും നിർവചനങ്ങളും ചെറിയ കുറിപ്പുകളാക്കി വീട്ടിൽ നിങ്ങൾ വ്യാപരിക്കുന്ന സ്ഥലങ്ങളിലൊക്കെ പതിപ്പിക്കുന്നത് ഉചിതമായിരിക്കും. നേരത്തെ തയ്യാറാക്കി വച്ചിട്ടുള്ള സമയക്രമമനുസരിച്ച് പാഠഭാഗങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നില്ലെങ്കിൽ ആവശ്യമായ പുനക്രമീകരണങ്ങൾ നടത്തേണ്ടതാണ്. എന്തൊക്കെ മാറ്റങ്ങൾ വരുത്തിയാലും എല്ലാ വിഷയ ങ്ങൾക്കും ലക്ഷ്യം നേടാൻ അനുയോജ്യമായ ഗ്രേഡ് കിട്ടാനുള്ള മാർക്ക് കരസ്ഥമാക്കുവാൻ പാകത്തിൽ പഠനം നടന്നിട്ടുണ്ട് എന്ന് നിർബന്ധമായും ഉറപ്പാക്കേണ്ടതുണ്ട്. അദ്ധ്വാനത്തിലൂടെ മാത്രമേ ഫലം കൊയ്യാനാകൂ.

## ആരോഗ്യമുള്ള മനസ്സും ശരീരവും

മേൽപ്പറഞ്ഞ രീതിയിൽ പഠനം നടക്കണമെങ്കിൽ നമ്മുടെ മനസ്സും ശരീരവും അതിന് സജ്ജമായിരിക്കണം. ആസൂത്രണ ഘട്ടത്തിലോ പ്രവർത്തന ഘട്ടത്തിലോ പഠനത്തിന്റെ കാഠിന്യം നമ്മെ തളർത്തിയേക്കാം. ചില വിഷയങ്ങൾ ജയിക്കാൻ കഴിയില്ല എന്ന് പോലും തോന്നിയേക്കാം. നാളിതുവരെ ആ വിഷയത്തെ അവഗണിച്ചതുകൊണ്ട് ഉണ്ടായ തോന്നൽ മാത്രമായിരിക്കും അത്. നമുക്ക് കഴിയാത്തതായി ഒന്നുമില്ല എന്ന് ഉറച്ചു വിശ്വസിക്കുക. നമുക്കുള്ളത്രപോലും അനുകൂല സാഹചര്യങ്ങളും സൗകര്യങ്ങളും ഇല്ലാത്തവർ നമുക്കു ചുറ്റും പലതും നേടിയെടുക്കുന്നുണ്ട് എന്ന് തിരിച്ചറിയുക. ഈ അവസരത്തിൽ 'ഒന്ന് ശ്രമിച്ചു നോക്കാം' എന്ന ഒഴുക്കൻ മനോഭാവമല്ല വേണ്ടത്, മറിച്ച് 'അത് നേടിയെടുക്കും' എന്ന ഉറച്ച തീരുമാനമാണ് ഉണ്ടാകേണ്ടത്. മനസ്സിന് കരുത്ത് പകരുന്നതിനോടൊപ്പം ശരീരത്തെയും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ദിവസവും തുടർച്ചയായി ആറുമണിക്കൂർ ഉറങ്ങിയിരിക്കണം. ഈ ദിവസങ്ങളിലെ കാലാവസ്ഥയനുസരിച്ച് പൊതുവേ ചൂട് കൂടുതലായിരിക്കും. ഇടയ്ക്കിടെ മുഖം കഴുകുന്നതും വേണ്ടി വന്നാൽ രണ്ടോ മൂന്നോ തവണ കുളിക്കുന്നതും കൂടുതൽ ഉന്മേഷം നൽകും. ശുദ്ധജലം ധാരാളം കുടിക്കുന്നത് അഭികാമ്യം. പരിചിതമല്ലാത്ത ഭക്ഷണപദാർത്ഥങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നതാണ് ഉചിതം. നമ്മുടെ തന്നെ ഭവനങ്ങളിൽ പാകം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ മാത്രം ഉപയോഗിക്കു ന്നതായിരിക്കും ആരോഗ്യകരം. തീരെ അത്യന്താപേക്ഷിതമല്ലാത്ത യാത്രകളെല്ലാം ഒഴിവാക്കുന്നതും നല്ലത്. രോഗികളായി കഴിയുന്നവരെ സന്ദർശിക്കുന്നത് തൽക്കാലത്തേക്ക് മാറ്റിവയ്ക്കാം. എല്ലാറ്റിലു മുപരി സർവ്വശക്തനായ ദൈവത്തോട് മനസ്സുരുകി പ്രാർത്ഥിക്കുക. ഓരോ വിഷയവും പഠിപ്പിച്ച അധ്യാപകരെ നന്ദിയോടെ ഓർക്കുകയും അവരെ വിഷമിപ്പിക്കുന്ന പ്രവർത്തനങ്ങൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ ദൈവത്തോട് ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കുകയും ചെയ്യുന്നത് ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കുന്നതിനിടയാക്കും.



## ഒഴിവാക്കേണ്ട ചിലതുണ്ട്

നിങ്ങളുടെ സുഗമമായ പഠനത്തെ പ്രതികൂലമായി ബാധിക്കുന്ന സുപ്രധാന വസ്തുവാണ് മൊബൈൽ ഫോൺ. നിർബന്ധമായും ഈ കാലയളവിൽ അതിന്റെ ഉപയോഗം പൂർണമായും ഒഴിവാക്കുന്നത് ഏറെ ഗുണം ചെയ്യും. ഇനി അഥവാ ഉപയോഗിക്കുകയാണെങ്കിൽ ഒരു ദിവസം പരമാവധി 15 മിനിറ്റ് രണ്ടോ മൂന്നോ തവണകളായി മാത്രം ചുരുക്കേണ്ടതാണ്. ഈ ഉപയോഗം പ്രധാനമായും പഠനകാര്യങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ആശയവിനിമയത്തിന് വേണ്ടി പ്രയോജനപ്പെടുത്തണം. സിനിമ, ടെലിവിഷൻ തുടങ്ങിയ വിനോദ പരിപാടികൾക്കെല്ലാം അൽപകാലത്തേക്ക് അവധി കൊടുക്കുന്നത് അഭികാമ്യം. എന്നാൽ മാനസിക പിരിമുറുക്കം കുറയ്ക്കാൻ അല്പം ശുദ്ധസംഗീതം ആസ്വദിക്കുന്നതുകൊണ്ട് തകരാറുമില്ല. ഏറ്റവും സൗഹാർദ്ദപരവും സമാധാനപൂർണവുമായ ഒരു അന്തരീക്ഷം നമുക്കു ചുറ്റും നിലനിർത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## പരീക്ഷയുടെ തലേദിവസം

പഠനാവധിക്കാലത്ത് ഓരോ അധ്യായത്തിന്റെയും പൂർത്തീകരണത്തിന് ശേഷം നാം തയ്യാറാക്കിയ ചെറു കുറിപ്പുകളിലൂടെ കടന്നു പോവുകയും അതിലെ ആശയങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഏതെങ്കിലും പാഠ്യഭാഗങ്ങളെക്കുറിച്ച് യാതൊരു ധാരണയും ഇല്ലെങ്കിൽ അതോർത്ത് ആകുലപ്പെടേണ്ട കാര്യമില്ല. അറിയാവുന്ന കാര്യങ്ങളോർത്ത് ആശ്വസിക്കുകയും അവയിലൂടെ തന്നെ നമ്മൾ നിശ്ചയിച്ചിരിക്കുന്ന മാർക്ക് നേടിയെടുക്കാൻ കഴിയും എന്ന് വിശ്വസിക്കുകയും ചെയ്യുക.

പഠനം പൂർത്തിയാക്കിക്കഴിഞ്ഞാൽ, അടുത്ത ദിവസം പരീക്ഷയ്ക്ക് ആവശ്യമുള്ള പേന, പെൻസിൽ, സ്കെയിൽ, ഹാൾടിക്കറ്റ്, മറ്റ് സാമഗ്രികൾ തുടങ്ങിയവ തയ്യാറാക്കി വയ്ക്കുക. എട്ടു മണിയോടു കൂടി മിതമായി അത്താഴം കഴിക്കുന്നത് ഉചിതമായിരിക്കും. ദഹനത്തിന് പ്രയാസം നേരിടുന്ന ആഹാരപദാർത്ഥങ്ങൾ ഒഴിവാക്കുക. അന്നത്തെ പരീക്ഷയുടെ വിഷയം പഠിപ്പിച്ച അധ്യാപകരെ നന്ദിയോടെ സ്മരിക്കുക. അവരോടു ചെ

യ്ത അപരാധങ്ങളുണ്ടെങ്കിൽ പൊറുക്കണമെന്ന് അപേക്ഷിക്കുക. ഫോണിൽ ബന്ധപ്പെടാൻ സൗകര്യമുണ്ടെങ്കിൽ, അല്പനേരം അവരുമായി സംസാരിക്കുകയും അനുഗ്രഹം വാങ്ങുകയും ചെയ്യുന്നത് അപ്രതീക്ഷിത നേട്ടങ്ങൾക്ക് കാരണമാകും. യാതൊരുവിധ ആശങ്കകളും ഇല്ലാതെ സ്വസ്ഥമായി ഉറങ്ങുക.



## പരീക്ഷാ ദിവസം

അവസാനവട്ട ഒരുക്കങ്ങളും പൂർത്തിയാക്കി, ശരിയായ രീതിയിൽ പ്രാതൽ കഴിച്ച്, പേന, ഹാൾ ടിക്കറ്റ് തുടങ്ങി പരീക്ഷയ്ക്ക് ആവശ്യമായ സാധനങ്ങളെല്ലാം എടുത്തു എന്നുറപ്പാക്കുക. പൂർണ്ണ വിശ്വാസത്തോടെ ദൈവത്തോട് പ്രാർത്ഥിക്കുവാൻ മറക്കരുത്. മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങി, പരീക്ഷാസമയത്തിന് അരമണിക്കൂർമുമ്പ് സ്കൂളിൽ എത്തിച്ചേരും വിധം യാത്രയാവുക. സ്കൂളിൽ എത്തിയാലുടൻ നോട്ടീസ് ബോർഡ് പരിശോധിച്ച് പരീക്ഷയ്ക്കുള്ള ഇരിപ്പിടം ഏത് മുറിയിൽ ആണെന്ന് കണ്ടെത്തുക. സുഹൃത്തുക്കളെ കാണുമ്പോൾ 'എന്തു പഠിച്ചു, എന്ത് പഠിച്ചില്ല' എന്ന തരത്തിലൊന്നും സംഭാഷണം നടത്താതിരിക്കാൻ ശ്രദ്ധിക്കുക. പരമാവധി സംസാരം ഒഴിവാക്കി, പഠിച്ച കാര്യങ്ങൾ ഓർമ്മിക്കാൻ ശ്രമിക്കുന്നതായിരിക്കും ഉചിതം. ക്ലാസ് മുറികളിൽ പ്രവേശിച്ചു കഴിഞ്ഞാൽ ഇരിപ്പിടം കണ്ടെത്തി സ്വസ്ഥമായി ഇരിക്കുക. ഈ സമയം പാഠഭാഗങ്ങൾ അനുസ്മരിക്കുന്നത് ഫലപ്രദമായ മറ്റൊരു കൂൾ ഓഫ് ടൈമിന് അവസരമൊരുക്കും.

പരീക്ഷാമേൽനോട്ടം വഹിക്കാൻ എത്തുന്ന അധ്യാപകർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി അനുസരിക്കുക. ഉത്തരക്കടലാസ് ലഭിച്ചു കഴിഞ്ഞാൽ ആദ്യത്തെ പേജിൽ പൂരിപ്പിക്കേണ്ട വിവരങ്ങൾ തെറ്റുകൂടാതെ രേഖപ്പെടുത്തുക. ചോദ്യപേപ്പർ ലഭിച്ചാലുടൻ കൂൾ ഓഫ് ടൈമിൽ ഓരോ ചോദ്യവും വായിച്ച് കടന്നുപോവുക. ഏറ്റവും നന്നായി അറിയാവുന്ന ചോദ്യങ്ങൾ ഏതെങ്കിലും രീതിയിൽ അടയാളപ്പെടുത്തുക. ഒറ്റനോട്ടത്തിൽ ഉത്തരം അറിയില്ല എന്ന് തോന്നുന്ന ചോദ്യങ്ങൾ കണ്ട് ഭയക്കേണ്ട കാര്യമില്ല. ഇത്തരം ചോദ്യങ്ങൾ രണ്ടാമത് ഒരാവർത്തി കൂടി വായിക്കുമ്പോൾ അവയുടെ ഉത്തരങ്ങളും നിങ്ങളുടെ മനസ്സിൽ തെളിഞ്ഞു വരും. തികച്ചും അപരിചിതമായ ചോദ്യമായി തോന്നുകയാണെങ്കിൽ വിഷമിക്കേണ്ട കാര്യമില്ല; ഒരുപക്ഷേ അത് സിലബസിന് പുറത്തുനിന്നുള്ളതാകാം, അല്ലെങ്കിൽ വളരെ കഠിനതരം എന്ന വിഭാഗത്തിൽപെട്ടതാകാം. അത്തരം ചോദ്യങ്ങളെ ഏറ്റവുമവസാനം നമുക്ക് അഭിമുഖീകരിക്കാം. ഉത്തരമെഴുതാനുള്ള സമയമാകുമ്പോൾ ഏറ്റവും നന്നായി അറിയുന്ന ഉത്തരങ്ങൾ ആദ്യമാദ്യം എഴുതുക. പേജുകളിൽ നാലുവശത്തും ആവശ്യത്തിന് മാർജിൻ അകലം പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മൂല്യനിർണയം നടത്തുന്നവർക്ക് എളുപ്പത്തിൽ വായിക്കാൻ പാകത്തിൽ വൃത്തിയായി ഉത്തരമെഴുതാൻ ശ്രദ്ധിക്കണം. എല്ലാ ചോദ്യങ്ങൾക്കും അറിയാവുന്ന ഏതെങ്കിലും ഭാഗങ്ങളൊക്കെ ഉത്തരമായി എഴുതാൻ ശ്രമിക്കണം. ആവശ്യപ്പെട്ടിരിക്കുന്ന എണ്ണം ചോദ്യങ്ങൾക്ക് ഉത്തരം എഴുതി കഴിഞ്ഞാൽ, സമയമുണ്ടെങ്കിൽ ചോദ്യപേപ്പറിൽ അവശേഷിക്കുന്ന അധിക ചോദ്യങ്ങൾക്കു കൂടി ഉത്തരം എഴുതുന്നതുകൊണ്ട് നമുക്ക് പ്രത്യേകിച്ച് നഷ്ടപ്പെടാനൊന്നുമില്ല; ചിലപ്പോൾ അത് ഗുണം ചെയ്യുകയും ചെയ്യും. എഴുതിയതെല്ലാം ഒന്നുകൂടി വായിച്ചു നോക്കുന്നതും തെറ്റുണ്ടെങ്കിൽ തിരുത്തുന്നതും അനുഗുണമാകും. പരീക്ഷയുടെ അവസാനം കുറിക്കുന്ന ബെല്ലടിക്കുമ്പോൾ ഉത്തരക്കടലാസുകൾ കൃത്യമായി അടുക്കി നൂൽ ഉപയോഗിച്ച് നന്നായി കെട്ടുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

പരീക്ഷാഹാളിനു പുറത്ത് വന്നുകഴിഞ്ഞാൽ നിങ്ങളുടെ ഉത്തരങ്ങൾ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുകയോ വിശകലനം ചെയ്യുകയോ ചെയ്യുന്നത് നല്ലതല്ല. നിർഭാഗ്യവശാൽ ഏതെങ്കിലും വിഷയത്തിന്റെ ചോദ്യപേപ്പർ പൊതുവിൽ എല്ലാവർക്കും കഠിനമായി തോന്നുകയാണെങ്കിൽ അതിന്റെ ഫലത്തെക്കുറിച്ച് ഒട്ടുംതന്നെ ആകുലപ്പെടേണ്ട കാര്യമില്ല. മൂല്യനിർണയത്തിൽ ആ വിഷയത്തിന് വേണ്ടത്ര പരിഗണന ലഭിക്കും എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ നമ്മുടെ ചിന്ത അടുത്ത് നടക്കാനുള്ള പരീക്ഷയെക്കുറിച്ച് മാത്രം മതിയാവും. ചുറ്റിത്തിരിഞ്ഞ് സമയം പാഴാക്കാതെ എത്രയും വേഗം ഭവനത്തിൽ എത്തുവാനും അടുത്ത പരീക്ഷയ്ക്കുവേണ്ടി ഒരുങ്ങുവാനും തുടങ്ങുക.

ശരിയായ ഒരുക്കത്തിനും കഠിനമായ പ്രയത്നത്തിനും തീർച്ചയായും ദൈവാനുഗ്രഹം ഉണ്ടാകും, മെച്ചപ്പെട്ട പരീക്ഷാഫലവും നമുക്ക് ലഭിക്കും. യാതൊരുവിധ ആശങ്കകളും ഇല്ലാതെ, തികഞ്ഞ ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതുവാൻ നിങ്ങൾക്കെല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. എല്ലാവർക്കും വിജയാശംസകൾ !! ●

## അജപാലനം



ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

# പ്രഭാത സായാഹ്ന പ്രാർത്ഥനകൾ



ഇന്ന് പല ഇടവകകളിലും വൈദീകരുടെ സഹകരണത്തോടെ പ്രഭാത-സായാഹ്ന പ്രാർത്ഥനകൾ നടക്കുന്നുണ്ടല്ലോ. യാമപ്രാർത്ഥനയിലെ പ്രസ്തുത പ്രാർത്ഥനകളെകുറിച്ചാണ് ഈ ചെറിയ കുറിപ്പ്. സഭയുടെ ലിറ്റർജിയിലെ പ്രധാനഭാഗങ്ങളിലൊന്നാണ് യാമപ്രാർത്ഥന. ഏഴു ദിനയാമങ്ങളും ഒരു രാത്രിയാമവും ഉൾക്കൊള്ളുന്ന കൂദാശേതര കർമ്മമാണ് യാമപ്രാർത്ഥന. ദിനയാമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് പ്രഭാതപ്രാർത്ഥനയും സായാഹ്ന പ്രാർത്ഥനയും. ദിവസത്തിന്റെ വിജാഗിരികൾ എന്നാണ് ഇവ വിശേഷിക്കപ്പെടുന്നത്. ആയതിനാൽ ക്രൈസ്തവ സമൂഹത്തിന്റെ പ്രാർത്ഥനയിൽ ഈ യാമങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൽപ്പിക്കണമെന്നും അവയുടെ പരസ്യവും കൂട്ടായുമുള്ള ആഘോഷത്തെ പ്രോത്സാഹിപ്പിക്കണമെന്നും, ആഘോഷത്തിൽ പങ്കുചേരാൻ കഴിയാത്തവർ വ്യക്തിപരമായും പ്രാർത്ഥിക്കണമെന്നും സഭ ആഗ്രഹിക്കുന്നു. അതുവഴി പ്രഭാത പ്രാർത്ഥന പുലരിയേയും സായാഹ്ന പ്രാർത്ഥന സൂര്യസ്തമനനേരത്തേയും വിശുദ്ധീകരിക്കുന്നതിന് ഉപകരിക്കും.

ഓരോ ദിനവും ദൈവദാനമാണ്. പുലരിയുടെ ആദ്യചലനങ്ങളെ കർത്താവിന്റെ പരിപാവന സന്നിധിയിൽ വയ്ക്കുന്ന അർച്ചനയാണ് പ്രഭാതപ്രാർത്ഥന. അതിന് മറ്റൊരർത്ഥം കൂടിയുണ്ട്: യേശുവിന്റെ ഉത്ഥാനസ്മരണ. മനുഷ്യഹൃദയങ്ങളെ യഥാർത്ഥമായും പ്രകാശിപ്പിക്കുന്ന വെളിച്ചമാകുന്നു യേശു (യോഹ 1:9). വി. സിപ്രിയാന്റെ വ്യാഖ്യാനമനുസരിച്ച്, നമ്മൾ പ്രഭാത പ്രാർത്ഥനയിൽ കർത്താവിന്റെ ഉയിർപ്പ് ആഘോഷിച്ചുകൊണ്ട് അതിരാവിലെ പ്രാർത്ഥിക്കുന്നു. സായാഹ്നപ്രാർത്ഥനയിൽ കൃതജ്ഞതയുടെ വികാരങ്ങൾക്കാണ് ഊന്നൽ. പകൽ സമയത്ത് ദൈവത്തിൽ നിന്ന് സ്വീകരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങൾക്കും അവിടത്തെ സഹായത്താൽ നമ്മുടെ പ്രയത്നങ്ങളെ വിശുദ്ധീകരിച്ച് അവിടത്തേയ്ക്ക് സ്വീകാര്യമാക്കിയതിനും നന്ദിയർപ്പിക്കുന്ന തോടൊപ്പം, യേശുക്രിസ്തുവിന്റെ മരണം, സംസ്കാരം എന്നിവയുടെ ഓർമ്മയാചരിക്കാനും തദവസരം വിനിയോഗിക്കുന്നു.

സങ്കീർത്തനങ്ങൾ ഉരുവിടുക, ദൈവവചനം ധ്യാനിക്കുക, മദ്ധ്യസ്ഥ യാചന പ്രാർത്ഥനകൾ ചൊല്ലുക ഇവയാണ് പ്രഭാത സായാഹ്ന പ്രാർത്ഥനയുടെ ഉള്ളടക്കം. പ്രാർത്ഥന നമ്മെ വിശുദ്ധീ കരിക്കുന്നതാവണം, നന്മയിൽ അനുസ്യൂതം വളർത്താനുതകുന്നതായിരിക്കണം. വചനത്തിലൂടെ ദൈവം മനുഷ്യരോട് സംസാരിക്കുന്നു. മനുഷ്യൻ ദൈവത്തോട് ഭാഷിക്കുന്നത് സങ്കീർത്തനങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും ഗാനാലാപനത്തിലൂടെയും ആണ്. വചനത്തോടുള്ള ആത്മാർത്ഥമായ പ്രത്യുത്തരത്തിന് മാത്രമേ മനുഷ്യനിൽ ആന്തരീക പരിവർത്തനമുളവാക്കാനാവൂ. ബുദ്ധിയിലും മനസ്സിനും മാറ്റം വരുത്താൻ സന്നദ്ധനാകുന്നവന് ദൈവവുമായി സ്നേഹസംഭാഷണത്തിൽ ഏർപ്പെടാനാവും. വാചികമായി ഉരുവിടുന്ന പ്രാർത്ഥനകളുടെ സ്വരത്തോട് ഹൃദയവും യോജിക്കണം. എങ്കിൽ മാത്രമേ, പ്രാർത്ഥന ഭക്തിയുടെ ഉറവിടവും നിരവധി അനുഗ്രഹങ്ങൾക്ക് നിദാനവും പ്രേക്ഷിത പ്രവർത്തനങ്ങൾക്ക് ഉന്മേഷം പകരുന്ന പോഷണവും ആയിത്തീരുകയുള്ളു. അപ്രകാരം ദൈവവചനാധിഷ്ഠിതമായ യാമപ്രാർത്ഥനയിലൂടെ രാവും പകലും ദൈവവചനം ധ്യാനിച്ചുകൊണ്ട് ദിനരാത്രങ്ങൾ വിശുദ്ധീകരിക്കപ്പെടട്ടെ എന്നാശംസിക്കുന്നു. ●



ലേഖനം

ഇഗ്നേഷ്യസ് തോമസ്

# ഫ്രാൻസിസ് മാർപാപ്പയുടെ മാധ്യമവിചാരങ്ങൾ

നെറ്റ്‌വർക്ക് ബന്ധങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് മനുഷ്യബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഫ്രാൻസിസ് മാർപാപ്പ 2019-ലെ ലോക സാമൂഹ്യസമ്പർക്ക മാധ്യമദിനസന്ദേശത്തിൽ ആഹ്വാനം ചെയ്യുന്നു. "നാം ഒരേ ശരീരത്തിലെ അവയവങ്ങൾ" (എഫേ. 4:25) എന്ന വചനഭാഗത്തെ ആസ്പദമാക്കിയാണ് പാപ്പ തന്റെ ചിന്തകൾ പങ്കുവയ്ക്കുന്നത്. സമ്പർക്കമാധ്യമങ്ങളെ ദൈവത്തിന്റെ ദാനവും ധനവുമായി കരുതണം. വിശാലമായ കാഴ്ചപ്പാടിലൂടെ മാധ്യമങ്ങളെ നാം സമീപിക്കണം. പരസ്പരം ഇടപെടാനും സംവേദിക്കാനും മാധ്യമങ്ങൾ നമുക്ക് അവസരമൊരുക്കുന്നു. ജനങ്ങളെ പൂർണതയിൽ ഒരുമിപ്പിക്കാനും ഒരു കൂട്ടായ്മയായി യോജിപ്പിക്കാനും മാധ്യമങ്ങൾ നമ്മെ സഹായിക്കുന്നു.

## സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ സാധ്യതകൾ; പരിമിതകൾ

ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്ന കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് നവമാധ്യമങ്ങൾ ഇടമൊരുക്കുന്നു. അകലങ്ങളിൽ വസിക്കുന്നവരുമായി വികാരങ്ങളും വിചാരങ്ങളും പങ്കുവയ്ക്കാൻ, സംഭാഷണത്തിലേർപ്പെടാൻ, മാധ്യമങ്ങൾ നമ്മെ സഹായിക്കുന്നു. ഭൗതീക അകലങ്ങളെ ഭേദിക്കാനും ബന്ധങ്ങൾ ശക്തിപ്പെടാനും മാധ്യമങ്ങൾ വഴിയൊരുക്കുന്നു. പ്രാദേശിക, ദേശീയ, അന്തർദേശീയ അകലങ്ങളെ മാധ്യമങ്ങൾ അവലിയിച്ചുകളയുന്നു. അപ്രകാരം സാമൂഹ്യവാർത്താവിനിമയ ശൃംഖലകളിലൂടെ സമൂഹ-സുസ്ഥിതിയും ബന്ധങ്ങളും വളരുന്നു. ഡിജിറ്റൽ ലോകം എല്ലാവരെയും ഒന്നിപ്പിക്കുന്ന ഭൂമിയാണ്. അവിടെ മൂല്യങ്ങളെ വാത്സല്യപൂർവ്വം പരിലാളിക്കാനും പരിപാലിക്കാനുമാകും. അതേസമയം ബന്ധങ്ങളെ തകർക്കാനും അപകീർത്തിപരത്താനും വിദ്വേഷം വളർത്താനും സാധിക്കും.

## മാധ്യമങ്ങളും യുവജനങ്ങളും

യുവജനങ്ങളെ മാധ്യമങ്ങൾ അമിതമായി സ്വാധീനിക്കുന്ന അവസ്ഥവിശദമാക്കുന്നതിന് ഫ്രാൻസിസ് പാപ്പ തനിക്കുണ്ടായ അനുഭവം പങ്കുവയ്ക്കുന്നു. അന്തർദേശീയ നെറ്റ്‌വർക്കിംഗ് പ്രോഗ്രാമിൽ (സ്കോ

ളൻസ് ഒക്കറന്റ്സ്) പങ്കെടുക്കുന്ന യുവജനങ്ങളെ സന്ദർശിച്ച അവസരത്തിൽ അവർ അദ്ദേഹത്തോട് വിളിച്ചുപറഞ്ഞത് "ഫോട്ടോ, ഫോട്ടോ, സെൽഫി" എന്നാണ്. പുത്തൻ സാങ്കേതികതയുടെ നിഷേധാത്മകമായ സാമൂഹ്യവശം ഈ അനുഭവത്തിലൂടെ താൻ മനസ്സിലാക്കിയതായി പപ്പാ പറഞ്ഞു.

യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം പ്രതികരണങ്ങൾ സ്വാഭാവികമാണെങ്കിലും ഇത് ഗൗരവമുള്ള വിഷയങ്ങളായി പരിഗണിക്കണമെന്ന് മാർപാപ്പ ആവശ്യപ്പെടുന്നു. മനുഷ്യരുമായുള്ള ബന്ധങ്ങൾ സ്ഥാപിക്കുന്നതിനെക്കാൾ മാധ്യമങ്ങളുമായുള്ള ബന്ധം ദൃഢമാക്കാനാണ് യുവജനങ്ങൾ ഇന്ന് പ്രാധാന്യം നൽകുന്നത്. അങ്ങനെ യുവജനങ്ങൾ സാങ്കല്പിക ലോകത്തിൽ വ്യാപരിക്കുന്നു. വിവര സാങ്കേതിക ലോകത്ത് വ്യാപരിക്കുന്നത് നല്ലതാണെങ്കിലും മനുഷ്യൻ അന്യവൽക്കരിക്കപ്പെടുകയും സൗഹൃദം പുതുക്കാനായി കൈകൾ നീട്ടാൻ മറന്നുപോകുന്നത് ഉചിതമല്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

ജീവിതത്തിലെ അസുലഭ സന്ദർഭങ്ങൾ ഒപ്പിയെടുക്കുന്ന അവസരമാണ് സെൽഫി എടുക്കൽ. എന്നാൽ യുവതി-യുവാക്കൾ അർത്ഥവത്തായ മാനുഷിക ഇടപെടൽ അവസരങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറരുതെന്നും മാർപാപ്പ ഓർമിപ്പിക്കുന്നു.

ജീവിതമൂല്യങ്ങളെ ഉപേക്ഷിക്കുവാനും യാഥാർത്ഥ്യങ്ങളിൽ നിന്ന് അകന്നുമാറാനും ഭ്രമാത്മകമായ ലോകത്ത് വ്യാപരിക്കാനും യുവജനങ്ങൾ വെമ്പൽ കൊള്ളുന്നു. ഇത്തരം അവസ്ഥകളാണ് യഥാർത്ഥ ലോകമെന്ന് അവർ വിശ്വസിക്കുന്നു. മനുഷ്യബന്ധങ്ങൾ അരക്കിട്ടുറപ്പിക്കുന്നതിനേക്കാൾ വിസ്മയലോകത്തിന്റെ മാസ്മരികതയിലും നൈമികതയിലും അവർ അഭിരമിക്കുകയും ചെയ്യുന്നു.

വാർത്താവിനിമയരംഗത്തെ സാങ്കല്പികലോകത്ത് യുവജനങ്ങൾ പൂർണമായും നിമഗ്നരാകുന്നതിലുള്ള തന്റെ ആശങ്ക ഫ്രാൻസിസ് പാപ്പ പങ്കുവയ്ക്കുമ്പോൾ തന്നെ ഈ ലോകജീവിതത്തിന്റെ യാഥാർത്ഥ്യതലങ്ങളിൽ ചുവടുകൾ ഉറപ്പിക്കാൻ അവരോട് ആഹ്വാനം ചെയ്യുന്നു.

യുവജനങ്ങൾ ലോകജീവിതത്തിന്റെ യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളുകയും കാരുണ്യ പ്രവൃത്തികളിൽ വ്യാപൃതരാവുകയും ചെയ്യണം. സഹോദരങ്ങളുടെ ആവശ്യങ്ങളിൽ പങ്കുചേർന്ന് സാമൂഹ്യ ബന്ധങ്ങൾ സുദൃഢമാക്കണം. ബന്ധങ്ങളുടെ പാലങ്ങൾ മനുഷ്യർക്കിടയിൽ നിർമ്മിക്കുകയും മുതിർന്നവരും വൃദ്ധജനങ്ങളുമായി യുവാക്കൾ സൗഹൃദം പങ്കിടണമെന്നും മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

ചെടികളുടെ വേരുകൾ മണ്ണിലാഴ്ന്നിറങ്ങി വെള്ളവും വളവും വലിച്ചെടുത്ത് മനോഹരങ്ങളായ പുഷ്പങ്ങളെ വിരിയിക്കുന്നു. അതുപോലെ യുവജനങ്ങൾ തങ്ങളുടെ യഥാർത്ഥ വേരുകൾ കണ്ടെത്തി ശാന്തി, സാഹോദര്യം നീതി എന്നിവയിലധിഷ്ഠിതമായ ലോകത്തിന് രൂപം നൽകണം.

## അധുനിക യുഗത്തിലെ കത്തോലിക്കാ മാധ്യമ ധർമ്മം

അനുദിനം വളർന്ന് വികസിതമാകുന്ന വാർത്താവിനിമയ മാധ്യമങ്ങൾ വഴി സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കപ്പെടേണ്ടതുണ്ട്. കത്തോലിക്കാ മാധ്യമങ്ങൾ ആധുനിക സാങ്കേതിക മാർഗങ്ങൾ ഉപയോഗിച്ച സദ്വാർത്ത പ്രഘോഷിക്കണം. നമ്മുടെ ചിന്തകളെക്കാൾ വേഗത്തിൽ മാധ്യമങ്ങൾ വിജ്ഞാനം വിളമ്പുന്നു. പ്രകടനാത്മകതയുടെയും തിരക്കിന്റെയും സ്വാധീനവലയത്തിലൂടെയാണ് ലോകം ചരിക്കുന്നത്. സഭാംഗങ്ങൾ വ്യാപരിക്കുന്നതും ഇതേലോകത്ത് തന്നെയാണ്. കയ്യടി നേടുന്ന അജപാലന ശുശ്രൂഷകളിലേക്ക് നാം ചുരുക്കപ്പെടരുത്. നാം പ്രഘോഷിക്കുന്ന വചനത്തിന് പ്രസക്തിയില്ലാതായി തീരുന്ന സ്ഥിതിവിശേഷത്തിൽ എത്തപ്പെടുന്നത് ഹിതകരമല്ല.

വിവരവിനിമയ കൂട്ടായ്മയിൽ നിന്ന് മനുഷ്യബന്ധങ്ങളുടെ ഒരുമയിലേക്ക് മടങ്ങാൻ പരിശുദ്ധ പിതാവ് വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. വ്യാജവാർത്തകളും നല്ല വാർത്തകളും വേർതിരിച്ചറിയാൻ നമുക്കാകണം. വാർത്തയുടെ യാഥാർത്ഥ്യം അതിന്റെ ഉള്ളടക്കത്തിൽ നിന്നു തന്നെ നമുക്ക് തിരിച്ചറിയാനാകും.

വിദ്വേഷവും കലഹവും ഭിന്നതകളും വളർത്തുന്ന വാർത്തകൾ വ്യാജവാർത്തകളാണ്. സമൂഹത്തിൽ സൃഷ്ടിപരമായ ആശയവിനിയമം നടത്തി പരസ്പരബന്ധങ്ങൾ സ്ഥാപിക്കാനുതകുന്ന പക്വവും വിജ്ഞാനപ്രദവുമായ വസ്തുതകൾ നൽകുന്നതാണ് നല്ല വാർത്തകൾ. ഇതാണ് യഥാർത്ഥ പത്രപ്രവർത്തനം.

ബ്രേക്കിംഗ് ന്യൂസിന് അമിതപ്രാധാന്യം നൽകരുതെന്നാണ് ഫ്രാൻസിസ് മാർപാപ്പയുടെ അഭിപ്രായം. അക്രമങ്ങളെ കുറിച്ചും അവയുടെ വ്യാപനത്തെക്കുറിച്ചും ഉള്ള വാർത്തകൾക്ക് പ്രാധാന്യം നൽകുന്നതിനുപരി അക്രമസംഭവങ്ങൾക്കിടയാക്കിയ കാരണങ്ങൾ കണ്ടെത്തി ആഴമായ ധാരണയോ നീതി പൂർവകമായ പരിഹാരങ്ങളിലേക്കു നയിക്കുന്ന ആരോഗ്യപരമായ ചർച്ചകൾക്ക് മാധ്യമങ്ങൾ ഊന്നൽ നൽകണം. ഇങ്ങനെ ചെയ്യുമ്പോൾ മറ്റുള്ളവരെ ആദരിക്കാനും അവരുടെ വീക്ഷണങ്ങളെ ഉൾക്കൊള്ളാനും അതിലൂടെ മാനുഷിക കൂട്ടായ്മകളെ പണിതുയർത്താനും സാധിക്കും. ഇതിനുപകരം നവമാധ്യമങ്ങൾ വിദ്വേഷത്തിന്റെയും പകയുടെയും വിടവുകളും വിള്ളലുകളും വിസ്തൃതമാക്കാനും വ്യത്യസ്തതകളെ വലുതാക്കാനും ശ്രമിക്കുന്നു. ഇത് സമൂഹത്തിൽ അരാജകത്വം സൃഷ്ടിക്കാൻ ഇടയാക്കുന്നു. മനുഷ്യരെ ഭിന്നിപ്പിക്കുന്ന അന്യവൽക്കരണത്തിന്റെ തുരുത്തുകൾക്കല്ല മാധ്യമങ്ങൾ രൂപം നൽകേണ്ടത്. പകരം മനുഷ്യരെ ഒന്നിപ്പിക്കുന്ന തീരങ്ങൾ സൃഷ്ടിക്കുവാനാണ് ശ്രമിക്കേണ്ടത്.

സാമൂഹ്യമാധ്യമങ്ങൾ ഐക്യദാർഢ്യത്തിന്റെയും സാഹോദര്യത്തിന്റെയും വഴികൾ ചൂണ്ടിക്കാട്ടി സാഹോദര്യത്തിന്റെ കൂട്ടായ്മകൾ സൃഷ്ടിക്കാൻ അനവരതം യത്നിക്കണം. സഹോദരങ്ങളെ ക്ഷമയോടെ ശ്രവിക്കാനും ഫലപ്രദമായി ആശയവിനിയമം ചെയ്യാനും വേണ്ടി ഭാഷ ഫലപ്രദമായി ഉപയോഗിക്കണം. അങ്ങനെ മനുഷ്യ സമൂഹത്തിൽ ബന്ധങ്ങളുടെ പാലങ്ങൾ പണിയണമെന്ന് ഫ്രാൻസിസ് മാർപാപ്പ മാധ്യമപ്രവർത്തകരോട് ആഹ്വാനം ചെയ്യുന്നു. ●

തുടർമഴ ...................... 7

● ഫാ. ലെനിൻ ഫെർണാണ്ടസ്

മത്തായി 2:13 – 18
'ഈജിപ്തിലേക്കുള്ള പലായനം'
എന്ന സുവിശേഷഭാഗം ആധാരമായ കഥ

# ഒരു ജനുവരി പുലരിയിൽ....

ആ ഡിസംബറിന്റെ ശൈത്യം സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. മരംകോച്ചുന്ന തണുപ്പിൽ അമ്മയുടെ ചൂടും അപ്പന്റെ സ്നേഹപരിലാളനങ്ങളുമായി സ്വർഗലോകത്തെ സ്വപ്നംകണ്ട് ലോകത്തിന്റെ രക്ഷകൻ അതാ സുഖനിദ്രയിൽ. മറിയത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ട്. എന്നാൽ ഒരു തുള്ളിപോലും അവന്റെ കുരുന്ന് ദേഹത്ത് വീഴാതിരിക്കാനും തന്റെ സ്നേഹ ഭർത്താവിന്റെ ഉറക്കത്തിന് തെല്ലും തടസമുണ്ടാകാതിരിക്കാനും അവൾ ഏറെ ശ്രദ്ധിച്ചു. പാവം ജോസഫ് ഏറെ സഹിക്കുന്നുണ്ട്; മാനസികമായും ശാരീരികമായും. ഓരോ സ്വപ്നങ്ങൾക്കുശേഷവും അവൻ ഏറെ ഭാരപ്പെടുന്നുണ്ട്. വിനീതനും വിശ്വസ്തനുമായ ദാസനെപ്പോലെ ദൈവത്തിന്റെ സ്വന്തം രഹസ്യ സൂക്ഷിപ്പുകാരൻ. മറിയം ശ്രദ്ധിച്ചു അവന്റെ പുരികങ്ങൾ മേൽപ്പോട്ടു വളയുന്നു, മുഖത്തെ ഭാവങ്ങൾ മാറുന്നു, കണ്ണുകൾ തുറക്കാൻ അവൻ ബുദ്ധിമുട്ടുന്നുമുണ്ട്. നിമിഷനേരങ്ങൾക്കുള്ളിൽ ജോസഫ് ഭയപ്പാടോടെ ചാടി എഴുന്നേറ്റു. ചുറ്റും പരിഭ്രാന്തിയോടെ അവൻ നോക്കി, വിയർത്തൊലിച്ചു...

അവൻ പറഞ്ഞു, "മറിയം - മറിയം എഴുന്നേൽക്കൂ, ഹേറൊദേസ് രാജാവ് നമ്മുടെ കുഞ്ഞിനെ വധിക്കാൻ പദ്ധതിയിട്ടിരിക്കുന്നു. ഈജിപ്തിലേക്ക് ഈ രാത്രി തന്നെ പലായനം ചെയ്യാനുള്ള സ്വപ്ന സന്ദേശം ഞാൻ കണ്ടു."

അവൾ ചിന്തിച്ചതു തന്നെ സംഭവിച്ചു. സ്വർഗലോകം വീണ്ടും രഹസ്യം വെളിപ്പെടുത്തി. സാന്ദ്രമൗനത്തിന്റെ ആ തണുത്തരാത്രിയിൽ ഹിമകണങ്ങളുടെ ചന്ദ്രശോഭയിൽ ആ കുഞ്ഞുരാജാവിന്റെ പാദങ്ങളിൽ കൈകളമർത്തി അവർ രണ്ടുപേരും മൗനമായി പ്രാർത്ഥിച്ചു; അഡൊണായി, നല്ല ദൈവമേ നിന്റെ ശാന്തിയും സമാധാനവും എന്നും കൂടെയുണ്ടാകണമേ....

ജോസഫ് തിടുക്കം കാട്ടി എങ്കിലും മറിയം സാവകാശം എഴുന്നേറ്റു ലോകത്തിന്റെ രക്ഷകനെ കീറിയ തുണികളിൽ പൊതിഞ്ഞെടുത്ത് ഹൃദ്യമായ പുഞ്ചിരിയുമായി അവൾ യാത്രയ്ക്കൊരുങ്ങി. ജോസഫ് ആകട്ടെ ഒരു ഭാണ്ഡം സൂക്ഷ്മതയോടെ തിരയുന്നുണ്ടായിരുന്നു. അവൻ പറഞ്ഞു, "ആ ദിവ്യജ്ഞാനികൾ നൽകിയ വിലപിടിപ്പുള്ള പൊന്നും കുന്തിരിക്കവും മീറയും എന്റെ ഈ ഭാണ്ഡക്കെട്ടിലുണ്ട്. അതെന്നെ കൂടുതൽ വിഘ്നപ്പെടുത്തുന്നു."

സന്ദർഭത്തിന്റെ ഗൗരവം കുറച്ചെങ്കിലും മയപ്പെടുത്താനായി മറിയം സരസമായി പറഞ്ഞു, "അതു സൂക്ഷിക്കണം കളയരുത് അനേകനാൾ ജോലി ചെയ്യാതെ നിനക്ക് ഞങ്ങളെ തീറ്റിപ്പോറ്റാനുള്ള വകയാണത്."

ചിരിതൂകിക്കൊണ്ടുതന്നെ രണ്ടുപേരും കരങ്ങൾ കോർത്ത് പടിയിറങ്ങി. അവരുടെ സ്നേഹത്തിന്റെ ഭാരം താങ്ങാൻ അവരുടെ പാദങ്ങൾക്ക് കഴിഞ്ഞില്ല. അവർ കെട്ടുപിണഞ്ഞ് ആലിംഗനബദ്ധരായി.

നീണ്ട ആ രാത്രി അവസാനിക്കുകയാണ്, പുലരിയാകുന്നതിനുമുൻപുള്ള കളകോചനങ്ങൾ കേട്ടുതുടങ്ങി. പ്രഭാതമായാൽ അന്വേഷണങ്ങൾ ആരംഭിക്കും കുളമ്പടി ശബ്ദങ്ങൾ കേട്ടുതുടങ്ങും. കുഞ്ഞിപ്പൈതങ്ങളുടെ കരച്ചിലുകൾ എന്നേക്കുമായി അവസാനിക്കും കരച്ചിലും മുറവിളിയും ജറുസലേമിന്റെ അതിർത്തിവരെ പ്രകമ്പിതമാകും. മക്കൾ നഷ്ടപ്പെട്ട അപ്പന്മാരുടെ ഞെരിച്ചമർത്തപ്പെടുന്ന പല്ലുകളുടെ ശബ്ദം കിരുകിരാ കേൾക്കും. എല്ലാം നമ്മുടെ ഈ പൈതലിനുവേണ്ടി. ദൈവമേ ക്രൂരനായ ഹേറോദേസിന്റെ മനസ്സിന് മാറ്റം സംഭവിക്കണമേ. ഫറവോയുടെ ഹൃദയം പോലെ അവന്റേത് കഠിനമാകാതിരിക്കട്ടെ. മൗനം ഭേദിച്ചുകൊണ്ട് മറിയം ചോദിച്ചു, നാം എവിടേക്കാണീ യാത്ര? "ഈജിപ്തിലേക്ക് അതാണ് നമ്മുടെ ലക്ഷ്യം. നേരം പുലരുന്നതിന് മുൻപ് ഹേറോദേസിന്റെ അതിർത്തി നാം കടക്കണം." ജോസഫ് പറഞ്ഞു. സാധാരണ ആരും ഈ സമയം യാത്ര ചെ

യ്യാറില്ല. എല്ലാ യാത്രികരും വഴിയമ്പലങ്ങളിൽ തങ്ങാറാണ് പതിവ്. അതുകൊണ്ടുതന്നെ ആരെങ്കിലും കണ്ടാൽ തീർച്ചയായും ആക്രമിക്കപ്പെടും. മറിയത്തിന് ഇതൊക്കെ അറിയാം. എങ്കിലും വല്ലാത്തൊരു സുരക്ഷിതത്വം അവൾ ആസ്വദിക്കുന്നതുപോലെ ജോസഫിന് തോന്നി. അവളുടെ ആത്മവിശ്വാസം എന്നിലാണ്. എന്നാൽ എന്റെ ഹൃദയം ഭയചകിതമാകുന്നത് അവളറിയുന്നുമില്ല. കൂരിരുട്ടിലാണ് അവരുടെ യാത്ര, വഴി മാത്രമേ അവർക്ക് അറിയാൻ കഴിയുന്നുള്ളൂ. വശങ്ങളിൽ ഏതുതരം മരങ്ങളാണെന്നോ അവർ എവിടെ എത്തി എന്നോ ഒന്നും അറിയാൻ കഴിയുന്നില്ല. ആരെയെങ്കിലും കാണണമെങ്കിൽ ഒരുപക്ഷേ ഇനിയും മണിക്കൂറുകൾ കഴിയണം. കേട്ടറിവു മാത്രമേ ഉള്ളൂ ഈജിപ്തിൽ നൈൽ നദിയുടെ തീരങ്ങളിൽ നിറച്ച് പോപ്ലാർ മരങ്ങൾ ഇടതൂർന്നു നിൽക്കാറുണ്ടെന്നും, ഏറെ ഭാഗങ്ങളും മരുഭൂമിയാണെന്നും പിരമിഡുകളുടെയും വലിയ സംസ്കാര പൈതൃകത്തിന്റെയും തീരഭൂമിയാണെന്നതും.

അവർ ഏറെ നടന്നുകഴിഞ്ഞിരുന്നു. അപായ സൂചനകളൊന്നും ഇതേവരെ ഉണ്ടായില്ല. അത്ഭുതം എന്നുപറയട്ടെ ഉണ്ണിയേശു ഇതേവരെ ഉണർന്നിട്ടില്ല. നടത്തത്തിന്റെ അലച്ചിൽ പോലും ഏൽക്കാതെ അമ്മയുടെ കരങ്ങളിൽ അവൻ മയങ്ങുന്നുണ്ടായിരുന്നു. ഒന്നു കരങ്ങൾ നിവർത്തപ്പെടാൻ വേണ്ടിമാത്രം അവനെ ജോസഫിന്റെ കരങ്ങളിലേക്ക് മറിയം മാറ്റി. വീണ്ടും അമ്മയുടെ സുരക്ഷിതത്വത്തിലേക്കും ചിരപരിചിതമായ ആ ആലിംഗനത്തിലേക്കും അവൻ ശാന്തനായി മയങ്ങി.

ജോസഫ് പറഞ്ഞു, "പ്രിയേ ഇനി നമുക്ക് വിശ്രമിക്കാം. എന്നിട്ടാകാം യാത്ര. ഹേറോദേസിന്റെ അതിർത്തി നാം പിന്നിട്ടു എന്നുതോന്നുന്നു." മറിയം ഇഷ്ടത്തോടെ പറഞ്ഞു, അതേ...

പെരുവഴിയുടെ ഓരത്തേക്ക് പാദങ്ങൾ ആഴ്ന്നുപോകുന്ന മരുഭൂമിയുടെ മണൽക്കൂട്ടത്തിലേക്ക് അവളുടെ കൈയും പിടിച്ച് അവൻ ഇറങ്ങി. ഒരു കല്ലോ കള്ളിമുള്ളോ അവളുടെ പാദങ്ങൾ വ്രണിതമാക്കാതിരിക്കാൻ അവൻ എപ്പോഴും മുന്നേ നടന്നു. ഒരുപടു വൃക്ഷത്തിന്റെ ചുവട്ടിൽ അവർ ഇരുന്നു. ശാന്തമായ നിശ്വാസത്തോടെ ജോസഫ് അവന്റെ നെഞ്ചിലേക്ക് മറിയത്തെ പിടിച്ചു ചായിച്ചു. അവളുടെ ആ അഭയകേന്ദ്രത്തിൽ ഒരുമാടപ്രാവിന്റെ മയക്കംപോലെ അവൾ തലചായിച്ചു. സെഡാർ മരത്തിന്റെ ഇലകളിൽ നിന്നുവരുന്ന പരിമളമാണതെന്ന് ജോസഫിന് മനസ്സിലായി. ആ യാമം സുരഭിലമാക്കിക്കൊണ്ട് ഇളം കാറ്റടിച്ചു, സർവവും ശാന്തം സ്വസ്ഥം.

അൽപ്പം ദീർഘമായ ഒരു മയക്കത്തിന് ശേഷം ഭയത്തിന്റെ ഒരു കുളമ്പടിനാദം കേട്ടാണ് ജോസഫ് ഉണർന്നത്. കണ്ണുതുറന്നപ്പോൾ തന്നെ എല്ലാം സുന്ദരമായി കാണാൻ കഴിഞ്ഞു. നേരം പുലർന്നുവരുന്നു. നൈൽ നദി ഒഴുകുന്നു. സെഡാർ മരങ്ങൾ ഇടതൂർന്ന് നിൽക്കുന്നു. അതേ ഞങ്ങൾ ഈജിപ്തിലാണ്. എന്നാലും എന്താണ് കുതിര കുളമ്പടി ശബ്ദം. മറിയത്തെ പരിഭ്രാന്തയാക്കാതെ പതുക്കെ ജോസഫ് വഴിയോരത്തേക്ക് വന്നു. ആ ശബ്ദം അടുത്തടുത്തു വരുന്നു. അവർ ആരായിരിക്കും, ഹേറോദേസിന്റെ ഭടൻമാരായിരിക്കുമോ? ഞങ്ങളെ അന്വേഷിച്ചിറങ്ങിയ കിങ്കരൻമാർ. ഒരു മരത്തിന്റെ ചുവട്ടിൽ ഒളിച്ചുനിന്ന അവൻ ആ കാഴ്ച കണ്ടു. അവർ മൂന്നുപേരുണ്ട്. അവരുടെ മുഖം അവന് പരിചിതമായിരുന്നു. ഒരു രാത്രിയ്ക്ക് മുന്നേ നക്ഷത്രം വഴികാട്ടി ബത്‌ലഹേമിലെത്തിയ ആ ജ്ഞാനികൾ. അവർ സ്വദേശത്തേക്ക് മടങ്ങുകയാകും. എന്നാൽ അവരും പരിഭ്രാന്തരും ഭയചകിതരുമായിരുന്നു. അവരും ജീവനുവേണ്ടിയുള്ള ഓട്ടത്തിലാണോ? അവരെ തടഞ്ഞുനിർത്താനോ, വിശേഷങ്ങൾ അന്വേഷിക്കാനോ ജോസഫ് മുതിർന്നില്ല. ആ വേഗതയിൽ നിന്ന് അവന് മനസ്സിലായി അവരും ജീവരക്ഷാർത്ഥം ഓടുകയാണെന്ന്.

പേടിച്ചവശയായി നിൽക്കുന്ന മറിയത്തെ നോക്കി കൈകൾ വീശി കാണിച്ചുകൊണ്ട് നിറചിരിയോടെ ജോസഫ് അവളെ അടുത്തേക്ക് വിളിച്ചു. മറിയം അവന്റെ അടുത്തെത്തി അവന്റെ മിഴികളെ നോക്കി പറഞ്ഞു, "എനിക്കറിയാം ജോസഫ് നീ നൽകുന്ന സുരക്ഷിതത്വത്തിന് നൈൽ നദിയുടെ ആഴവും സെഡാർ മരത്തിന്റെ കാമ്പുമുണ്ടെന്ന്." അവർ യാത്ര തുടർന്നു. സൂര്യതാപങ്ങളുടെയും ഹിമകണങ്ങളുടെയും ആ ജനുവരി പുലരിയിൽ ഈജിപ്തിന്റെ ഹൃദയാന്തർഭാഗത്തേക്ക്. ●





**16 വർഷത്തിലേറെക്കാലം ഒരുവള്ളത്തിനടിയിൽ അനുഭവിച്ചുതീർത്ത ദുരിത ജീവിതത്തിൽ നിന്ന് രാജമ്മയും ഭർത്താവ് ശേശുരത്തിനവും തിരമാലകളുടെ കൈയെത്തും ദൂരത്തുനിന്ന് പുവാർ ഇടവക നൽകിയ സ്ഥലത്ത് അമേരിക്കൻ സന്നദ്ധ സംഘടനയുടെ സഹായത്തോടെ തിരുവനന്തപുരം സോഷ്വൽ സർവീസ് സൊസൈറ്റി നിർമ്മിച്ചു നൽകുന്ന ഭവനത്തിലേക്ക് താമസം മാറ്റാൻ ഒരുങ്ങുകയാണ്.**

# വള്ളമറയ്ക്കുള്ളിൽ നിന്ന് രാജമ്മ സ്വപ്നസാക്ഷാൽക്കാരത്തിലേക്ക്

മാനത്തെ മഴക്കാറും കടലിലെ കോളിളക്കവും രാജമ്മയെ ഇന്ന് അലോരസപ്പെടുത്താറില്ല. കാരണം രാജമ്മ കെട്ടുറപ്പുള്ള ഒരു ഭവനത്തിന് ഉടമയാവുകയാണ്. 16 വർഷത്തിലേറെക്കാലം ഒരുവള്ളത്തിനടിയിൽ അനുഭവിച്ചു തീർത്ത ദുരിത ജീവിതത്തിൽ നിന്ന് രാജമ്മയും ഭർത്താവ് ശേശുരത്തിനവും തിരമാലകളുടെ കൈയെത്തും ദൂരത്തുനിന്ന് പൂവാർ ഇടവക നൽകിയ സ്ഥലത്ത് അമേരിക്കൻ സന്നദ്ധ സംഘടനയുടെ സഹായത്തോടെ തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റി നിർമ്മിച്ചു നൽകുന്ന ഭവനത്തിലേക്ക് താമസം മാറ്റാൻ ഒരുങ്ങുകയാണ്. എന്നും ദുരിതവും ദുരന്തങ്ങളും മാത്രം കൂടപ്പിറപ്പായി ഉണ്ടായിരുന്ന രാജമ്മയ്ക്ക് ഒരു ജീവിതാഭിലാഷമാണ് കയറിക്കിടക്കാൻ ഒരു വീട്.

രാജമ്മയുടെ ജീവിതം എന്നും ഒരു ദുരന്തമായിരുന്നു. ചെറുപ്പം മുതൽ രാജമ്മ ജീവിച്ചുതീർത്ത ദുരന്തങ്ങളറിഞ്ഞാൽ മനുഷ്യത്വമുള്ളവർ തലയിൽ കൈവച്ച് വിളിച്ചുപോകും, ദൈവമേ ശത്രുവിനുപോലും ഇതുപോലൊരു ഗതികേട് നൽകരുതേ എന്ന്. ഉറ്റവരും ഉടയവരും പുറം തള്ളിയപ്പോഴും, ബാല്യം പിന്നിട്ട മക്കൾ നഷ്ടപ്പെടുമ്പോഴും, സ്നേഹിച്ച് ജീവിതത്തിൽ കൂട്ടിയ ഭർത്താവ് ദുശീലങ്ങൾക്ക് അടിമയായപ്പോഴും എല്ലാം തന്റെ വിധിയെന്നോർത്ത് കരഞ്ഞുതീർക്കാനേ രാജമ്മയ്ക്ക് കഴിഞ്ഞിരുന്നുള്ളൂ. അതുകൊണ്ടുതന്നെ രാജമ്മയുടെ ജീവിതം ഇതുവരെ ആരും കാണാതെ പോയി. രണ്ടായിരം രൂപകൊടുത്ത് വാങ്ങിയ ഉപയോഗശൂന്യമായ ഒരു വള്ളം കമഴ്ത്തിയിട്ട് കടലാസും ഫ്ളക്സും തുണിയും കൊണ്ട് മറച്ച് അതിനുള്ളിൽ ഇഴജന്തുക്കളെപ്പോലെ കയറി ചുരുണ്ടുകൂടിയുള്ള ഒരു ജീവിതം. ഒന്നല്ല പതിനാറുവർഷം.

തിരുവനന്തപുരം പൂവാർ സ്വദേശിയായ രാജമ്മയുടെ ദുരിതജീവിതം തുടങ്ങുന്നത് 16-ാം വയസ്സിലാണ്. തമിഴ്നാട്ടിലെ മണ്ടക്കാട് കുതൂർ ഗ്രാമത്തിൽ നിന്ന് കടൽപ്പണിക്കായി പൂവാറിലെത്തിയ ശേശുരത്തിനത്തെ പ്രണയിച്ച് വിവാഹം കഴിച്ച് ഭർതൃവീട്ടിൽ എത്തിയതോടെയാണ് രാജമ്മയുടെ ജീവിതത്തിന് താളം തെറ്റാൻ തുടങ്ങിയത്. ഭർതൃവീട്ടുകാരുടെ നിസഹകരണം, ഭർത്താവിന്റെ മദ്യപാനം, രണ്ട് കുഞ്ഞുങ്ങളുടെ സംരക്ഷണം. നിവർത്തിയില്ലാതെ വന്നപ്പോൾ പറക്കമുറ്റാത്ത കുഞ്ഞുങ്ങളെയും കൂട്ടി രാജമ്മ പൂവാറിലേക്ക് തന്നെ തിരിച്ചുപോന്നു. പക്ഷേ, സ്വന്തം വീട്ടുകാരുടെ സമീപനം രാജമ്മയെ വീണ്ടും തളർത്തി. അതിനിടെ മൂത്തമകൻ ആൾടോ ജ്വരം ബാധിച്ചുമരിച്ചു. കയ്യിലുണ്ടായിരുന്നതും കടം വാങ്ങിയും ചികിത്സിച്ചെങ്കിലും 14 വർഷം ഊട്ടിവളർത്തിയ മകന്റെ ജീവൻ തിരിച്ചുപിടിക്കാൻ രാജമ്മയ്ക്ക് കഴിഞ്ഞില്ല. വീടുകൾ തോറും കയറിയിറങ്ങി ഇരന്നുവാങ്ങിയും മീൻവിറ്റും, ജീവിതം കരുപ്പിടിപ്പിക്കാനുള്ള ശ്രമത്തിൽ മകൻ ഒരു താങ്ങാവുമല്ലോ എന്ന ആശ്വാസമാണ് വിധി



ജ്വരത്തിന്റെ രൂപത്തിൽ മകനിലൂടെ തട്ടിത്തെറിപ്പിച്ചത്. പിന്നെ എല്ലാ പ്രതീക്ഷയും മകൾ ജയചിത്ര എന്ന സുന്ദരിയിലായിരുന്നു. അവിടെയും വിധി രാജമ്മയ്ക്ക് അനുകൂലമായിരുന്നില്ല. നാട്ടുകാർ പറഞ്ഞുണ്ടാക്കിയ അപവാദത്തിൽ മനംനൊന്ത് 16-ാം വയസ്സിൽ പ്രിയപ്പെട്ട മകളും ജീവനൊടുക്കി. കരൾ കുത്തിപ്പറിക്കുന്ന വേദനയോടെ രാജമ്മ ശേഷജീവിതത്തോട് പൊരുത്തപ്പെടാൻ ശ്രമിച്ചു. ഇത്രയൊക്കെയായിട്ടും വിധി രാജമ്മയോട് കരുണ കാണിച്ചില്ല. അസുഖത്തെ തുടർന്ന് കാലുകൾക്ക് ബലക്ഷയം വന്നുതുടങ്ങിയ ഭർത്താവിനേയും കൂട്ടി സ്വന്തം കൂടപ്പിറപ്പുകളുടെ ഉപദ്രവും സഹിക്കവയ്യാതെ വീടുവിട്ടിറങ്ങേണ്ടിവന്നു രാജമ്മയ്ക്ക് പിന്നീട്. ആ യാത്ര രാജയമ്മയെ കൊണ്ടുചെന്നെത്തിച്ചത് കമഴ്ത്തിവച്ച വള്ളത്തിനിടിയിലെ ചുരുണ്ടുകൂടിയ ജീവിതത്തിലേക്കാണ്. ആ ജീവിതം 16 വർഷം പിന്നിടുന്നു. ഇന്ന് വീടുവീടാന്തരം കയറിയിറങ്ങി മീൻവിറ്റ് ജീവിക്കുന്ന രാജമ്മയ്ക്ക് പുതിയവീട് ഒരു സ്വപ്ന സാക്ഷാൽക്കാരമാണ്. അതോടൊപ്പം ഈ കുടുംബത്തെ കണ്ടെത്തി സഹായിക്കാൻ കഴിഞ്ഞത് ചാരിതാർഥ്യം നിറഞ്ഞ ഒരു പുണ്യപ്രവർത്തിയാണെന്നുകൂടി ഭവനനിർമ്മാണത്തിന് നേതൃത്വം നൽകുന്ന റ്റിഎസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജും, ഹൗസിംഗ് നോഡൽ ഓഫീസർ എം.ജെറാൾഡും പറയുമ്പോൾ ഈ സൽക്കർമ്മത്തിന് തിളക്കമേറെയാണ്. ●


തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ഇടവകകളിലെ
കിടപ്പുരോഗികൾക്ക് സഹായഹസ്തവുമായി
ലെന്നി പീറ്റേഴ്സ് ഫൗണ്ടേഷൻ

LENNY PETERS
foundation




# വാർത്തകൾ

## ഏകദിന പഠനക്ലാസ് സംഘടിപ്പിച്ചു

**പൂത്തുറ:** പൂത്തുറ സെന്റ് റോക്സ് ഇടവകയിൽ അല്മായ ശുശ്രൂഷ സമിതിയുടെ ആഭിമുഖ്യത്തിൽ ഭക്തസംഘടനകൾക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു. അതിരൂപതാ അല്മായ ശുശ്രൂഷാ ഡയറക്ടർ ഫാ. ടോണി ഹാംലെറ്റ് ക്ലാസ് നയിച്ചു.

അല്മായർ ദൈവത്തിന്റെ പ്രിയജനമാണെന്നും ദൈവത്തെപ്പോലെ പ്രവർത്തിക്കാൻ വിശ്വാസികൾക്ക് കഴിയണമെന്നും ഫാ. ടോണി ഹാംലെറ്റ് പറഞ്ഞു. ഭക്തസംഘടനകൾ തിരുസഭയോട് ചേർന്നുനിന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്നും കാരുണ്യ പ്രവർത്തികളിലൂടെ സഭയുടെ കരുത്തായി മാറണമെന്നും ദൈവഹിതം മനസ്സിലാക്കി സ്വയം നവീകരിക്കാനും അങ്ങനെ സഭയുടെ കരുത്തായി മാറാനും ദൈവജനത്തിന് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. ശരീരത്തിലെ ഓരോ അവയവങ്ങൾ പോലെയാണ് സഭയിൽ ഓരോ സംഘടനകളെന്നും തങ്ങളുടെ കർത്തവ്യങ്ങൾ പൂർണമായും നിർവഹിക്കപ്പെട്ടാൽ മാത്രമേ തിരുസഭയിൽ ജീവശ്വാസമുള്ള ഒരു നേതൃത്വത്തെ വളർത്തിക്കൊണ്ടുവരാൻ കഴിയുകയുള്ളൂവെന്നും അതിനായി വിശ്വാസികളെല്ലാവരും അണിചേരണമെന്നും അദ്ദേഹം പറഞ്ഞു.

സഭയുടെ ലക്ഷ്യമെന്നത് അല്മായശക്തീകരണമാണെന്നും ഇടവകയുടെ വളർച്ചയ്ക്ക് അലമായ സംഘടനകളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്നും ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ച ഇടവക വികാരി ഫാ. ജോസ് ഫ്രാങ്ക്ളിൻ അഭിപ്രായപ്പെട്ടു. ചടങ്ങിൽ അല്മായ ശുശ്രൂഷാ കൺവീനർ ഷെർളി പ്രസംഗിച്ചു.



*അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ (2019–20) പ്രഥമയോഗം ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുന്നു*

## അതിരൂപതാ പാസ്റ്ററൽ കൗൺസിൽ (2019–20) ചുമതലയേറ്റു

**തിരുവനന്തപുരം:** അതിരൂപതയാകുന്ന പ്രാദേശികസഭയ്ക്ക് തിളക്കം കൂട്ടുന്ന ആശയങ്ങളും പ്രവർത്തനശൈലിയുമായിരിക്കണം ഓരോ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സ്വീകരിക്കേണ്ടതെന്ന് അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ഇന്നത്തെ സഭയുടെ ആവശ്യകതകളെക്കുറിച്ച് ബോധ്യവും ഊന്നൽ നൽകേണ്ട മേഖലകളും കണ്ടറിഞ്ഞ് പ്രവർത്തിക്കാനും അതുവഴി യേശുവിന്റെ സുവിശേഷം പ്രഘോഷിക്കുവാനും ഏവർക്കും കഴിയണമെന്നും ആർച്ച്ബിഷപ്പ് പറഞ്ഞു. 2019–20 വർഷത്തെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്.

അനുതാപത്തിലൂടെയും വിശ്വാസത്തിലൂടെയും ദൈവരാജ്യത്തിലേക്ക് വളരുവാനുള്ള പരിശീലനം നൽകാനും സ്വജീവിതത്തിൽ അത് പ്രാവർത്തികമാക്കി വിശ്വാസത്തിൽ ആഴപ്പെടാനും വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിക്കാനും ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധചെലുത്തിയാൽ പോരെന്നും വിശ്വാസത്തിൽ ആഴപ്പെടാനും ഓരോ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കും കഴിയണമെന്ന് ആർച്ച് ബിഷപ്പ് പറഞ്ഞു.

ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അധ്യക്ഷനായ പാസ്റ്ററൽ കൗൺസിലിൽ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ, പ്രൊഫ. എസ്.വർഗീസ് എന്നിവർ വൈസ് പ്രസിഡന്റുമായിരിക്കും.

പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി ഡോ. സിന്ധ്യ വിൽഫ്രഡും ജോയിന്റ് സെക്രട്ടറിയായി ഡെറൻസ് ഹിലാരി, ട്രഷററായി ഫാ. ജൂഡിത് പയസ് ലോറൻസ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. രൂപതാ സെനറ്റിലേക്ക് മോൺ. സി.ജോസഫ്, മോൺ. യൂജിൻ എച്ച്.പെരേര, മോൺ. ജെയിംസ് കുലാസ്, സന്യസ്തരുടെ പ്രതിനിധികളായി ഫാ. തോമസ് താന്നിയിൽ, ഫാ. വർഗീസ് ജോൺ, ഫാ. വിക്ടർ എവരിസ്റ്റസ്, സിസ്റ്റർ ലിസിയ, സിസ്റ്റർ സുനിത, സിസ്റ്റർ ലീന, കെആർഎൽസിസി പ്രതിനിധികളായി മോൺ. യൂജിൻ എച്ച്.പെരേര, മോൺ. ജെയിംസ് കുലാസ്, പ്രൊഫ. എസ്.റെയ്മണ്ട്, പാട്രിക് മൈക്കിൾ, സെലിൻ നെൽസൺ, ഷേർളി ജോണി, സിസിഐ പ്രതിനിധികളായി ഫാ. ജോൺ ബോസ്കോ, ഫ്രാൻസിസ് സണ്ണി, ഡോ. സിന്ധ്യ വിൽഫ്രഡ്, വിമല സ്റ്റാൻലി, തർക്ക പരിഹാര സമിതി അംഗങ്ങളായി അഡ്വ. എം.എ.ഫ്രാൻസിസ്, ഡാഫിനി പാപ്പച്ചൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ക്രിസ്തുമസ്-പുതുവത്സര പ്രവർത്തനങ്ങൾ

തിരുവനന്തപുരം: പൂന്തുറ ഇടവകയിലെ സെന്റ് ബെനഡിക്ട്, സെന്റ് ആന്റണി കോൺഫറൻസുകളുടെ നേതൃത്വത്തിൽ 45 കുടുംബങ്ങൾക്ക് 750/- രൂപവീതമുള്ള ക്രിസ്തുമസ് കിറ്റ് ഇടവക വികാരി ഫാ. ബെബിൻസൺ വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, പൂന്തുറ വാർഡ് കൗൺസിലർ പീറ്റർ സോളമൻ എന്നിവർ ആശംസകളർപ്പിച്ചു. കോൺഫറൻസ് പ്രസിഡന്റ് ഡേവിഡ്, സി. മറിയാമ്മ, ആന്റണി ക്ലമ്മന്ത്, സി. ലൂന തുടങ്ങിയവർ നേതൃത്വം നൽകി. കഴക്കൂട്ടം ഫാത്തിമ മാത കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ 5 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം തയ്യൽ മിഷ്യൻ ഇടവകവികാരി ഫാ. ഡി. തോമസ് വിതരണം ചെയ്തു. കൂടാതെ 50 നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷ്യ സാധനങ്ങളും വിതരണം ചെയ്തു. ഡോൺബോസ്കോ ആശംസകളർപ്പിച്ചു. കോൺഫറൻസ് പ്രസിഡന്റ് ലോറൻസ്. റ്റി. ജെ, കോൺഫറൻസ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

നന്ദൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടയാർ, പരുത്തിക്കുഴി ഇടവകളിൽ തിരഞ്ഞെടുക്കപ്പെട്ട 50 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റുകൾ പരുത്തിക്കുഴി ഇടവകവികാരി ഫാദർ ബീഡ്മനോജ് വിതരണം ചെപ്പ്. നന്ദൻക്കോട് കോൺഫറൻസ് പ്രസിഡന്റ് പയസ്ചന്ദ്ര, റോളിംഗ് ഫെർണാണ്ടസ് തുടങ്ങിയവർ നേതൃത്വം നൽകി.



മുരുക്കുംപുഴ ലിറ്റിൽ ഫ്ളവർ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരം നൽകിയ തയ്യൽ മെഷീനുകളുടെ വിതരണം ഫാ. തോമസ് നെറ്റോ നിർവഹിക്കുന്നു

പുതിയതുറ ഇടവകയിലെ സെന്റ് നിക്കോളസ് കോൺഫറൻസും, ദുബായ് സെന്റ് നിക്കോളസ് കോൺഫറൻസും സംയുക്തമായി നിരവധി കുടുംബങ്ങൾക്കുള്ള ഭക്ഷണകിറ്റും സ്വയം തൊഴിൽ പദ്ധതി പ്രകാരം മത്സ്യകച്ചവട ലോണും വിതരണം ചെയ്തു. ഇടയാർ ഫാത്തിമ മാത ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും സാമ്പത്തികസഹായവും ഭക്ഷണ സാധനങ്ങളും വിതരണം ചെയ്തു. ദുബായ് കോൺഫറൻസ് പ്രസിഡന്റ് വിൻസെന്റ്, പുതിയതുറ കോൺഫറൻസ് പ്രസിഡന്റ്, വില്ല്യം, സഖറിയാസ് എന്നിവർ നേതൃത്വം നൽകി. വലിയുറ, സെന്റ് ആന്റണി, സെന്റ് ജോർജ്, സെന്റ് മേരി കുഴിവിളാകം, എന്നി കോൺഫറൻസുകളുടെ നേതൃത്വത്തിൽ 250 കുടുംബങ്ങൾക്കുള്ള ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു. ഇടവക സഹവികാരി ഫാദർ സുദീഷ് സഖറിയാസ്, സ്റ്റീഫൻ കുലാസ് ആശംസകളർപ്പിച്ചു. ശേശയ്യ, സാംസൺ, സി. ഫാത്തിമ ജോസഫ്, സി. ഷേർളി തുടങ്ങിയവർ നേതൃത്വം നൽകി.




കഴക്കൂട്ടം ഫാത്തിമമാതാ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം നൽകിയ തയ്യൽമെഷീനുകളുടെ വിതരണം ഫാ. ഡി. തോമസ് നിർവഹിക്കുന്നു

അടിമലത്തറ ഫാത്തിമ മാത, വല്ലവിള സെന്റ് ആന്റണി, പരുത്തിയൂർ സെന്റ് മേരി മഗ്ദലേന, എന്നി കോൺഫറൻസുകളുടെ ആഭിമുഖ്യത്തിൽ മത്സ്യകച്ചവട ലോൺ വിതരണം ചെയ്തു. മുരുക്കുംപുഴ ഇടവകയിലെ ലിറ്റിൽ ഫ്ളവർ കോൺഫറൻസിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പദ്ധതിപ്രകാരം 11 കുടുംബങ്ങൾക്ക് തയ്യൽ മിഷ്യൻ ഇടവക വികാരി ഫാ. തോമസ് നെറ്റോ വിതരണം ചെയ്തു. സെൻട്രൽ കൗൺസിൽ ബോർഡ് അംഗം പോൾ മിരാൻഡ ആശംസകളർപ്പിച്ചു.

ഓഖിയിൽപ്പെട്ട് ദുരിതമാനുഭവിക്കുന്ന 5 കുടുംബങ്ങൾക്ക് പ്രതിമാസം നൽകുന്ന ധനസഹായം അതാത് ഇടവക വികാരിമാരായ ഫാദർ. ബിനു അലക്സ്, ഫാദർ. ഡാർവിൻ, ഫാദർ. ബെബിൻസൺ, ഫാദർ. ജസ്റ്റിൻ ജൂഡിൻ, ഫാദർ. മരിയ ലൂസിയാൻ എന്നിവർ വിതരണം ചെയ്തു.

# നവകേരളനിർമ്മിതി: തീരദേശത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാകണം – വിദഗ്ദ സമിതി

തിരുവനന്തപുരം: പ്രളയാനന്തര നവകേരള നിർമ്മിതി തീരദേശത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാകണമെന്നും ഇതിനായി സമഗ്രമായൊരു തീര-സമുദ്ര നയം രൂപീകരിക്കണമെന്നും തിരുവനന്തപുരത്തു ചേർന്ന കടൽ - മത്സ്യമേഖലയിലെ വിദഗ്ദരുടെ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.



*തിരുവനന്തപുരത്തു ചേർന്ന കടൽ - മത്സ്യമേഖലയിലെ വിദഗ്ദരുടെ സമ്മേളനം*

തീരദേശമേഖലയെ കുത്തകകൾക്ക് തീറെഴുതി നല്കുന്ന തീര നിയന്ത്രണ വിജ്ഞാപനം ഭേദഗതി ചെയ്ത് തീരം മത്സ്യത്തൊഴിലാളികൾക്കായി ഉറപ്പുവരുത്തണമെന്നും ഇതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും സമ്മേളനം നിർദ്ദേശിച്ചു.

ജീവന്റെ നിലനില്പ് ജലസ്രോതസ്സുകളെയും കടലിനെയും ആശ്രയിച്ചിരിക്കുന്നുവെന്ന തിരിച്ചറിവിൽ കേരളത്തിന്റെ പ്രത്യേകതയാർന്ന ഭൂപ്രകൃതി സംരക്ഷിച്ചുകൊണ്ടുള്ള സംയോജിത തീരദേശ വികസന സമീപനമാണ് ഉണ്ടാകേണ്ടത്. ജലസ്രോതസ്സുകളുടെ നശീകരണമാണ് തീരദേശത്തേയ്ക്കുള്ള ജൈവാംശങ്ങളുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നത്. ഇത് കടൽ വിഭവങ്ങളുടെ ലഭ്യതക്കുറവിന് കാരണമാകുന്നു. അതിനാൽ പ്രകൃതിയുടെ നിലനില്പിന് നിദാനമായ കടലിനെയും തീരത്തെയും സംരക്ഷിച്ചുകൊണ്ടുള്ള വികസന സമീപനമാണ് നവകേരള നിർമ്മിതിയിൽ കേരളത്തിന് അഭികാമ്യമെന്നും കേരളത്തിലെ വിവിധ മത്സ്യമേഖല പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ റ്റി.എസ്.എസ്.എസ്. ഹാളിൽ മോൺ. യൂജിൻ എച്ച്. പെരേരയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം അഭിപ്രായപ്പെട്ടു. യോഗത്തിൽ അക്വാട്ടിക് ബയോളജി മേധാവി ഡോ. ബിജു കുമാർ മുഖ്യ പ്രഭാഷണം നടത്തി.

ഉൾക്കടൽ മത്സ്യശേഖരണം, ഫിഷിംഗ് മേഖലയിൽ സ്ത്രീ പങ്കാളിത്തം, മത്സ്യബന്ധന യാന നിയന്ത്രണം, തീരസംരക്ഷണം എന്നിവയോടൊപ്പം ഒരു ദീർഘകാല തീര - ഭൂവിനിയോഗ നയം രൂപപ്പെടേണ്ടതുണ്ടെന്നും സമ്മേളനം അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ മോൺ. ജെയിംസ് കുലാസ്, വി. വിവേകാനന്ദൻ, ചാൾസ് ജോർജ്ജ്, ഫാ. റൊമാൻസ് ആന്റണി, ഡോ. റ്റിറ്റോ, പ്ലാസിഡ് ഗ്രിഗറി, ജോൺ ബോസ്കോ, മത്യാസ് കൊല്ലം, ടി. പീറ്റർ, ഓസ്റ്റിൻ ഗോമസ്, അഡ്വ. എം.എ. ഫ്രാൻസിസ്, ഫാ. ഷാജിൻ ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.




*തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്കൂൾ സ്പോർട്സ് അക്കാദമിയുടെ ജേഴ്സി അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പുറത്തിറക്കുന്നു. സ്കൂൾ മാനേജർ ഫാ. ഡൈസൻ വൈ, ഫാ. രജീഷ് തുടങ്ങിയവർ സമീപം*



*നന്ത്യാതി വേളാങ്കണ്ണിമാതാ ഇടവകയിൽ ഇടയസന്ദർശനത്തിനെത്തിയ രൂപതാധ്യക്ഷനെ ഇടവക വികാരി ഫാ. വിക്ടർ എവരിസ്റ്റസ് സ്വീകരിക്കുന്നു*

# വാർത്തകൾ





*കെഎൽസിഎ അതിരൂപത ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട പാട്രിക് മൈക്കിൾ (പ്രസിഡന്റ്), ജോസ് മെസ്മിൻ (സെക്രട്ടറി), ഫെനിൽ ആന്റണി (ട്രഷറർ)*

## ഓഖി: സർക്കാർ വാഗ്ദാനങ്ങൾ നടപ്പിലാക്കണം – കെഎൽസിഎ

**തിരുവനന്തപുരം:** ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ അടിയന്തിരമായി പാലിക്കണമെന്ന് കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം അതിരൂപതാ സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. ഒരു വർഷം കഴിഞ്ഞിട്ടും വാഗ്ദാനങ്ങൾ പാലിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. സർക്കാർ നൽകിയ വാഗ്ദാനങ്ങൾ പൂർണമായി നടപ്പിലാക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ പരിപാടികളുമായി മുന്നോട്ടുപോകുമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ലാറ്റിൻ കാത്തലിക് അസോസിയേഷൻ ജനറൽ കൗൺസിൽ യോഗം മുന്നറിയിപ്പ് നൽകി.

കെഎൽസിഎ തിരുവനന്തപുരം അതിരൂപത പ്രസിഡന്റായി പാട്രിക് മൈക്കിളിനേയും ജനറൽ സെക്രട്ടറിയായി ജോസ് മെസ്മിൻ ട്രഷററായി ഫെനിൽ ആന്റണി എന്നിവരേയും യോഗം തെരഞ്ഞെടുത്തു. ജാക്സൻ ഫെൻസിംഗ്, ലളിത ബെൻസി, ആന്റണി ഗ്രേഷ്യസ്, മേരി ഗ്ലാഡിസ് (വൈസ് പ്രസിഡന്റുമാർ), പീറ്റർ പെരേര, യേശുരത്നം, നിക്ലാസ്, ജെനി ജോസ് (സെക്രട്ടറിമാർ) എന്നിവരേയും അൽമായ കമ്മിഷൻ ഡയറക്ടർ ഫാ. ടോണി ഹാംലെറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം തെരഞ്ഞെടുത്തു.



*സെക്രട്ടേറിയറ്റുനടയിൽ കെഎൽസിഎയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ സമുദായവക്താവ് ഷാജി ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു.*

## സംവരണനിഷേധത്തിനെതിരെ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ നടത്തി

തിരുവനന്തപുരം: കെ.എ.എസ് -ലെ സംവരണ നിഷേധത്തിനെതിരെ കെആർഎൽസിസി സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ വിവിധസംഘടനകൾ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ നടത്തി പ്രതിഷേധിച്ചു.

പുതുതായി രൂപപ്പെടുത്തിയ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തി എല്ലാ വിഭാഗങ്ങളിലും പട്ടികജാതി - പട്ടികവർഗ, ലത്തീൻ കത്തോലിക്ക - ദലിത് ക്രൈസ്തവർ ഉൾപ്പെടെയുള്ള പിന്നാക്ക സമുദായങ്ങൾക്ക് ആനുപാതിക സംവരണ പ്രാതിനിധ്യം ഉറപ്പാക്കണമെന്നാവശ്യപ്പെട്ടായിരുന്നു ധർണ. കെആർഎൽസിസി വൈസ് പ്രസിഡന്റ് ഷാജി ജോർജ് ധർണ ഉദ്ഘാടനം ചെയ്തു. കെആർഎൽസിസി ജനറൽ സെക്രട്ടറി ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ, ഫാ. തോമസ് തറയിൽ, മോൺ. ജി. ക്രിസ്തുദാസ്, ഫാ. ഷാജ്കുമാൻ, അഡ്വ. ഷെറി ജെ. തോമസ്, ഫാ. ജോസ് സെബാസ്റ്റ്യൻ, സ്മിത ബിജോയ്, ആന്റണി നൊറോണ, ജെയിൻ ആൻസിൽ ഫ്രാൻസിസ്, ജെയിംസ് എരിഞ്ഞേലിൽ, പാട്രിക് മൈക്കിൾ, അൽഫോൺസ് ആന്റലിഫ്, അനിൽ ജോൺ, ഡി. രാജു, ഫാ. ലെനിൻ ഫെർണാണ്ടസ് തുടങ്ങിയവർ പ്രസംഗിച്ചു. പിന്നാക്കവിഭാഗങ്ങൾക്കുള്ള സംവരണം ഉറപ്പുവരുത്തണമെന്ന ആവശ്യം ഉൾപ്പെടെ ഏഴിന ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം കെആർഎൽസിസി മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തുടർ ദിവസങ്ങളിൽ നൂറ് കേന്ദ്രങ്ങളിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കുമെന്നും കെആർഎൽസിസി നേതൃത്വം അറിയിച്ചു.



*അതിരൂപതാ കുടുംബ പ്രേഷിത കമ്മിഷന്റെ ആഭിമുഖ്യത്തിൽ പ്രൊഫഷണൽ കൗൺസിലേഴ്സിനുവേണ്ടി സംഘടിപ്പിച്ച ഏകദിന സെമിനാർ ബിഷപ്പ് ഡോ. ക്രിസ്തുദാസ് ആർ. ഉദ്ഘാടനം ചെയ്യുന്നു*

## കെസിവൈഎം തിരുവനന്തപുരം ലത്തീൻ അതിരൂപത 2019–20 ഭരണസമിതി











രണ്ടുവർഷം പൂർത്തിയാക്കി വിരമിക്കുന്ന കെഎൽഎം അതിരൂപതാ സമിതി അംഗങ്ങൾ ഡയറക്ടർ ഫാ. ലെനിൻരാജ്, ഫാ. ജോൺ ഡാൾ, കോ-ഓർഡിനേറ്റർ അന്നാ റീത്ത എന്നിവരോടൊപ്പം.

മലമുകൾ ചൈൽഡ് പാർലമെന്റ് അംഗങ്ങൾ വിളപ്പിൽശാല ആസ്വാസ് ഭവൻ സന്ദർശിച്ച് അന്തേവാസികളോടൊപ്പം ക്രിസ്മസ് ആഘോഷിച്ചപ്പോൾ. ഇടവക വികാരി ഫാ. ലെനിൻരാജ് കേക്കുമുറിച്ച് അന്തേവാസികൾക്ക് നൽകുന്നു.




വെള്ളയമ്പലം ജീവജ്യോതി പ്രസിൽ പുതുതായി സ്ഥാപിച്ച മൾട്ടികളർ പ്രിന്റിംഗ് പ്രസ്സിന്റെ ആശീർവാദം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ.സൂസപാക്യം നിർവഹിക്കുന്നു. പ്രസ്സ് ഡയറക്ടർ ഫാ. ജൂഡിത് പയസ് സമീപം




# അൽമായർക്ക് വിശുദ്ധ കുർബ്ബാനയുടെ ശുശ്രൂഷകരാകാൻ കഴിയുമോ?



തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽപ്പെട്ട കൊച്ചുവേളി ഇടവകാംഗമാണ് ഞാൻ. വിദേശത്ത് പോകാനൊരുങ്ങുന്ന എന്റെ മകളുടെ ഒരാവശ്യവുമായി ബന്ധപ്പെട്ട് അവളോടൊപ്പം ഞാനും ഒരാഴ്ച സമയത്തേയ്ക്ക് മുംബെയിൽ പോയിരുന്നു. ഞങ്ങൾ താമസിച്ച സ്ഥലത്തിനടുത്തുള്ള പള്ളിയിലാണ് ഞായറാഴ്ച കുർബ്ബാനയ്ക്ക് ഞങ്ങൾ പോയത്. കുർബ്ബാന സ്വീകരണ സമയത്ത്, വൈദികനെ കൂടാതെ ഏതാനും പുരുഷന്മാരും സ്ത്രീകളും ആളുകൾക്ക് കുർബ്ബാന നല്കിയത് എനിക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. നമ്മുടെ നാട്ടിൽ ഞാനങ്ങനെ കണ്ടിട്ടുമില്ല. കുർബ്ബാന നൽകാൻ സാധാരണ ആളുകളെ സഭ അനുവദിക്കുന്നുണ്ടോ?

വിശുദ്ധ കുർബ്ബാന വിതരണം ചെയ്യുന്ന കാർമ്മികനെ സംബന്ധിച്ച വിവരം കാണുന്നത് ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 910-ലും പൗരസ്ത്യ സഭയ്ക്കു വേണ്ടിയുള്ള കാനോൻ നിയമം (CCEO) 709-ലുമാണ്. CIC 910 § 1, CCEO 709 § 1 എന്നിവ വിശുദ്ധ കുർബ്ബാന വിതരണം ചെയ്യുന്ന സാധാരണ കാർമ്മികരെയും CIC 910 § 2, CCEO 709 § 2 എന്നിവ വിശുദ്ധ കുർബ്ബാന വിതരണം ചെയ്യുന്ന അസാധാരണ കാർമ്മികരെയും കുറിച്ച് വിവരിക്കുന്നു. CIC 910 § 1 പ്രകാരം, വിശുദ്ധ കുർബ്ബാന വിതരണം ചെയ്യുന്ന സാധാരണ കാർമ്മികൻ മെത്രാനും, വൈദികനും ഡീക്കനുമാണ്. CCEO 709 § 1 പ്രകാരം, വിശുദ്ധ കുർബ്ബാന വിതരണം ചെയ്യുന്ന സാധാരണ കാർമ്മികൻ പുരോഹിതനാണ് (മെത്രാനും, വൈദികനും). സ്വയം ഭരണാധികാര സഭകൾക്ക് നിയമനിർമ്മാണത്തിലൂടെ ഡീക്കനെ വിശുദ്ധ കുർബ്ബാന വിതരണത്തിന്റെ സാധാരണ കാർമ്മികനാക്കാവുന്നതാണ്. സീറോ മലബാർ സഭയിലും മലങ്കര കത്തോലിക്കാ സഭയിലും ഡീക്കൻ വിശുദ്ധ കുർബ്ബാന വിതരണത്തിന്റെ സാധാരണ കാർമ്മികൻ തന്നെയാണ്.

CIC 910 §2 പ്രകാരം അക്കോലിത്ത് വിശുദ്ധ കുർബ്ബാന വിതരണത്തിന്റെ അസാധാരണ കാർമ്മികനാണ്. CIC 910 §2, 230§ 3 എന്നിവപ്രകാരം മെത്രാന്മാരുടെ കോൺഫറൻസിന്റെ ഡിക്രി അനുസരിച്ചും CCEO 709 § 2 പ്രകാരം സ്വയം ഭരണാധികാര സഭകളുടെ തീരുമാനമനുസരിച്ചും അൽമായരെ വിശുദ്ധ കുർബ്ബാന നൽകുന്നതിന് ചുമതലപ്പെടുത്താവുന്നതാണ്. ഇന്ത്യയിൽ, പ്രാദേശിക സഭയുടെ ആവശ്യം കണക്കിലെടുത്ത് വിശുദ്ധ കുർബ്ബാന നൽകുന്നതിന് അൽമായരെ ചുമതലപ്പെടുത്താനുള്ള അധികാരം രൂപതാമെത്രാന്മാർക്ക് നൽകാൻ മെത്രാന്മാരുടെ കോൺഫറൻസ് (CCBI) വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്.

ഇനി താങ്കളുടെ ചോദ്യത്തിലേയ്ക്കു വരുന്നു. ഇന്ത്യൻ മെത്രാന്മാരുടെ കോൺഫറൻസ് (CCBI), CIC 910 §2, 230§ 3 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ ചുവടുപിടിച്ച് ഭൂരിഭാഗം ലത്തീൻ രൂപതകളും വിശ്വാസികൾക്ക് വിശുദ്ധ കുർബ്ബാന നൽകാനുള്ള അനുമതി, നിബന്ധനകൾക്ക് വിധേയമായി, അൽമായർക്ക് നല്കിയിട്ടുള്ളതാണ്. അനുമതിയുള്ള രൂപതകളിൽ അൽമായർക്ക് വിശുദ്ധ കുർബ്ബാന വിതരണം ചെയ്യാവുന്നതാണ്.


4-ാം ചരമവാർഷികം



പ്രദീപ് സക്കറിയാസ്
ജനനം : 18.7.1987
മരണം : 25-2-2015
നിത്യശാന്തിനേർന്നുകൊണ്ട്,
കുടുംബാംഗങ്ങൾ.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


ആണ്ടുവട്ടം നാലാം ഞായർ (ഫെബ്രു. 3)


നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei


## അയ്യേ! ഇവൻ ആ ജോസഫിന്റെ മകനല്ലേ ?

ജറെ. 1:4-5, 17-19 | 1 കൊറി. 12:31-13:13 | ലൂക്ക. 4: 21-30



ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യത്തെ വിധികളിൽ ഒന്നാണ് തച്ചന്റെ മകനെന്ന തരം താഴ്ത്തൽ. മനുഷ്യന് എത്തിച്ചേരാവുന്ന സാധ്യതയെക്കാൾ അവന്റെ പരിമിതികളിലേക്കാണ് പലപ്പോഴും നമ്മുടെ നോട്ടം എത്തി നിൽക്കുന്നത്.

### ഒന്നാം വായന

**1. സന്ദർഭം**

ക്രിസ്തുവിന് മുമ്പ് 626-ാമാണ്ടിൽ ഹോസിയാ രാജാവ് യൂദാരാജ്യം ഭരിക്കുന്ന കാലത്താണ് ജറെമിയാ തന്റെ പ്രവാചകദൗത്യം നിർവഹിച്ചത്. പിഴുതെറിയാനും തച്ചുടയ്ക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും നിർമ്മിക്കാനും നട്ടുവളർത്താനുമായി നിയോഗിക്കപ്പെട്ട ജറെമിയായുടെ ദൈവവിളിയാണ് സന്ദർഭം.

**2. പ്രമേയം**

ജറെമിയായുടെ വിളിയും ദൈവം നല്കുന്ന ഉറപ്പുമാണ് ഇവിടെ പ്രതിപാദ്യ വിഷയം. അമ്മയുടെ ഉദരത്തിൽ രൂപം നൽകും മുമ്പേ ദൈവം അറിയുകയും ജനിക്കും മുമ്പേ വിശുദ്ധീകരിക്കുകയും ജനതകൾക്കു പ്രവാചകനായി നിയോഗിക്കുകയും ചെയ്യപ്പെട്ട പ്രവാചകനാണ് ജറെമിയാ. തന്റെ ദൗത്യ നിർവഹണത്തിൽ പ്രവാചകൻ ഭയപ്പെടേണ്ടതില്ല. കാരണം, കർത്താവ് പ്രവാചകനോടൊപ്പം എന്നും ഉണ്ടായിരിക്കും.

### സുവിശേഷം


**1. സന്ദർഭം**

യേശു ഏതുതരത്തിലുള്ള മിശിഹാ ആണെന്നും, തന്റെ ശുശ്രൂഷ എന്തായിരിക്കും എന്ന് നിർവചിക്കുന്നു. തുടർന്ന് അതിനോടുള്ള യഹൂദ ജനത്തിന്റെ അനുകൂലവും പ്രതികൂലവുമായ പ്രതികരണമാണ് പാഠഭാഗത്തെ പ്രമേയം. ഏശയ്യായുടെ പ്രവചനം (61:1-3) തന്നിൽ പൂർത്തീകരിച്ചു എന്നു പ്രഖ്യാപിക്കുന്ന യേശു, താൻ ഒരു പ്രവാചക മിശിഹായാണെന്ന് വെളിപ്പെടുത്തുന്നു. തുടർന്ന് യേശുവിനെ ശ്ലാഘിക്കുന്ന ജനം (4 :22) അവസാനമാകുമ്പോൾ പ്രതികൂലമാകുന്നത് (4 :28) യേശുവിന്റെ സാർവത്രിക രക്ഷാദൗത്യം ഒന്നുകൊണ്ടു മാത്രമാണ്.

**2. സന്ദേശം**

അസീസിയിലെ മെത്രാസന മന്ദിരത്തിനു മുന്നിൽ വലിയ ജനക്കൂട്ടം. ഫ്രാൻസിസ് എന്ന ചെറുപ്പക്കാരൻ വസ്ത്രം വലിച്ചുരിഞ്ഞ് തന്റെ പിതാവിനു നൽകുകയാണ്. ജനം മുഖം തിരിക്കുന്നു, ആശ്ചര്യപ്പെടുന്നു. അഹങ്കാരിയെന്നു ചിലർ മുറുമുറുക്കുന്നുണ്ട്. ഇനി മുതൽ സ്വർഗസ്ഥനായ പിതാവാണ് എന്റെ പിതാവെന്ന് അവൻ വിളിച്ചു പറയുമ്പോൾ ജനക്കൂട്ടത്തിനു ചിരിവന്നു.

"കർത്താവിന്റെ ആത്മാവ് തന്നെ അഭിഷേകം ചെയ്തിരിക്കുന്നു"വെന്ന് അനുഭവിച്ചറിഞ്ഞ യേശു മരുഭൂമിയിലെ വാസത്തിനു ശേഷം തിരികെ സ്വന്തം പട്ടണത്തിലെത്തുമ്പോൾ ജനത്തിന്റെ പ്രതികരണം നിഷേധാത്മകമായിരുന്നു. വിശുദ്ധ ഗ്ര



ന്ഥം തുറന്നു വായിക്കുന്നവർക്കുണ്ടായിരിക്കേണ്ട തിരിച്ചറിവിനെക്കുറിച്ചാണ് ക്രിസ്തു സൂചിപ്പിക്കുന്നത്. ഇതെഴുതപ്പെട്ടിരിക്കുന്നത് തന്നെക്കുറിച്ചാണെന്ന ആത്മബന്ധമുള്ള വാക്കുകൾ. ആത്മാവബോധമാണ് ഒരുവനെ ദൈവത്തിലേക്കും മനുഷ്യരിലേക്കും ചേർത്തു നിർത്തുന്ന ചാലകശക്തി.

യേശു സംസാരിച്ചത് തന്റെ ഉള്ളിൽ പിതാവ് നിക്ഷേപിച്ച കൃപകളെക്കുറിച്ചാണ്. ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാണെന്ന് വി. പൗലോസ് പറയുന്നതിന്റെ അർത്ഥം ഇതു തന്നെയാണ്. ദൈവം നമ്മിൽ നിക്ഷേപിച്ച കൃപകളെക്കുറിച്ച് ബോധ്യമുള്ള മനുഷ്യന് അപകർഷതകളുണ്ടാവില്ല. അഹങ്കരിക്കാനുമാവില്ല. സ്വന്തം നന്മകളെ കണ്ടെത്താത്തവർക്ക് മറ്റൊരുവനെ അംഗീകരിക്കാനാവില്ല. ദൈവാലയത്തിലെ യേശുവിന്റെ വെളിപ്പെടുത്തലിൽ ജനം അസ്വസ്ഥരാകാൻ കാരണവും ഇതു തന്നെയാണ്.

ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യത്തെ വിധികളിൽ ഒന്നാണ് തച്ചന്റെ മകനെന്ന തരം താഴ്ത്തൽ. മനുഷ്യന് എത്തിച്ചേരാവുന്ന സാധ്യതയെക്കാൾ അവന്റെ പരിമിതികളിലേക്കാണ് പലപ്പോഴും നമ്മുടെ നോട്ടം എത്തി നിൽക്കുന്നത്. ഞാൻ ചിന്തിക്കുന്നതിനപ്പുറം മറ്റൊരാൾ വളരില്ല എന്നൊരു മിഥ്യാ ധാരണ നമുക്കുണ്ടെന്നു തോന്നുന്നു. മറ്റൊരുവന്റെ ഉള്ളിലെ സാധ്യതകളെപ്പോലും ചെറുതാക്കിക്കളയാൻ നമ്മുടെ വാക്കുകൾക്കാവും എന്നതാണ് "*ഇവൻ ജോസഫിന്റെ മകനല്ലേ?*" എന്ന ചോദ്യം.

ഒരാളിന്റെ സാധ്യതകൾക്ക് വിലയിടുമ്പോൾ നാം ക്രിസ്തുവിനെ തന്നെയാണ് വിലയിടുന്നത്. തന്റെ പ്രതീക്ഷകൾക്കപ്പുറം വളരാത്തൊരു ക്രിസ്തുവിനെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് യൂദാസ് ക്രിസ്തുവിന് മുപ്പത് വെള്ളിക്കാശിന്റെ വിലയിട്ടത്. നാം ആഗ്രഹിക്കുന്നതിനെക്കാളും സ്വപ്നം കാണുന്നതിനെക്കാളും ഉപരിയായി ചെയ്തു തരാൻ നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന അപരിമേയ ശക്തിക്ക് ആവുമെന്ന് വി. പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ട് (എഫേ. 3:20).

"അവനിൽ നിന്നും പുറപ്പെട്ട കൃപാവചസ്സു കേട്ട് അവർ അത്ഭുതപ്പെട്ടു". പരിചിതരായ മനുഷ്യരുടെ ചില നേട്ടങ്ങൾ നമ്മെ അത്ഭുതപ്പെടുത്താറുണ്ട്. ഏകാന്തതയിൽ നമ്മുടെ മനസ്സ് അവരെ അംഗീകരിക്കാറുമുണ്ട്. എന്നാൽ സദസ്സുകളിൽ ആ വ്യക്തിയെ അംഗീകരിച്ചാൽ തനിക്കെന്തോ കുറവു വരുമെന്ന മിഥ്യാബോധം തമ്മെ വഴിതെറ്റിക്കാറുണ്ട്. തന്നോടു തന്നെയുള്ള നിഷേധ മനോഭാവമാണ് അപരന്റെ സാധ്യതകളെ അംഗീകരിക്കാൻ നമ്മെ അനുവദിക്കാത്ത നമ്മുടെ ബലഹീനത. ഇവിടെ ക്രിസ്തു വ്യത്യസ്തനാവുന്നു. തന്നിലുള്ള എല്ലാ സാധ്യതകളേക്കുറിച്ചുമുള്ള അവന്റെ വെളിപ്പെടുത്തലായിരുന്നു സിനഗോഗിലെ പ്രസംഗം. ദൈവത്തോടുള്ള തന്റെ ആത്മബന്ധവും സഹോദരങ്ങളോടുള്ള കടപ്പാടുകളെക്കുറിച്ചുമാണ് യേശു പ്രഖ്യാപനം ചെയ്തത്.

ആത്മാവബോധം ഒരുവനെ നന്മകൾ ചെയ്യാൻ ശക്തനാക്കും. ശിഷ്യന്മാരെ തനിക്കു മുമ്പേ അയയ്ക്കുമ്പോഴും അധികാരവും ശക്തിയും നൽകിയാണ് അവരെ ബലപ്പെടുത്തുന്നത്. മറിയത്തെ ദൈവദൂതൻ '**സ്വസ്തി**' എന്നു അഭിസംബോധന ചെയ്യുന്നതിന്റെ അർത്ഥവും ഒരാളിന്റെ ഉള്ളിലെ കൃപയെ ദൈവം പോലും ബഹുമാനിക്കുന്നുവെന്നതിന്റെ തെളിവാണ്.

തന്റെ ഉള്ളിലെ ദൈവകൃപയുടെ ശക്തി തിരിച്ചറിഞ്ഞ പൗലോസ് "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" എന്ന് ഉദ്ഘോഷിക്കുന്നതും ഈ ബോധ്യത്തോടെയാണ്. "അവൻ എല്ലാക്കാര്യങ്ങളും നന്നായി ചെയ്യുന്നു" എന്ന് പിന്നീട് ക്രിസ്തുവിനെക്കുറിച്ച് അഭിപ്രായപ്പെട്ടതും ക്രിസ്തുവിന്റെ ആത്മബോധത്തിന്റെ പ്രകാശനം തന്നെയാണ്. ഭൂമിയിൽ നന്മ ചെയ്യാൻ പ്രാപ്തരാവണമെങ്കിൽ ഉള്ളിലെ ദൈവകൃപയെ വെളിപ്പെടുത്തിക്കിട്ടാനായി ഞാൻ ധ്യാനിക്കേണ്ടിയിരിക്കുന്നു.

വിവേകപൂർവ്വകമായ ചില പിൻവാങ്ങലുകൾ നമ്മുടെ ജീവിതത്തിനാവശ്യമാണ് എന്ന് ജനത്തിനിടയിലൂടെ അവിടം വിട്ടുപോകുന്ന ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. തിരുനാളിന് ദൈവാലയത്തിൽ പോകുന്നില്ലെന്നു പറഞ്ഞ് രഹസ്യമായി തിരുനാളാഘോഷിച്ച ക്രിസ്തുവിന്റെ വിവേകമാണ് നന്മകളെ പോഷിപ്പിക്കാൻ ഒരുവന് ആവശ്യം. "നീ യഹൂദരുടെ രാജാവാണോ?" എന്ന ചോദ്യത്തിനു മുമ്പിലും ക്രിസ്തു പ്രകടിപ്പിച്ച മൗനം ആത്മബോധത്തിന്റെ പ്രകാശനമായിരുന്നു.

നിലാവുള്ള രാത്രി. മനോഹരമായ നൃത്തശില്പം അരങ്ങേറുന്നു. അരങ്ങേറ്റക്കാരിയുടെ യാതൊരു സങ്കോചവുമില്ലാതെ വേദിയിൽ നിന്ന് അവൾ താഴേക്കിറങ്ങി. കൂട്ടുകാരിയുടെ അമ്മയുടെ കമന്റ് 'എട്ട് വർഷം പഠിച്ചതുവച്ച് നോക്കിയാൽ ഇത്രയും പോരായിരുന്നു'. അവൾ നിലാവെളിച്ചത്തിൽ പതിയെ തന്നെ കാത്തു നിൽക്കുന്ന അപ്പന്റെ കരവലയത്തിലേക്ക് ചേർന്നു നിന്നു. ■


നീർച്ചാലുകൾ

ഫാ. ഡൈസൻ

# വിളിച്ചു വിശുദ്ധീകരിക്കുന്ന ദൈവം

ഏശ. 6: 1-2a. 3-8 | 1 കൊറി. 15:1-11 | ലൂക്ക. 5: 1-11

ഒരു മനുഷ്യൻ തന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുന്നത് ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ്. സൈന്യങ്ങളുടെ കർത്താവായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ഏശയ്യ തന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി പറഞ്ഞു: എനിക്ക് ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ, ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ് (ഏശ. 6:5). ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ പൗലോസ് തന്റെ യഥാർത്ഥരൂപം മനസ്സിലാക്കി പറഞ്ഞു: ഞാൻ അപ്പസ്തോലൻമാരിൽ ഏറ്റവും നിസ്സാരനാണ്. ദൈവത്തിന്റെ സഭയെ പീഡിപ്പിച്ചതു നിമിത്തം അപ്പസ്തോലനെന്ന നാമത്തിന് ഞാൻ അയോഗ്യനുമാണ് (1 കോറി 15:9). ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ പത്രോസ് ആരാണെന്ന് സ്വയം മനസ്സിലാക്കി പറഞ്ഞു. കർത്താവേ എന്നിൽ നിന്ന് അകന്നു പോകണമേ: ഞാൻ പാപിയാണ് (ലൂക്കാ 5:8). മൂന്നു വായനകളും ഒരു പോലെ പറയുന്ന സത്യമിതാണ്, ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമെ ഒരാൾക്ക് താൻ ആരാണെന്ന് യഥാർത്ഥത്തിൽ മനസ്സിലാക്കുവാൻ സാധിക്കൂ.



യേശു ഈ ലോകത്ത് വന്നത് പാപികളായ മനുഷ്യരെ വിശുദ്ധീകരിച്ച് മെച്ചപ്പെട്ടവരാക്കാനും, അതുവഴി ആത്മരക്ഷ നല്കാനുമാണ്. യേശുവിന്റെ ദൗത്യം തുടരുന്നതിനാണ് അവൻ ശിഷ്യന്മാരെ തിരഞ്ഞെടുത്തത്. ശിഷ്യരായ നമ്മൾ മനുഷ്യരെ മെച്ചപ്പെട്ടവരാക്കാൻ പ്രവർത്തന നിരതമായിരിക്കണം.

## 1. ഞാൻ ആരാണെന്ന് അറിയുന്നതാണ് യഥാർത്ഥ അത്ഭുതം

പത്രോസിന്റെ ജീവിതത്തിൽ ഏറ്റവും വലിയ അത്ഭുതം ഒരുപാട് മത്സ്യങ്ങൾ കിട്ടിയതല്ല, അവൻ ആരാണെന്ന് സ്വയം തിരിച്ചറിഞ്ഞതിലാണ്! ക്ലോറോഫോം പോലുള്ള ധാരാളം രാസപദാർത്ഥങ്ങളും മരുന്നുകളും കണ്ടുപിടിച്ച ജെയിംസ് യങ്ങ് സിംപ്സൺ എന്ന ശാസ്ത്രജ്ഞനോട് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം ഏതാണെന്ന് ഒരുവൻ ചോദിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറയുകയുണ്ടായി: എന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം ക്ലോറോഫോം അല്ല, മറിച്ച് ഞാനൊരു പാപിയാണെന്നും ദൈവത്തിന്റെ കൃപയാൽ രക്ഷിക്കപ്പെടാൻ കഴിയുമെന്നുമാണ്. ഫ്രാൻസിസ് അസ്സിസി തന്റെ തിരിച്ചറിവിന്റെ നിമിഷത്തിൽ വിളിച്ചു പറയുന്നു: ദൈവമേ എന്തൊരു ചേറാണ്, ചെളിയാണ് എന്റെ ജീവിതമെന്ന്. ജീവിതത്തിലെ ഏറ്റവും വലിയ ദുരന്തം ഇല്ലാത്ത മേന്മ തനിക്കുണ്ടെന്ന് വിചാരിക്കുന്നതാണ്. ഇല്ലാത്ത പുണ്യജീവിതം സ്വന്തമാണെന്ന് വിചാരിച്ച ഫരിസേയരും പണമുണ്ടെങ്കിൽ എല്ലാമുണ്ടെന്ന് വിചാരിച്ച ധൂർത്ത പുത്രനും തങ്ങളുടെ ജീവിതത്തെ ദുരന്തപൂർണ്ണമാക്കി. നമ്മൾ ആരാണെന്ന് അറിയണമെങ്കിൽ ദൈവ സന്നിധിയിൽ വരേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ സന്നിധിയിൽ വന്ന മോശ താൻ ആരാണെന്ന് തിരിച്ചറിയുന്നു. ജീവിതത്തിൽ പാപത്തിന്റെ പാദരക്ഷകൾ അഴിച്ചു മാറ്റണമെന്നും സ്വയം വിശുദ്ധനാകണമെന്നുള്ള തിരിച്ചറിവാണ് മോശയെ പുറപ്പാടിന്റെ നായകനാക്കിയത്. ആദം നഗ്നനാണെന്നും, ദാവീദ് ക്രൂരപാപിയാണെന്നും, ഏശയ്യ അശുദ്ധനാണെന്നും, പൗലോസ് ഈശോയെ പീഡിപ്പിക്കുന്നവനാണെന്നും, പത്രോസ് പാപിയാണെന്നും, ധൂർത്ത പുത്രൻ സ്വർഗ്ഗത്തിനും, ഭൂമിക്കെതിരായും പാപം ചെയ്തവനാണെന്നുള്ള തിരിച്ചറിവിൽ നിന്നാണ് അവർ ദൈവത്തിന്റെ പ്രിയപ്പെട്ടവരായി മാറിയത്.

## 2. മനുഷ്യന്റെ അറിവിനെക്കാൾ വലുത് ദൈവത്തിലുള്ള വിശ്വാസം

ആകാശം ഭൂമിയെക്കാൾ ഉയർന്നു നില്ക്കുന്നു. അതുപോലെ ദൈവത്തിന്റെ വഴികളും ചിന്തകളും മനുഷ്യരുടേതിനെക്കാൾ ഉന്നതമത്രേ (ഏശയ്യ 55:9). മാനുഷികമായ അറിവിനെക്കാൾ പത്രോസ് ഉന്നതമായി കരുതിയത് ദൈവത്തിന്റെ വചനത്തെയാണ്. കടലറിവിൽ പത്രോസിനെ വെല്ലാൻ ആരുമില്ല. കടലിന്റെ ചെറുചലനം പോലും കൃ

ത്യതയോടെ അറിയുന്ന പത്രോസ് വലതുഭാഗത്തും ഇടതുഭാഗത്തും, ആഴത്തിലും നീളത്തിലും വല ഇറക്കിയതാണ്. എങ്കിലും ഒന്നും ലഭിക്കാതെ വെറും കൈയ്യോടെ തീരം അണഞ്ഞു. അമരത്തിൽ ഇരുന്ന് കാര്യങ്ങൾ നിയന്ത്രിക്കുമ്പോൾ മീൻ അധികം കിട്ടിയാൽ അംഗീകാരം. കിട്ടിയില്ലെങ്കിൽ ശകാരമായിരിക്കും! പാഴ് പ്രയത്നത്തിന് പ്രേരിപ്പിച്ചതിന് എല്ലാവരുടെയും മുമ്പിലും ചെറുതാകേണ്ടി വരും. അറിവിനല്ല ദൈവത്തിന്റെ വചനത്തിനാണ് പത്രോസ് പ്രാധാന്യം നല്കിയത്. മനുഷ്യന്റെ ബുദ്ധിയിൽ ആശ്രയിക്കുന്നതിനെക്കാൾ ദൈവീക പദ്ധതിയിൽ വിശ്വസിക്കുന്നതാണ് ശ്രേഷ്ഠമെന്ന പത്രോസിന്റെ തിരിച്ചറിവാണ് പത്രോസിനെ വ്യത്യസ്ഥനാക്കുന്നത്. അറിവിന്റെ അഹങ്കാരത്തെ വിശ്വാസത്തിലൂടെ ഉളവാകുന്ന അനുസരണത്തിന് മുന്നിൽ പത്രോസ് ബലി അർപ്പിച്ചു. കാരണം, ഉണ്ടാകട്ടെ എന്ന് പറഞ്ഞപ്പോൾ സർവ്വവും സൃഷ്ടിക്കപ്പെട്ടു. ദൈവത്തിനോ, ദൈവത്തിന്റെ വചനത്തിനോ തെറ്റു പറ്റുകയില്ലായെന്നുളള പത്രോസിന്റെ വിശ്വാസമാണ് അത്ഭുതത്തിലേക്ക് നയിക്കുന്നത്.

### വിളിച്ചു വിശുദ്ധീകരിക്കുന്ന ദൈവം

മത്തായി ചുങ്കപിരിവിൽ അഗ്രഗണ്യനായിരുന്നു. അവൻ ചുങ്കം പിരിച്ചിരിക്കെ ദൈവം ദൗത്യത്തിനായി വിളിച്ചു. ഇതുവരെ തന്റെ ജീവിതത്തിൽ എന്താണോ വലുതെന്നു കരുതിയോ എന്ത് സ്വന്തമാക്കാൻ ജീവിച്ചുവോ, ഇതുവരെ എന്തിനെയാണോ എല്ലാമെല്ലാമെന്നു കരുതിയോ അതിനെ ഉച്ചിഷ്ടമായി കരുതി വലിച്ചെറിഞ്ഞ് യേശുവിന്റെ പിന്നാലെ ചെന്നു. ദൗത്യത്തിനായി വിളിച്ച മത്തായിയെ അവന്റെ പാപത്തിന്റെ പഴയ ഇരിപ്പിടത്തിൽ നിന്നും പുണ്യജീവിതത്തിലേക്ക് എഴുന്നേല്പിക്കുന്നു. മോശ ജെത്രയുടെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊണ്ട് കഠിനാദ്ധ്വാനത്തിൽ മുഴുകിയപ്പോൾ ദൈവം അവനെ വിളിച്ചു വിശുദ്ധീകരിച്ചു. മിദിയാൻകാർ കാണാതിരിക്കുന്നതിനു വേണ്ടി മുന്തിരി ചക്കിൽ ഗോതമ്പു മെതിച്ചുകൊണ്ടിരുന്ന ഗീദിയോനെ ദൈവം വിളിച്ച് വിശുദ്ധീകരിച്ചു. ഏശയ്യയെയും, പൗലോസിനെയും പത്രോസിനെയും വിളിച്ചു ദൈവം ദൗത്യത്തിനായി വിശുദ്ധീകരിച്ചു. ജോലിയിൽ വ്യാപൃതരായിരിക്കുന്നവരെ ദൈവം വിളിച്ചു വിശുദ്ധീകരിക്കുന്നു. ദൈവം 24 മണിക്കൂറും പ്രവർത്തനനിരതനാണ്. അതുപോലെ ദൈവരാജ്യ നിർമ്മിതിയിൽ ഓരോ ശിഷ്യനും പ്രവർത്തന നിരതനായിരിക്കണം.

യേശു ഈ ലോകത്ത് വന്നത് പാപികളായ മനുഷ്യരെ വിശുദ്ധീകരിച്ച് മെച്ചപ്പെട്ടവരാക്കാനും, അതുവഴി ആത്മരക്ഷ നല്കാനുമാണ്. യേശുവിന്റെ ദൗത്യം തുടരുന്നതിനാണ് അവൻ ശിഷ്യന്മാരെ തിരഞ്ഞെടുത്തത്. ശിഷ്യരായ നമ്മൾ മനുഷ്യരെ മെച്ചപ്പെട്ടവരാക്കാൻ പ്രവർത്തന നിരതമായിരിക്കണം. പ്രവർത്തന നിരതനായ ഒരു ഗുരു കൂടെക്കൂടെ ഉദ്ധരിച്ചിരുന്നത് ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകളായിരുന്നു. മതം കൂടാതെയുള്ള ശാസ്ത്രം അന്ധവും ശാസ്ത്രം കൂടാതെയുള്ള മതം മുടന്തുള്ളതുമാകുന്നു. ഒരിക്കൽ ഒരു വ്യവസായി എന്താണ് താങ്കളുടെ തൊഴിൽ എന്നന്വേഷിച്ചു. ഗുരു മറുപടി പറഞ്ഞു, ഞാൻ ജനവ്യവസായത്തിലാണ്. അതെന്തു വ്യവസായമാ എന്ന വ്യവസായിയുടെ ചോദ്യത്തിന് ഉത്തരമായി ഗുരു പറഞ്ഞു. നിങ്ങളുടെ വ്യാവസായം മെച്ചപ്പെട്ട വസ്തുക്കൾ നിർമ്മിക്കാനല്ലേ? എന്റേത് മെച്ചപ്പെട്ട മനുഷ്യരെയും. മെച്ചപ്പെട്ട മനുഷ്യരെ സൃഷ്ടിക്കാൻ യേശുവിന് ശിഷ്യന്മാരെ ആവശ്യമുണ്ട്. മനുഷ്യരെ പിടിക്കാൻ നമുക്ക് ശിഷ്യരാകാം! ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

ആണ്ടുവട്ടം 6–ാം ഞായർ (ഫെബ്രു. 17)

# ഭദ്രാസനങ്ങളിൽ നിന്ന് പുൽമേട്ടിലേക്ക്

ജെറ. 17 : 5–8 | 1 കൊറി. 15 : 12:16–20 | ലൂക്ക. 6:17, 20–26

പ്രതിമയും രാജകുമാരിയും എന്ന നോവലിൽ ഒരു തമാശക്കോട്ടയിലെ പ്രതിമയെക്കുറിച്ച് പ്രതിപാദ്യമുണ്ട്. ആ തമാശക്കോട്ടയിൽ വിനോദസഞ്ചാരികൾ എത്താറുണ്ട്. ആ കോട്ടയിലെ പ്രധാന ആകർഷണം, പ്രവേശന കവാടത്തിലുള്ള ഒരു പ്രതിമയാണ്. ഇത് ഒരു മനുഷ്യൻ തന്നെയാണ്. നിശ്ചലമായി നിൽക്കുന്ന പ്രതിമയെ ചലിപ്പിക്കുക എന്നതാണ് വിനോദസഞ്ചാരികളുടെ വെല്ലുവിളി. പലരും കിണഞ്ഞുപരിശ്രമിച്ചിട്ടും വിജയിച്ചില്ല. ആഹാരമോ പണമോ അയാളുടെ ശ്രദ്ധയെ ആകർഷിച്ചില്ല. സുന്ദരിയായ രാജകുമാരിയും തോഴിമാരും വന്നിട്ടും അവരുടെ സൗന്ദര്യത്തിനുപോലും പ്രതിമയെ അനക്കാനായില്ല. പ്രതിമയെ മനുഷ്യന്റെ ജീവിതാഭിലാഷമായ സ്വർഗദ്വീപിൽ കൊണ്ടുപോകാമെന്ന് വാഗ്ദാനം നൽകിയിട്ടും പ്രതിമ ഏതൊരു അനക്കവുമില്ലാതെ നിലകൊണ്ടു.

നിശ്ചലരായി പോകുന്ന മനുഷ്യരാണ് നമുക്ക് ചുറ്റും. മലവെള്ളം പോലെ ഇരച്ചാർത്തു വരുന്ന ജീവിതത്തിന്റെ ദുർഘടതകളിൽ പകച്ചുപോകുന്നവർ. വിശപ്പുകൊണ്ട് ദൈവത്തെ ആരാധിക്കാൻ വിധിക്കപ്പെട്ടവർ. ഭ്രാന്തുപിടിച്ച മനസ്സുമായി ജീവിക്കുന്നവർ. ജീവിതത്തിന്റെ ഓരങ്ങളിൽ നിശ്ചലരാക്കപ്പെട്ടവരോടാണ്

ക്രിസ്തു സംസാരിക്കുന്നത്. അവൻ മലയിലേക്ക് ബന്ധപ്പെട്ട് വലിഞ്ഞുകേറി. കിതപ്പുണ്ടെങ്കിലും വാക്കുകൾ കുതിച്ചു. സൗഭാഗ്യങ്ങളെക്കുറിച്ച് സംസാരിച്ചു.

ദാരിദ്ര്യം, വിശപ്പ്, വിലാപം ഇത് ഒരേ മനുഷ്യരുടേതാണ്. തീർത്തും ഭൗതികമായ ആവശ്യങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. ക്രിസ്തുവിന്റെ ദൈവരാജ്യം സ്വർണപ്പടികളും വെഞ്ചാമരങ്ങളും ഉള്ളതല്ല. ഇസ്രയേൽ ജനത്തിന്റെ ചെറ്റക്കുടിൽ പോലെ സാധാരണത്വം നിറഞ്ഞതാണ് ദൈവരാജ്യം. സാങ്കൽപ്പിക കഥകൾകൊണ്ട് മെനഞ്ഞെടുത്ത, വർണ വിസ്മയങ്ങളുടെ പളുങ്കുമാളികയല്ല അത്. ദരിദ്രന്റെ നനവുള്ള വാർപ്പാണത്.

പുറന്തള്ളപ്പെടുന്നവനും ക്രിസ്തുജീവിതത്തിൽ സ്ഥാനമുണ്ട്. ക്രിസ്തുവിന്റെ ഉപമകൾ തേടിപ്പോകുന്നതുമുഴുവൻ പരിത്യക്തരായ മനുഷ്യരെയാണ്. അവരെ കണ്ടുമുട്ടുന്നതും നിരാശയുടെ കവലയിലാണ്. ധൂർത്തപുത്രനും അന്ധനും പാപിനിയുമൊക്കെ ഭാഗ്യമുള്ളവരാണ്. അവർക്ക് വിമോചനത്തിന്റെ സുവിശേഷം നൽകപ്പെട്ടിരിക്കുന്നു. വേശ്യയ്ക്കും അഭയാർത്ഥിക്കും ആളുകളുടെ മരണമുണ്ടെന്ന് പറയാൻ ഫ്രാൻസിസിനെ ധൈര്യപ്പെടുത്തുന്നത് ക്രിസ്തുവിന്റെ ഈ സ്നേഹമൊഴികളാണ്.

'റോം! റോം! അധീശത്വങ്ങളിൽ നിന്നും

ക്രിസ്തുവിനെ വിട്ടുതരൂ..
മൂടിവയ്ക്കപ്പെട്ട അവന്റെ
ക്ഷതങ്ങൾ കാട്ടിത്തരൂ,
മുറിവേറ്റ ഞങ്ങൾക്ക്
അവനോട് സംസാരിക്കാനുണ്ട്.
കുറച്ചുവിത്തുകൾ, കുറച്ച് മീൻ,
കുറച്ച് അപ്പം, കുറച്ച് എണ്ണ
കടംകൊള്ളുവാൻ....."

എന്ന് കവിമൊഴിയുമ്പോൾ മലയിലെ പ്രസംഗകൻ ആൾക്കൂട്ടത്തിലേക്ക് ഇറങ്ങിവരുന്നു. പോൾ ആറാമൻ മാർപാപ്പയ്ക്കുശേഷം ആരും മാർപാപ്പമാരുടെ കിരീടമായ ടിയാര അണിഞ്ഞിട്ടില്ല. രത്നങ്ങൾ പതിപ്പിച്ച ടിയാര അണിയേണ്ടതില്ലെന്ന് മാർപാപ്പ തീരുമാനിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന് ശേഷം അനന്തരം സഭ ഭദ്രാസനങ്ങൾ വിട്ട് പുൽമേടുകളിലേക്ക് ഇറങ്ങിവന്നു. ഫ്രാൻസിസ് മാർപാപ്പ കീറിയ ളോഹകൾ ധരിക്കുന്നു. ചുവന്ന ഷൂ വേണ്ടെന്നുവച്ചു. ക്രിസ്തു ഇവിടെ പുനർജനിക്കുന്നു. ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ മുഖമുള്ളവരായി മാറണം. ആട്ടിൻപറ്റത്തെ പാലിക്കാൻ ദൈവം പച്ചയായ മേച്ചിൽപ്പുറങ്ങൾ, തെളിനീര്, ഗീതങ്ങൾ, വാദ്യോപകരണങ്ങൾ, ചെങ്കോൽ, വടി ഇവയെല്ലാം നൽകപ്പെട്ടിരിക്കുന്നു.

ലൗകിക വ്യഗ്രതകളാകുന്ന ഉടയാടകൾ അണിഞ്ഞ ഒരാൾക്ക് എങ്ങനെയാണ് ആത്മീയതയിലെത്തിച്ചേരാനാകുക. 'ആ ദിവസം നഗ്നരായവരായിരിക്കും വേഗത്തിൽ ഓടുന്നത് (ആമോ 2:16). പണത്തിന്റെയും ആഡംബരങ്ങളുടെയും പുതപ്പുചുറ്റിയവനല്ല, നഗ്നനായവനാണ് ഇങ്ങനെ ഓടാൻ സാധിക്കുന്നത്. നഗ്നനായ ഒരാളെ പിടിക്കുക എളുപ്പമല്ല, ഒരുപക്ഷെ, അത് സാധ്യവുമല്ല. ജോസഫ് നഗ്നനായിരുന്നുവെങ്കിൽ പൊത്തിഫറിന്റെ ഭാര്യയ്ക്ക് പിടിച്ചുനിർത്താൻ സാധിക്കുമായിരുന്നില്ല. എന്തെന്നാൽ ജോസഫിന്റെ വസ്ത്രത്തിൽ പിടികൂടിയിട്ടാണ് 'എന്നോടൊപ്പം ശയിക്കുക' എന്ന് അവൾ പറഞ്ഞത് (ഉത്. 39 : 12) വിഷയസുഖങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടാതിരിക്കാനാണ് ജോസഫ് വസ്ത്രങ്ങൾ ഊരിയെറിഞ്ഞ് ഓടിപ്പോയത്. കുരിശിലെത്തുമ്പോഴേക്കും ക്രിസ്തുവും നഗ്നനാവുകയാണ്.

സമ്പന്നർ സംതൃപ്തരും ആഹ്ലാദിക്കുന്നവരുമാണ്. അവർ പ്രശംസിക്കപ്പെടുന്നു. സമ്പന്നർ തച്ചുടയ്ക്കപ്പെടുമെന്ന താക്കീതാണ് യേശുവിന്റേത്. ഒരു വിമതന്റെ ഭീഷണിപോലെ! ദരിദ്രർക്കുകൊടുക്കാതെ കളപ്പുരകളിൽ ധാന്യം നിറച്ചുവയ്ക്കുമ്പോഴാണ് ക്രിസ്തു നീതിയെക്കുറിച്ച് സംസാരിക്കുന്നത്. സമ്പത്തുള്ളത് അതിനാൽ തന്നെ തെറ്റല്ല. പക്ഷേ അത് ദരിദ്രന്റെ ഇടങ്ങഴികളെ ശൂന്യമാക്കരുത്. അഷിത 'മുഴുമിക്കാത്ത തിരുരൂപങ്ങൾ' എന്ന കഥ പറയുന്നു. ഒരുപാട് മുഖങ്ങൾ മെനയുമ്പോഴാണ് ഒരു മുഖം അവന് പ്രിയമായി വരുന്നത്. ആ മുഖത്ത് അവൻ ചുംബിക്കും. ഈശ്വരന്റെ ചുംബനം ലഭിക്കുന്നവൻ ക്രിസ്തുവാകും, ബുദ്ധനാകും. മുഴുമിക്കാതെ വിട്ട തിരുസ്വരൂപങ്ങളാണ് നമ്മളൊക്കെ. മനസ്സിന്റെ ഇടുങ്ങിയ പാറക്കൂട്ടങ്ങൾക്കിടയിലും പരുക്കൻ പ്രതലങ്ങളിലും മുള്ളുകൾക്കിടയിലും വീണ് പരിക്കുപറ്റി ഹ്രസ്വവും ശുഷ്കവുമായി ഫലം പുറപ്പെടുവിക്കുന്ന ജീവിതത്തിൽ നിന്ന് വിഭിന്നമായി, ഈശ്വര ചുംബനം ലഭിച്ച് അവന് പ്രിയമായി വരുന്ന നല്ല നിലത്തു വീണ വിത്തുകളാണ് ദൈവരാജ്യത്തിന് അർഹതനേടുക. ഈശ്വര ചുംബനം ലഭിക്കുന്ന നല്ല നിലം നൂറു മേനി ഫലം പുറപ്പെടുവിക്കുന്നു.

നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന ക്രിസ്തു സൂക്തം ഹൃദയത്തിൽ തട്ടിവിളിക്കുന്നു. ആകാശം പക്ഷികളുടെ ചിറകടിക്കായി ഒരുങ്ങിയിരിക്കുന്നു, കടൽ മുക്കുവനെ കാത്തിരിക്കുന്നു, പൂക്കൾ ശലഭങ്ങളെ... അയൽക്കാരന്റെ ഭവനങ്ങളിൽ ഇന്ന് ഈ കാത്തിരിപ്പ് നഷ്ടമായി.

മനുഷ്യൻ ഋതുഭേദങ്ങൾ ഇല്ലാത്ത കുറ്റിച്ചെടുകളാകുന്നത് നന്മയുടെ നനവ് ബാഷ്പീകരിക്കപ്പെടുമ്പോഴെന്ന് ജറമിയ പ്രവാചകൻ. നന്മകളെ തിരയുന്നവർ ആറ്റുതീരത്തെ മരമാണ്. വെള്ളത്തിലേക്ക് അവന്റെ വേരുകൾ ആഴുന്നുണ്ട്. ജീവിതത്തിന്റെ ഏത് ഋതുഭേദത്തിലും നന്മയുടെ ഹരിതശോഭ നിലനിർത്തുന്ന ഇലകൾ! സ്നേഹവും കാരുണ്യവുമാണ് ഈ പച്ച. അനന്തവും ദാനവുമാണീ പച്ച! ഒരേ കുഴിയിലൂടെ ഒരേ സമയത്ത് വെള്ളത്തിനും തീയ്ക്കും ഒഴുകാനാകില്ല. ജാഗ്രത യാക്കോബിന്റെ കോവണിപോലെയാണ്; ദൈവം അതിന്റെ ഏറ്റവും മുകളിലുള്ള പടിയിലാണ്. അതാണ് നമ്മുടെ രക്ഷാസ്ഥാനം.

ഒരു യുദ്ധകാലത്ത് ഭയങ്കര ബോംബുസ്ഫോടനങ്ങൾ നടക്കവേ, പട്ടാളക്കാരൻ ഓടിച്ചെന്ന് ഒളിച്ചത് ഒരു കുറുക്കന്റെ മാളത്തിൽ. അപ്പോൾ അവിടെ ഒരു അനക്കം. അവിടെ മറ്റൊരാൾ. തന്റെ സൈനികമേധാവിയായിരുന്നു അത് സൈനിക മേധാവി ഉറക്കെ പ്രാർത്ഥിക്കുകയായിരുന്നു. യുദ്ധം ശമിച്ചപ്പോൾ അവർ പുറത്തേക്കിറങ്ങി. കുറിക്കന്റെ, മാളത്തിൽ വച്ച് അങ്ങ് പ്രാർത്ഥിക്കുന്നതുകേട്ടല്ലോ, നിരീശ്വരനായ പട്ടാളമേധാവി മറുപടി പറഞ്ഞു, 'കുറുക്കന്റെ മാളത്തിൽ ആർക്കും നിരീശ്വരനായിരിക്കാൻ കഴിയില്ല!' ●

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# കർത്താവെ ഇങ്ങള് പുലിയാ

1 സാമു. 26:2:7-9, 12-13.22-23 | 1 കൊറി. 15:45-49 | ലൂക്ക. 6: 27-38

ഇന്നത്തെ സുവിശേഷം യേശുവിന്റെ സമതല പ്രസംഗത്തിന്റെ ഭാഗമാണ്. ജനക്കൂട്ടം യേശുവിനെ തേടിയെത്തിയപ്പോൾ തിന്മയെ നന്മകൊണ്ട് ജയിക്കണമെന്നും പിതാവായ ദൈവത്തെപ്പോലെ മറ്റുള്ളവരോട് കരുണകാണിക്കണമെന്നുള്ള ആഹ്വാനം ഈ പ്രസംഗത്തിലുടനീളം നാം വായിക്കുന്നു.



വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മരിയ എന്ന പെൺകുട്ടി. ചെയ്തു പോയ ഏതു തെറ്റിനാണ് അവൾക്കു വധശിക്ഷ കിട്ടിയത് എന്ന് അറിയില്ല. ശിക്ഷ നടപ്പിലാക്കേണ്ട ദിവസം പോലീസുകാരിൽ ഒരാൾ വന്ന് അവസാന ആഗ്രഹം ചോദിച്ചു.

തെല്ല് ആലോചിച്ചതിനുശേഷം "എനിക്ക് ചപ്പാത്തീം മീൻകറീം കഴിക്കണമെന്നുണ്ട്" എന്നവൾ മറുപടി പറഞ്ഞു.

ഒടുക്കത്തെ ആഗ്രഹംകേട്ട് നടുക്കം മാറാത്ത ആ പോലീസുകാരൻ അവൾക്കരികിൽനിന്നും പുറത്തേക്കുപോയി. കുറച്ചുനേരത്തിനു ശേഷം ചപ്പാത്തീം മീൻകറയുമായി അയാളെത്തി. സ്വാദിഷ്ടമായ ചപ്പാത്തീം മീൻകറിയും കഴിച്ച് ഏതാണ്ട് പാതി ആയപ്പോൾ ബാക്കി ഉണ്ടായിരുന്ന ഭക്ഷണം അതേപടി പൊതിഞ്ഞ് അരികിൽനിന്ന പോലീസുകാരന്റെ നേരെ നീട്ടിക്കൊണ്ട് അവൾ പറഞ്ഞു; ജയിലിനുപുറത്ത് എന്റെ മകൻ നില്പ്പുണ്ട്. ഇതുകൊണ്ടുപോയി എന്റെ കൊച്ചിന് കൊടുക്കാമോ? ജീവിതത്തിൽ ഇതുവരെ ഇത്ര രുചിയുള്ള ഭക്ഷണം എന്റെ കുഞ്ഞു കഴിച്ചിട്ടില്ല!

ജീവിതത്തിന്റെ അവസാന ശ്വാസങ്ങളെ കൈവെള്ളയിൽ പിടിച്ചുകൊണ്ട് നിൽക്കുന്ന ആ പെണ്ണ് അങ്ങനെ പറഞ്ഞപ്പോൾ, കേട്ടുനിന്ന പോലീസുകാരന്റെ കണ്ണ് കലങ്ങിക്കാണണം, തീർച്ച! തൂക്കുകയറിന്റെ തുമ്പിലേക്കു നടക്കുമ്പോഴും, വളർച്ചയെത്താത്ത തുമ്പിയെപോലെ പറക്കമുറ്റാത്ത ഒരു കുഞ്ഞ്, വെളിയിൽ നിൽക്കുന്നുണ്ടല്ലോ എന്ന ആധിയായിരുന്നു ആ അമ്മമനസ്സിൽ. "അവസാനത്തെ അത്താഴം" എന്ന പദം ക്രിസ്തുവിനോടൊപ്പം ഇങ്ങനെയുള്ള ജന്മങ്ങൾക്കുകൂടി വല്ലാതെ ഇണങ്ങുന്നുണ്ട്.

മുപ്പത്തിമൂന്നാമത്തെ വയസ്സിൽ മലമുകളിലേ കഴുമരത്തിലേക്കു കയറിപ്പോയ മുടിനീട്ടി വളർത്തിയ ആ ചെറുപ്പക്കാരനെ ഒന്നോർക്കാം. മരണത്തിന്റെ തലേനാളിലെ ആ കറുത്ത രാത്രിയിലാണ് അയാൾ സ്നേഹത്തിന്റെ തീപന്തം കൊളുത്തിയത്. പ്രിയപ്പെട്ട പന്ത്രണ്ടണ്ണത്തിനേം പിടിച്ചിരുത്തി അതിന്റെ നടുവിലിരുന്ന് അവസാനത്തെ അപ്പം മുറിച്ചു ചെംചോരയിൽ മുക്കിയ അപ്പം കഴിച്ചു ചുണ്ടുണങ്ങും മുൻപേ അതിലൊരുവൻ അതേ ചുണ്ടുകൊണ്ടുതന്നെ ഒടുക്കത്തെ ചുംബനം നടത്തുമെന്നും, "കർത്താവെ ഇങ്ങള് പുലിയാ"ണെന്നു പലയാവർത്തി പറഞ്ഞു പ്രോത്സാഹിപ്പിച്ച പീറ്റർ, എലിയെപോലെ ഓടുമെന്നും അയാൾക്കറിയാമായിരുന്നു. എന്നിട്ടും അയാൾ സ്നേഹിച്ചു. അവസാനം വരെ.

ഭൂമിയിലെ മനുഷ്യരായ നമ്മളെല്ലാവരും ആരെയൊക്കെയോ സ്നേഹിക്കുന്നുണ്ട്, ഉറപ്പാണ്! പക്ഷെ ആ സ്നേഹം അവസാനം വരെ നിണ്ടുനിൽക്കുന്നുണ്ടോ എന്നതാണ് ഒരു ചോദ്യം. പാതി വഴിക്കവസാനിപ്പിക്കുന്ന യാത്രപോലെ എത്രയോ സ്നേഹങ്ങൾ ഒരു ഘടികാരംപോലെ ഇടയ്ക്കു നിലച്ചുപോയി.

കുഞ്ഞുനാളിലെ ക്ലാസ്മുറികളിലെ ബെഞ്ചുകളിൽ നാം മറന്നുവച്ച എത്രയോ സൗഹൃദക്കുടകൾ... തെറ്റിദ്ധാരണകൾക്കിടയിൽ കോർത്ത് കീറിപ്പറഞ്ഞുപോയ പ്രണയങ്ങൾ... സ്വത്തിന്റെയും മണ്ണിന്റെയും പറമ്പിന്റെയുമൊക്കെ വിസ്തീർണ്ണക്കണക്കിൽ വികൃതമായിപ്പോയ കൂടെപ്പിറപ്പുകളുടെ സ്നേഹ സ്മരണകൾ... സംശയത്തിന്റെ നീർപ്പഞ്ഞിയിൽ കുതിർന്നു മരവിച്ചുപോയ ദാമ്പത്യബന്ധം... അനുസരണക്കേടിന്റെയും അപമാനത്തിന്റെയും ചൂടിൽ ദഹിച്ചുപോയ മക്കളുടെ സ്നേഹം... ഇങ്ങനെ നീണ്ടുപോകുന്നു നിലച്ചുപോയ സ്നേഹ കഥകൾ.

നിലച്ചിടത്തുനിന്നും ഒഴുകി തുടങ്ങണം. തള്ളിപ്പറഞ്ഞവന്റെ കയ്യിൽ തന്നെ സ്വർഗ്ഗത്തിന്റെ താക്കോൽ കൊടുത്ത് ക്രിസ്തു സ്നേഹിച്ചതുപോലെ.. വഞ്ചിച്ച ഭർത്താവിന്റെ നെഞ്ചിൽ തലവച്ച് "നിങ്ങളോടു ഞാനല്ലാതെ വേറെ ആര് പൊറുക്കാനാണ്" എന്നൊരു ഭാര്യ ചോദിച്ചതുപോലെ... കുടിയനാണേലും എന്റെ കുട്ട്യോളുടെ അച്ഛനെ വെറുക്കാനാവണില്ല കർത്താവേ... എന്ന് പൊട്ടികരയുന്ന ഒരു പെണ്ണിനെപോലെ നമുക്കും സ്നേഹിക്കാൻ തുടങ്ങാം. തൊലിക്കകത്തെ ഞരമ്പിൻ വള്ളികളിലൂടെ ഓടിക്കൊണ്ടിരിക്കുന്ന ആയുസ്സെന്ന ആത്മാവ് ഓട്ടം ആവസാനിപ്പിക്കുന്ന നിമിഷം വരെ നമുക്ക് സ്നേഹിക്കാം, അവസാനം വരെ!

നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചാൽ... ●

# വചനജ്വാല

2019 മാർച്ച് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



## ദൈവാശ്രയബോധത്തോടെ പരീക്ഷക്കൊരുങ്ങാം...

### 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

### 2. സ്വാഗതം: കുടുംബനാഥൻ/നാഥ

### 3. ആമുഖം

മാർച്ച് മാസം പരീക്ഷകളുടെ കാലമാണല്ലോ. ഒപ്പം ഇടവക, ഫൊറോന, അതിരൂപതാ തലത്തിൽ വാർഷിക പ്ലാനും ബഡ്ജറ്റും തയ്യാറാക്കുന്ന, അംഗീകാരം നൽകുന്ന കാലയളവ് കൂടിയാണിത്. അതിനാൽ തന്നെ ഈ മാസം നമ്മെ സംബന്ധിച്ചിടത്തോളം പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്നു.

കാലാവസ്ഥാപരമായി ചൂട് കൂടുന്ന ദിനങ്ങളായതിനാലും പരീക്ഷയുടെ ചൂടും കൂടിയാകുമ്പോൾ ഈ ദിനങ്ങളിൽ പലവ്യക്തികളിലും കുടുംബങ്ങളിലും അസ്വസ്ഥതയും പിരിമുറുക്കവും കൂടുക സ്വാഭാവികമാണ്. അദ്ധ്യായന വർഷത്തിലുടനീളം താല്പര്യപൂർവ്വം മക്കളെ അനുധാവനം ചെയ്യാതെ പരീക്ഷയുടെ നാളുകളിൽ അമിതമായി സമ്മർദ്ദം ചെലുത്തുമ്പോഴും കുട്ടികളുടെ അഭിരുചിയും നൈസർഗിക താല്പര്യവും കഴിവും ഉൾക്കൊള്ളാതെ കൂടുതൽ പ്രതീക്ഷിക്കുകയും, അടുത്തുള്ള കുട്ടികളുമായി താരതമ്യം ചെയ്യുമ്പോഴുമാണ് അസ്വസ്ഥതയും പിരിമുറുക്കവും കൂടുന്നത്. ഈ ശൈലി വിചിന്തന വിധേയമാകണം, തിരുത്തപ്പെടണം.

വാർഷിക പ്ലാനും പദ്ധതിയും തയ്യാറാക്കുമ്പോൾ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ട്, പ്രാദേശിക വിഷയങ്ങൾക്ക് പ്രാധാന്യം നൽകി, മുൻഗണനാ ക്രമത്തിലായിരിക്കണം തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും. ഇന്നത്തെ നമ്മുടെ കൂട്ടായ്മ യോഗത്തിൽ ഈ രണ്ട് കാര്യങ്ങളും ചർച്ചാവിധേയമാകാം; അതിനായ് പ്രാർത്ഥിക്കാം.

### 4. യേശുവിനെ ക്ഷണിക്കൽ

എല്ലാ വിജ്ഞാനത്തിന്റെയും അറിവിന്റെയും ഉറവിടവും സകല പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ലക്ഷ്യവും നിദാനവുമായ യേശുനാഥനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

**സങ്കീ 127, 128.**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

നാം ആമുഖത്തിൽ കണ്ട രണ്ട് വിഷയങ്ങളിലേക്കും വെളിച്ചം വീശു

കയും മാർഗ്ഗദർശനമേകുകയും ചെയ്യുന്ന തിരുവചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ച 127-ാമത്തെയും 128-ാമത്തെയും സങ്കീർത്തനങ്ങൾ. ഏതൊരു പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും, പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമ്പോഴും നമ്മുടെ മനോഭാവവും ലക്ഷ്യവും പ്രവർത്തനശൈലിയും എന്തായിരിക്കണമെന്ന് 127-ാമത്തെ സങ്കീർത്തനം നമ്മെ ഓർപ്പിക്കുന്നു. നമുക്കിന്നുള്ളതും നാം നേടുവാൻ ആഗ്രഹിക്കുന്നതും എല്ലാം ദൈവത്തിന്റെ ദാനം മാത്രമാണ്.

ഏതൊരു പ്രവൃത്തിക്ക് തുടക്കം കുറിക്കുമ്പോഴും പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും പ്രാർത്ഥനാപൂർവ്വം ഓർക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ട ഒരു ഭാഗമാണ് സങ്കീ 127:1-2 തിരുവചനങ്ങൾ. "കർത്താവ് വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം. അതിരാവിലെ എഴുന്നേൽക്കുന്നതും വളരെ വൈകി കിടക്കാൻ പോകുന്നതും കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുന്നതും വ്യർത്ഥമാണ്. തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്ക് വേണ്ടത് ചെയ്യുന്നു."

പലപ്പോഴും നമ്മുടെ പലപദ്ധതികളും നാം പ്രതീക്ഷിക്കുന്നതുപോലെ പൂർത്തിയാക്കുവാൻ കഴിയാതിരിക്കുന്നതിന്റെയും ഉദ്ദിഷ്ഠഫലം പുറപ്പെടുവിക്കാതെ പോകുന്നതിന്റെയും കാരണം ദൈവത്തെ മാറ്റി നിർത്തി ചെയ്യുന്നു, അല്ലെങ്കിൽ അത് ദൈവീകപദ്ധതിയുടെ ഭാഗമാകാതെ പോകുന്നു. നമ്മുടെ ഇടവകയുടെ, ബി.സി.സി. കൂട്ടായ്മകളുടെ, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങൾ ഫലദായകമാകണമെങ്കിൽ അതിൽ ദൈവസാന്നിദ്ധ്യമുണ്ടാകണം; അവ ദൈവീകപദ്ധതിയുടെ ഭാഗമാകണം. അപ്രകാരം സംഭവിക്കണമെങ്കിൽ സുവിശേഷമൂല്യങ്ങളുടെ ചൈതന്യം പേറുന്നതാകണം നമ്മുടെ പദ്ധതികൾ. പേരും പ്രശസ്തിക്കും വേണ്ടി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനേക്കാൾ, ദുർബലവിഭാഗങ്ങളുടെ, മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ടവരുടെ, വിളുമ്പുകളിൽ വസിക്കുന്നവരുടെ, നഷ്ടപ്പെട്ടവരുടെ, മുറിവേറ്റവരുടെ, ശബ്ദമില്ലാത്തവരുടെ പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും ഉത്തരം നൽകാൻ കഴിയുന്നവയായിരിക്കണം നമ്മുടെ പദ്ധതികളും പ്രവർത്തനങ്ങളും. ആർക്കുവേണ്ടിയാണോ കർമ്മപദ്ധതികൾ വിഭാവന ചെയ്യുന്നത്, അവരെ കേൾക്കുവാനും അവരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് ഉത്തരം നൽകുവാനും പദ്ധതി പ്രവർത്തനങ്ങളിലൂടെ നമുക്കു സാധിക്കണം.

പരീക്ഷചൂടിന്റെ പിരിമുറുക്കവും അസ്വസ്ഥതയും കുറയ്ക്കുവാൻ സഹായിക്കുന്ന ഉൾക്കാഴ്ചയും ഈ തിരുവചനങ്ങൾ നമുക്കേകുന്നുണ്ട്. "കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം സമ്മാനവും". മക്കൾ ദൈവത്തിന്റെ ദാനമാണെന്ന തിരിച്ചറിവോടെ അവരെ വളർത്തുവാനും അനുധാവനം ചെയ്യുവാനും അവരുടെ വളർച്ചക്കാവശ്യമായ തീരുമാനങ്ങൾ എടുക്കുവാനും സാധിക്കണം. മക്കളുടെ സ്വതസിദ്ധമായ കഴിവുകളും നൈസർഗ്ഗികവാസനയും താല്പര്യങ്ങളും കണക്കിലെടുത്തുകൊണ്ടു വേണം അവരുടെ പഠനകേന്ദ്രങ്ങളും പാഠ്യവിഷയങ്ങളും തെരഞ്ഞെടുക്കേണ്ടത്. ഒരു കാരണവശാലും അടുത്തുള്ള മക്കളോട് അവരെ തുലനം ചെയ്യുകയോ, പരസ്യമായി മുറിവേൽപിക്കുന്ന രീതിയിൽ മക്കളെ ശാസിക്കുകയോ ചെയ്യുന്നത് അഭികാമ്യമല്ല. മക്കൾക്ക് പ്രോത്സാഹനവും സ്നേഹവും അംഗീകാരവും നൽകിക്കൊണ്ടായിരിക്കണം തിരുത്തലുകൾ നൽകേണ്ടത്.

പരീക്ഷയിലും ഇതര പ്രവർത്തനങ്ങളിലും വിജയം ഉണ്ടാകണമെങ്കിൽ 128-ാമത്തെ സങ്കീർത്തനത്തിലെ വചനങ്ങൾ നമുക്ക് ഉൾവെളിച്ചമേകണം. "കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ; നീ സന്തുഷ്ടനായിരിക്കും നിനക്കു നന്മവരും.'' ദൈവഭയത്തോടും ദൈവാശ്രയബോധത്തോടും കൂടിയായിരിക്കട്ടെ മക്കളെ പരീക്ഷക്ക് ഒരുക്കുന്നതും അനുധാവനം ചെയ്യുന്നതും. മക്കളുടെ ഭാവി നിർണ്ണയിക്കപ്പെടുന്ന പരീക്ഷാ കാലങ്ങളിൽ അവരുടെ കൂടെ ആയിരിക്കുവാനും പഠിക്കുവാൻ അനുയോജ്യമായ അന്തരീക്ഷവും സൗകര്യവും ഒരുക്കിക്കൊടുക്കുവാനും മാതാപിതാക്കൾക്കും ഗുരുഭൂതർക്കും സാധിക്കട്ടെ. ഇതൊരു കൂട്ടുത്തരവാദിത്തമാണെന്ന് മനസിലാക്കി നമുക്കെല്ലാവർക്കും നമ്മളാൽ കഴിയുന്ന രീതിയിൽ ഈ യജ്ഞത്തിൽ പങ്കുചേരാം.

## 8. ചർച്ച

a. വാർഷിക പദ്ധതി ആവിഷ്ക്കരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ കുടുംബകൂട്ടായ്മയിൽ ഏറ്റവും കൂടുതൽ പ്രാധാന്യവും അടിയന്തിര ശ്രദ്ധയും നൽകി ചെയ്യേണ്ട രണ്ട് കാര്യങ്ങൾ നിർദ്ദേശിക്കുക. അത് എപ്പോൾ എങ്ങനെ ചെയ്യും എന്ന് വ്യക്തമാക്കുക?

b. ഇടവകതലത്തിൽ ഊന്നൽ നൽകി പ്രവർത്തിക്കേണ്ട രണ്ട് കാര്യങ്ങൾ യൂണിറ്റ് ലീഡർ/വാർഡ് ലീഡർ/ശുശ്രൂഷാ പ്രതിനിധി വഴി ഇടവക കൗൺസിലിനെ അറിയിക്കുക.

c. പഠനസൗകര്യമില്ലാത്ത, പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന എത്ര വിദ്യാർത്ഥികൾ നമ്മുടെ യൂണിറ്റിലുണ്ട്? അവരെ പരീക്ഷാ സമയത്തു സഹായിക്കുവാൻ യൂണിറ്റ്/ഇടവക തലത്തിൽ എന്തു ചെയ്യുവാനാകും?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

## 12. വിശ്വാസികളുടെ പ്രാർത്ഥന

ഈ പദ്ധതി വർഷം നമ്മൾ യൂണിറ്റ്, ഇടവകതലത്തിൽ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന പ്രവർത്തനങ്ങളെയും പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെയും അതിനായ് അവരെ ഒരുക്കുന്ന മാതാപിതാക്കളെയും അദ്ധ്യാപകരെയും സമർപ്പിച്ചുകൊണ്ട് അവരുടെ നിയോഗങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്

## 15. നന്ദി

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**




തിരുവനന്തപുരം അതിരൂപതയുടെ ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു എൽ.പി. സ്കൂളാണ് സെന്റ് വെറോണിക്കാസ്. 1911 ൽ ഈ സ്കൂൾ സ്ഥാപിതമായി.

ചിറയിൻകീഴ് ശാർക്കര ദേവീക്ഷേത്രത്തിന് തെക്കും പെരുമാതുറ മുതലപ്പൊഴിയുടെ വടക്കുപടിഞ്ഞാറും അഞ്ചുതെങ്ങിന്റെ കിഴക്കും ചിറയിൻകീഴ് പടിഞ്ഞാറുമായി കൊച്ചുകൊച്ച് തുരുത്തുകളിൽ മൂന്ന് തുരുത്തുകൾ ചേർന്ന താഴംപള്ളി സെന്റ് ജെയിംസ് ദേവാലയത്തിന്റെ സമീപത്തായി സ്ഥിതിചെയ്യുന്ന ഒരു പുരാതന വിദ്യാലയമാണ് സെന്റ് വെറോണിക്കാസ് എൽപിഎസ്.

ഇവിടെ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും മറ്റ് സമുദായങ്ങളുടെയും പഠന ഉന്നതി മുന്നിൽ കണ്ട് പള്ളികളിൽ ആരംഭിച്ച പള്ളിക്കൂടങ്ങളാണ് ഇന്ന് കാണുന്ന ഈ വിദ്യാലയം. അക്ഷരജ്ഞാനം മാത്രം ഉണ്ടായിരുന്ന കുറേ ആളുകൾ വേതനമില്ലാതെ സേവനമനോഭാവത്തോടുകൂടിയാണ് ഈ വിദ്യാലയം നടത്തിയിരുന്നത്. പാവപ്പെട്ട തൊഴിലാളി വർഗത്തിൽ നിന്നും മിടുക്കന്മാരെ വിദ്യയുടെ വഴികാണിക്കാൻ വേണ്ടി തലയുയർത്തി നിൽക്കുന്ന ഒരു സ്ഥാപനമാണ് ഇത്. മുൻകാലങ്ങളിൽ ഇതിന് നേതൃത്വം വഹിച്ചിരുന്നത് വിദേശീയരായ വൈദികരാണ്. അവരുടെ നിസ്വാർത്ഥമായ സേവനവും പ്രവർത്തനവും ഇവിടത്തെ പാവപ്പെട്ടവരുടെ വെളിച്ചമായിരുന്നു. അന്ന് വിദ്യാർത്ഥികളായി ചുരുക്കം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മിക്ക വിദ്യാർത്ഥികളും ഉച്ചഭക്ഷണത്തിനുവേണ്ടി മാത്രമാണ് വന്നിരുന്നത്.

2018-19 അധ്യയന വർഷത്തിൽ പ്രധാനാധ്യാപിക ഷീബ എസ്.പിയുടെ നേതൃത്വത്തിൽ പ്രീപ്രൈമറി വിഭാഗത്തിൽ 2 അധ്യാപകരും 1 മുതൽ 4 വരെ ക്ലാസുകളിലായി 4 അധ്യാപകരും 2 അനധ്യാപകരും ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിക്കുന്നു. പ്രീപ്രൈമറി, 1 മുതൽ 4 വരെ ക്ലാസുകളിലായി 45 വിദ്യാർത്ഥികൾ അധ്യയനം നടത്തിവരുന്നു. ഒരു വിദ്യാലയത്തിൽ നിന്നും ലഭിക്കേണ്ട ഗുണനിലവാരമുള്ള എല്ലാ നൈപുണികളും വിദ്യാർത്ഥികൾക്ക് ഇവിടെ ലഭ്യമാണ്.

സമൂഹനന്മയ്ക്കും വ്യക്തിവികാസത്തിനും ഉതകുന്ന എല്ലാ ദിനാചരണങ്ങളും സ്പെഷ്യൽ അസംബ്ലികളിലൂടെ ആഘോഷിക്കുകയും, എല്ലാകുട്ടികളും അതിൽ കഴിവിനൊത്ത് പങ്കാളികളാവുകയും ചെയ്യുന്നു. കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കലാ-കായിക-പ്രവൃത്തി പരിചയ പരിശീലനം നൽകുകയും, ഓരോ വിദ്യാർത്ഥിക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. വിവിധ തരത്തിലുള്ള കായികമത്സരങ്ങൾ നടത്തുകയും പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു.









## ഞങ്ങളുടെ പ്രത്യേകതകൾ

അധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ അധ്യാപകർക്ക് എല്ലാ വിഷയങ്ങളിലും ബിആർസി തല പരിശീലനങ്ങൾ ലഭ്യമാകുന്നു. കുട്ടികളുടെ പഠനത്തിനനുയോജ്യമായ പഠനസാമഗ്രികൾ, ഗണിതലാബ്, സയൻസ്‌ലാബ്, വായനശാല, ഇംഗ്ലീഷ് ക്ലബ്, എന്നിവ സജ്ജമാക്കിയിട്ടുണ്ട്. പ്രകൃതിയെയും, സസ്യങ്ങളെയും ജീവജാലങ്ങളെയും നിരീക്ഷിക്കുവാനും പഠനവിഷയമാക്കി മാറ്റുവാനും മനോഹരമായ ഒരു ജൈവവൈവിധ്യ ഉദ്യാനം വിദ്യാലയത്തിൽ സ്ഥാപിതമായിട്ടുണ്ട്.

## ഭരണ സംവിധാനം

തിരുവനന്തപുരം ആറ്റിങ്ങൽ ഉപജില്ലയിൽപ്പെട്ട ഈ വിദ്യാലയം ആർ. സി. സ്കൂൾസ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്ഥാപനമാണ്. ഇതിന്റെ രക്ഷാധികാരി തിരു. അതിരൂപതാ മെത്രാപ്പൊലീത്തയാണ്. ആർ.സി. സ്കൂൾസ് കോർപ്പറേറ്റ് മാനേജർ റവ. ഫാ. ഡോ. ഡൈസൺ യേശുദാസ് വിദ്യാലയങ്ങളുടെ ചുക്കാൻ പിടിക്കുന്നു.

## അഭിമാനിക്കാം

108 വർഷം പ്രായമുള്ള ഈ വിദ്യാലയം എത്ര തലമുറകൾക്കാണ് വിദ്യയുടെ വെളിച്ചം പകർന്നുനൽകിക്കൊണ്ടിരിക്കുന്നത്. ഈ വിദ്യാലയ മുത്തശിക്ക് ഇനിയും ധാരാളം തലമുറകൾക്ക് ജന്മം നൽകാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല.

ജെ.സി



# സവർണവിഭാഗങ്ങൾക്ക് സാമ്പത്തിക സംവരണം

മുന്നോക്ക സമുദായങ്ങളിലെ ദരിദ്രവിഭാഗങ്ങൾക്ക് സർക്കാർ ഉദ്യോഗങ്ങളിൽ പത്തുശതമാനം സംവരണം ഏർപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനം എടുക്കുവാനുള്ള പുറപ്പാടിലാണ്. ഈ നീക്കം ദളിത് പിന്നാക്ക വിഭാഗങ്ങളെ ദോഷകരമായി ബാധിക്കും. ഇന്ത്യൻ ഭരണഘടനയെ തന്നെ വെല്ലുവിളിക്കുന്ന നടപടിയുമാണിത്. പാർലമെന്റിന്റെ ശീതകാല സമ്മേളനം സമാപിക്കുന്നതിനു തൊട്ടുമുൻപ് ഇത്തരം തീരുമാനമെടുക്കാൻ സർക്കാരിനെ പെട്ടെന്ന് പ്രേരിപ്പിച്ചത് മറ്റൊന്നുമല്ല, പൊതു തിരഞ്ഞെടുപ്പ് അടുത്തിരിക്കെ തങ്ങളുടെ വോട്ടുബാങ്കായ മുന്നോക്കക്കാരെ പ്രീണിപ്പിക്കുവാനുള്ള ബിജെപി സർക്കാരിന്റെ അടവ്നയമായിട്ടാണ് ഈ പ്രഖ്യാപനത്തെ കാണേണ്ടത്. മധ്യപ്രദേശ്, ഛത്തിസ്ഗഡ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ നേരിട്ട പരാജയം നിരക്കാനാണ് കേന്ദ്രനീക്കം. ഭരണഘടനയുടെ 15, 16 വകുപ്പുകൾ ഭേദഗതി ചെയ്ത് സാമ്പത്തിക സംവരണം കൊണ്ടുവരികയാണ് ലക്ഷ്യം. സർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജോലി നൽകും.

ബിജെപി മാത്രമല്ല കോൺഗ്രസും, മാർക്സിസ്റ്റ് പാർട്ടിയും ഈ നീക്കത്തെ അനുകൂലിക്കുന്നുവെന്നത് ശ്രദ്ധേയമാണ്. കേരളത്തിലാകട്ടെ പുതുതായി ആരംഭിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ (കെഎഎസ്) സംവരണം അട്ടിമറിക്കാനായി ഇടതുപക്ഷ സർക്കാർ ശ്രമിക്കുന്നുവെന്നതും ദളിത് പിന്നാക്ക വിഭാഗങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ ഇടതുപക്ഷത്തിന്റെ താല്പര്യമില്ലായ്മയും വ്യക്തമാക്കുന്നു. സംവരണം എന്നത് അധികാര പങ്കാളിത്തമാണ്, ദാരിദ്ര്യ നിർമ്മാർജനമല്ല. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളാണ് ആവിഷ്കരിക്കേണ്ടത്. സംവരണം എന്നുപറയുമ്പോൾ പൂർണമായും അധികാരപങ്കാളിത്തമാണ്, രാഷ്ട്രീയ അധികാരത്തിലെ പങ്കാളിത്തമാണ്. അല്ലാതെ സാമ്പത്തിക പ്രശ്നങ്ങൾ പരിഗണിക്കേണ്ട മാർഗമായിട്ടല്ല സംവരണം വിഭാവനം ചെയ്തിരിക്കുന്നത്. അതിനെ അട്ടിമറിക്കുകയെന്നത് ഇവിടുത്തെ സവർണമേധാവിത്വത്തെ അരക്കിട്ടുറപ്പിക്കാനുള്ള നീക്കമാണ്. സംവരണം ഇല്ലാതാക്കുകയെന്നത് പൂർണമായി സംഘപരിവാറിന്റെ നയമാണ്. ഇതിനെയാണ് കമ്യൂണിസ്റ്റ് പാർട്ടികളും കോൺഗ്രസും പിൻതാങ്ങുന്നത്. കേരളത്തിൽ നായർ സമുദായത്തെ പ്രീണിപ്പിക്കുകയാണ് മറ്റൊരു ലക്ഷ്യം. ഇതും വോട്ട്ബാങ്ക് കണ്ടുകൊണ്ടാണ്.

ലോക്സഭയിൽ ഈ ഭേദഗതി പാസായാലും രാജ്യസഭയിൽ പ്രതിപക്ഷകക്ഷികളുടെ സഹായം ഇല്ലാതെ പാസാക്കാൻ ആകില്ല. ഭരണഘടന ഭേദഗതി ആയതിനാൽ പാർലമെന്റിന്റെ സംയുക്ത സമ്മേളനം വിളിച്ചുചേർത്ത് പാസാക്കാനുള്ള വകുപ്പുമില്ല. അങ്ങനെ വരുമ്പോൾ ഇത് തിരഞ്ഞെടുപ്പ് വിഷയം മാത്രമായി ചുരുങ്ങും. മാത്രമല്ല, സുപ്രീം കോടതിയിൽ ഇത് ചോദ്യം ചെയ്യപ്പെടുകയും ചെയ്യാം. മുന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പഠനം നടത്തിയതിന് ശേഷം മുന്നോക്കക്കാരായി കണക്കാക്കപ്പെടുന്ന ഏതെങ്കിലും വിഭാഗത്തിന് മണ്ഡൽ കമ്മീഷൻ നിർദ്ദേശിച്ച സൂചകങ്ങൾക്കുള്ളിൽ വരികയാണെങ്കിൽ അവരെ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുത്തി സമുദായിക സംവരണത്തിന്റെ പരിരക്ഷ നൽകാവുന്നതാണ്. ഭാരതത്തിൽ നടക്കുന്ന സവർണവിഭാഗത്തിന്റെ രാഷ്ട്രീയ ധ്രുവീകരണമാണിത്. ഇതിനെ പ്രതിരോധിക്കാൻ ദളിത് പിന്നോക്ക രാഷ്ട്രീയ കൂടിവരവ് അനിവാര്യമായിരിക്കുന്നു. ഈ വിഭാഗങ്ങളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിച്ചുനിർത്താൻ ബിജെപി ശ്രമിക്കുകയാണ്. ന്യൂനപക്ഷ അവകാശങ്ങളെക്കാൾ ലത്തീൻ കത്തോലിക്കാ വിഭാഗം ഊന്നൽ നൽകേണ്ടത് പിന്നാക്ക ദളിത് അവകാശങ്ങൾക്കാണ്. ■


കുടുംബപ്രേഷിത ശുശ്രൂഷ
ലത്തീൻ അതിരൂപത തിരുവനന്തപുരം
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നും നിങ്ങളുടെ മക്കൾക്ക്
ഇണങ്ങിയ ഇണകളെ കണ്ടെത്താൻ
LATIN MATRIMONIAL
ലാറ്റിൻ മാര്യേജ് ബ്യൂറോയിൽ ഇന്ന് തന്നെ രജിസ്റ്റർ ചെയ്യൂ...
ലോകത്തെവിടെയിരുന്നും രജിസ്റ്റർ ചെയ്യാം.
പ്രൊഫൈലിൽ 5 ഫോട്ടോകൾ ഉൾപ്പെടുത്താം...
പരിധിയില്ലാതെ പ്രൊഫൈലുകൾ സെർച്ച് ചെയ്യാം...
എസ്. എം. എസ് / ഇ മെയിൽ അലർട്ട്
ഓൺലൈൻ പേമെന്റ് സൗകര്യം
ദേശവ്യത്യാസമില്ലാതെ കോർത്തിണക്കിയ പ്രൊഫൈലുകൾ...
REGISTRATION FEE 1500/-
RENEWAL FEE 1000/-
VALIDITY 6 MONTHS
ലത്തീൻ കുടുംബങ്ങളിൽ നിന്നുള്ള വിവാഹ
പ്രൊഫൈലുകൾ സന്ദർശിക്കാനും,
മനസ്സിനിണങ്ങിയ ജീവിതപങ്കാളിയെ
കണ്ടെത്താനും...
www.latinmatrimonial.com
വിശദ വിവരങ്ങൾക്ക്
കുടുംബപ്രേഷിത ശുശ്രൂഷ
സമന്വയ, വെള്ളയമ്പലം
ഫോൺ: +91471 272 4001, +91 93872 96213
ഇ മെയിൽ : matrimonialrc@gmail.com

Pub. Date : 01.02.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto